സർ, വേൾഡ് ബാങ്ക് തുടങ്ങിയ ഇന്റർനാഷണൽ സ്ഥാപനങ്ങൾ നമ്മളെ സഹായിക്കാൻ മുന്നോട്ടു വന്നിരിക്കുന്നു. ഒരു ബോർഡ് ഉണ്ടാകണമെന്നതിനെ സംബന്ധിച്ച് അവരും ആവശ്യപ്പെട്ടു. ഇതിന്റെ ഇൻവെസ്റ്റിഗേഷൻ, പ്ലാനിങ്, അഡ്മിനിസ്ട്രേഷൻ, എക്സിക്യൂഷൻ, അതുപോലെത്തന്നെ ഇതിന്റെ റവന്യൂ, ഫൈനാൻഷ്യൽ പൊസിഷൻ എല്ലാംതന്നെ കണക്കിലെടുത്തുകൊണ്ടു ഒരു ഭരണ സംവിധാനം ഉണ്ടാകണം, അതു ണ്ടാക്കുന്നത് നന്നായിരിക്കും എന്ന് അവർ അഭിപ്രായപ്പെട്ടു. അതുകൊണ്ട് നമ്മൾ അവരെയും അറിയിച്ചുകൊണ്ട് ഒരു ബോർഡുണ്ടാക്കുന്നു. മാത്രമല്ല ഓർഡിനൻസ് ആയപ്പോൾ ഓർഡിനൻസല്ല ആക്ട് തന്നെ വേണമെന്നുവരെ വേൾഡ് ബാങ്ക് നിർബ്ബന്ധിക്കുകയുണ്ടായി. അവരുടെ സ്ഥാപനങ്ങൾ ഇത് ആവശ്യപ്പെടുകയും അവർക്ക് ഫൈനാൻസ് ചെയ്യാൻ ഒരു അഷ്വറൻസ് എന്നുള്ള നിലയിൽ ഒരു ബോർഡുണ്ടായേ തീരൂ എന്ന് നിർബന്ധിക്കുകയും ചെയ്തു. അങ്ങനെയാണ് ഈ ബോർഡുണ്ടാക്കാൻ, അതോറിറ്റിയുണ്ടാക്കാൻ തീരുമാനമെടുത്തത്. മാത്രമല്ല പഴയ കാലത്തെ പി. എച്ച്. ഇ. ഡി. യിലെ ഉദ്യോഗസ്ഥന്മാർ അവരുടെ വ്യത്യസ്ത യൂണിയനുകൾ എല്ലാവരുംതന്നെ ഒരു ബോർഡുണ്ടാക്കുന്നത് സ്വാഗതാർഹമാണെന്ന് അറിയിക്കുകയും ചെയ്തു. ആർക്കും ആക്ഷേപം ഉണ്ടായിരുന്നില്ല. പഴയകാല ഗവൺമെന്റുകൾക്കും ആക്ഷേപം ഉണ്ടായിരുന്നില്ല. അങ്ങനെ തുടങ്ങിവച്ചതായിരുന്നു. അതു പൂർത്തീകരിക്കാൻ സാധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ Ordinance No. 14 of 1984. അത് റീപ്ലെയ്സ് ചെയ്യുന്നതിന്, നിലവിലുള്ളത് ബലമായി നിൽക്കുന്നതിനും വേണ്ടി വേറേയും ഓർഡിനൻസ് പുറപ്പെടുവിക്കുകയുണ്ടായി. അങ്ങനെ ഓർഡിനൻസ് റീപ്ലെയ്സ് ചെയ്യുന്നതിനുവേണ്ടിയുള്ള ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നത്. അതിന്റെ പ്രധാനമായ ഉദ്ദേശലക്ഷ്യങ്ങളെല്ലാം ഞാൻ വിവരിച്ചു കഴിഞ്ഞു.

2. ഭരണഘടനയുടെ 213-ാം അനുച്ഛേദം (2)-ാം ഖണ്ഡം (ക) ഉപഖണ്ഡമനുസരിച്ചുള്ള പ്രമേയം

മി. സ്പീക്കർ: ശ്രീ. ആർ. എസ്. ഉണ്ണി, അങ്ങ് നോട്ടീസ് നൽകിയിട്ടുള്ള ഭരണഘടനയുടെ 213-ാം അനുച്ഛേദം 2-ാം ഖണ്ഡം (ക) ഉപഖണ്ഡമനുസരിച്ചുള്ള 1985-ലെ 66-ാം ഓർഡിനൻസായ 1985-ലെ കേരള ജലവും മലിനജലവും ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

Shri. R. S. Unni: Sir, I move that "This House resolves to disapprove the Kerala Water and Waste Water Ordinance, 1985 (Ordinance No. 66 of 1985)".

സർ, 1984 ഏപ്രിൽ ഒന്നാം തീയതിയാണ് ഈ ബോർഡ് സ്ഥാപിതമാകുന്നത്. ഏപ്രിൽ ഒന്നാം തീയതി സാർവ്വദേശീയ ഫൂൾസ് ഡേയാണ്. ആ ദിവസം തന്നെയാണ് ഒരു ഓർഡിനൻസ്മൂലം ഈ ബോർഡ് സ്ഥാപിക്കാൻ ഈ ഗവൺമെന്റ് തയ്യാറായി.

LIBRARY ARCHIVES Kerala Legislative Assembly

വളരെ ധൃതിപിടിച്ചും അവധാനതയില്ലാതെയും വളരെ വൃത്തികെട്ടതും ugly hasty എന്നു വിശേഷിപ്പിക്കാവുന്നതുമായ നടപടികൾ സ്വീകരിച്ചിട്ടാണ് ഈ ബോർഡ് സ്ഥാപിച്ചിട്ടുള്ളത് എന്നാണ് എനിക്ക് ആദ്യമായി ചൂണ്ടിക്കാണിക്കാനുള്ളത്. ഇത് രൂപീകരിക്കാൻ സ്വീകരിച്ച നടപടികളും, അതിന്റെ രൂപീകരണവും സംവിധാനവും, അതിന്റെ പ്രവർത്തനവുമൊക്കെ പരിശോധിച്ചാൽ ഇത് മനസ്സിലാകുന്നതാണ്. ഇതിന്റെ ആവശ്യകതയെ സംബന്ധിച്ചും, അതിനുള്ള ന്യായീകരണവുമൊക്കെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞു. ബില്ലിന്റെ ഉദ്ദേശ ലക്ഷ്യങ്ങളേയും വിശദീകരിച്ചു.

അതിലൊന്ന് എൽ. ഐ. സി. പോലുള്ള ധനകാര്യ സ്ഥാപനങ്ങൾ ഇങ്ങനെയുള്ള ഒരു ബോർഡ് രൂപീകരിക്കണമെന്ന് നിർബന്ധിച്ചുയെന്ന് അല്ലെങ്കിൽ വായ്പാ സഹായമൊന്നും പദ്ധതികൾക്ക് നൽകുകയില്ലാ എന്ന് പറഞ്ഞു. രണ്ടാമത്തെ കാര്യം ലോകസഭയുടെ 38-ാമത്തെ എസ്റ്റിമേറ്റ് കമ്മിറ്റി ഇങ്ങനെ ഒരു ശുപാർശ നടത്തിയിരുന്നുവെന്നാണ്.

<u>ശ്രീ. എ. സി. ഷൺമുഖദാസ്:</u> ലാപ്സായ ഈ ഓർഡിനൻസ് 14/84 ആണ്. അത് റീപ്ലെയ്സ് ചെയ്യുന്നതിനുവേണ്ടി വേറെയൊരു ഓർഡിനൻസ് ഇറക്കിയിട്ടുണ്ട്. മറ്റേ ബില്ലിൽ ഉണ്ടായിരുന്ന അതേ പ്രശ്നം ഇവിടെയും കിടക്കുകയാണ്.

<u>ശ്രീ. ആർ. എസ്. ഉണ്ണി:</u> നമ്മുടെ എസ്റ്റിമേറ്റ് കമ്മിറ്റി ഇങ്ങനെ ഒരു ബോർഡ്, സ്വയംഭരണ സ്ഥാപനം രൂപീകരിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു എന്നും ഇതിനു പുറമേ പി. എച്ച്. ഇ. ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന തൊഴിലാളി സംഘടനകൾ ഇത് ആവശ്യപ്പെട്ടിരുന്നു എന്നും അദ്ദേഹം പ്രസ്താവിച്ചു.

ഇന്റർനാഷണൽ വാട്ടർ ആന്റ് സീവറേജ് ഡീക്കേഡ് 1980 മുതൽ 1990 വരെയാണെന്നും, ഇരുപതിനപരിപാടി പ്രാവർത്തികമാക്കണമെന്നും അതിനൊക്കെവേണ്ടി കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു ബോർഡ് രൂപീകരിക്കേണ്ടത് ആവശ്യമാണ് എന്നും പറഞ്ഞിരുന്നു. അതുതന്നെയല്ല, മുൻകാല ഗവൺമെന്റുകൾ, 1970-ൽ അധികാരത്തിൽവന്ന ശ്രീ. അച്യുതമേനോന്റെ മന്ത്രിസഭ പലതവണ ഇത്തരത്തിലൊരു ബോർഡ് രൂപീകരിക്കാൻ തീരുമാനിച്ചിരുന്നു. ബോർഡ് രൂപീകരിച്ചില്ല. അതിനുശേഷം എ. കെ. ആന്റണിയുടേയും പി. കെ. വി. യുടേയും മന്ത്രിസഭകൾ ഇതിനെപ്പറ്റി ആലോചിച്ചിരുന്നു. എന്നിട്ടും തീരുമാനിക്കാൻ കഴിഞ്ഞില്ല എന്നും ഈ മന്ത്രിസഭയാണ് ബോർഡ് സ്ഥാപിച്ചതെന്നും അദ്ദേഹം ഊറ്റം കൊള്ളുന്നു. ശുദ്ധജലവിതരണത്തിനും അതുപോലെത്തന്നെ ഡ്രെയിനേജ് പദ്ധതികൾ നടപ്പിലാക്കുന്നതിനും, പാഴ്ജലം ഒഴുക്കിക്കളയുന്നതിനുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് പ്രാവർത്തികമാക്കാൻ കഴിവുള്ള ഇങ്ങനെയൊരു സ്ഥാപനം നമ്മുടെ സംസ്ഥാനത്ത് ഉണ്ടാകുന്നതിന് ആരും എതിരല്ല. ഉണ്ടാകണം എന്നുതന്നെയാണ് എന്റെയും അഭിപ്രായം. എന്നാൽ ഇവിടെ രൂപീകരിച്ചിരിക്കുന്ന ഈ സ്ഥാപനം കേരളാ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി-മൂന്ന് ഡബ്ല്യൂ അക്ഷരങ്ങളുടെ ചുരുക്കപ്പേരുള്ള ഈ സ്ഥാപനം, അതും ഈ അന്തർദേശീയ മഠയന്മാരുടെ ദിവസംതന്നെ സ്ഥാപിച്ച ഈ സ്ഥാപനത്തിന്റെ പ്രവർത്തനശൈലി പരിശോധിച്ചാൽ ഈ രാജ്യത്തിന്റെ ആവശ്യം നിർവ്വഹിക്കാൻ പറ്റുന്ന ഒരു സ്ഥാപനമാണെന്ന് തോന്നുന്നില്ല. ഇത് അപകടകരമാണ്, ജനങ്ങൾക്ക് ദോഷം ചെയ്യുന്നതാണ്. ഇതേപ്പറ്റി വിശദമായി പഠിക്കുകയും മനസ്സിലാക്കു

LIBRARY ARCHIVES Kerala Legislative Assembly

കയും പരിശോധിക്കുകയും ചെയ്തതിനുശേഷം, അവധാനതയോടുകൂടി ഇതിനുപറ്റിയ ഒരു ബിൽ ഈ സഭയിൽ കൊണ്ടുവന്ന് ചർച്ചചെയ്ത് പാസ്സാക്കിയശേഷം ഇങ്ങനെ ഒരു സ്ഥാപനം സ്ഥാപിക്കണമായിരുന്നു എന്നാണ് എന്റെ അഭിപ്രായം. നമ്മുടെ പഞ്ചവത്സര പദ്ധതികളിൽ ശുദ്ധജല വിതരണത്തിന് അംഗീകരിച്ചിരുന്ന ഒരു നയമുണ്ട്. ഒന്ന്, രണ്ട്, മൂന്ന്, നാല്, അഞ്ച് എന്നീ പദ്ധതികളിൽ അംഗീകരിച്ചിരുന്ന ഒരു നയമുണ്ട്. ഗ്രാമീണ ജനങ്ങൾക്കും നഗരവാസികൾക്കും ശുദ്ധജലം എത്തിക്കുക എന്ന അവശ്യം ചെയ്യേണ്ട കാര്യമാണ്. അതിനെക്കുറിച്ചൊക്കെ നമ്മുടെ പ്ലാനിങ് വിദഗ്ദ്ധർക്കും കേന്ദ്ര ഗവൺമെന്റിനുമൊക്കെ ബോദ്ധ്യപ്പെട്ടിരുന്നു. എങ്കിലും മറ്റു രംഗങ്ങളിൽ പ്രയോറിട്ടികൾ നിശ്ചയിച്ച് പോയതു കൊണ്ട്-കാർഷിക രംഗങ്ങളിലും, വ്യാവസായിക രംഗങ്ങളിലും, ആരോഗ്യ-കുടുംബാസൂത്രണ രംഗങ്ങളിലും -ശുദ്ധജല പദ്ധതികൾക്ക് ആവശ്യമുള്ളത്ര പണം പദ്ധതി വിഹിതമായി നീക്കിവയ്ക്കാൻ കഴിഞ്ഞിരുന്നില്ല. ഒന്നാം പദ്ധതിക്കാലത്ത് വെറും നാൽപ്പത്തഞ്ചോ അൻപതോ കോടി രൂപയാണ് ഇൻഡ്യാ രാജ്യത്ത് ആകെ നീക്കി വച്ചിരുന്നത്. എന്നാൽ ആറാം പദ്ധതി വന്നതോടുകൂടി അതിന്റെ സ്ഥിതിയിൽ മാറ്റം വരുകയും കൂടുതൽ മുതൽമുടക്ക് ഈ രംഗത്ത് ഉണ്ടാവുകയും ചെയ്തു.

ഇന്നത്തെ ഉപമുഖ്യമന്ത്രി 1970 മുതൽ 1977 വരെ ഈ വകുപ്പിന്റെ ചുമതല വഹിച്ചിരുന്നു. ആ കാലഘട്ടത്തിൽ നമ്മുടെ സംസ്ഥാനത്ത് പ്ലാൻ സ്കീമിൽ ശുദ്ധജല വിതരണത്തിനുവേണ്ടി അനുവദിച്ച തുക കുറവായിരുന്നെങ്കിലും ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വഴി കുറേ പണം വാങ്ങാൻ നമുക്ക് കഴിഞ്ഞിരുന്നു. തൃപ്തികരമായ നിലയിലായിരുന്നുവെന്ന് ഞാൻ പറയുന്നില്ല. എങ്കിലും സാമാന്യം ഭേദപ്പെട്ട നിലയിൽ നമുക്ക് പ്രവർത്തിക്കാൻ സാധിച്ചുവെന്നത് നിഷേധിക്കാൻ സാധിക്കാത്ത ഒരു വസ്തുതയാണ്. അന്നാണ് നമ്മുടെ റൂറൽ ഡെവലപ്പുമെന്റ് ബോർഡ് രൂപീകരിച്ചത്. ഈ ബോർഡ് ചെയ്ത ഏറ്റവും പ്രധാനപ്പെട്ട കാര്യം ഗ്രാമീണശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയെന്നുള്ളതാണ്. ആ ബോർഡാണ് എൽ. ഐ. സി. പോലുള്ള ധനകാര്യ സ്ഥാപനത്തിൽ നിന്നുമായി സാമ്പത്തിക സഹായം തേടി, വായ്പ സഹായത്തോടുകൂടി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കീട്ടുള്ളത്. എന്നാൽ അന്നും പ്ലാൻ സ്കീമിൽപ്പെടുത്തി വേണ്ടത്ര സഹായം കിട്ടാൻ സാധിച്ചില്ല. പ്രോബ്ലം വില്ലേജുകളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള പ്ലാൻ സ്ട്രാറ്റെജി കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചത് പ്രധാനമായും 6-ാം പദ്ധതിയിലാണ്. അതോടുകൂടി മാറ്റം വന്നു. ഞങ്ങൾ കൂടുതലൊന്നും അവകാശവാദം ഉന്നയിക്കുന്നില്ല. നായനാർ മന്ത്രിസഭയുടെ കാലത്തുണ്ടായ ഒരു പ്രത്യേകത ഇന്റർനാഷണൽ വാട്ടർ ആന്റ് സീവറേജ് ഡീക്കെഡ് ആണ്. 1980 മുതൽ 1990 വരെയുള്ള പത്തു വർഷക്കാലമാണ്. അതനുസരിച്ചാണ് പദ്ധതികൾക്ക് തുടക്കമിട്ടത്. വളരെ പെട്ടെന്ന് പല സ്കീമുകൾ ആസൂത്രണം ചെയ്യാനും അതിന്റെ ഇൻവെസ്റ്റിഗേഷനും സാങ്കേതിക ജോലികളും പൂർത്തീകരിക്കാനും പല വിദേശ ഏജൻസികളുമായി പ്രിലിമിനറി ഡിസ്കഷൻ വരെയുള്ളത് നടത്താനും (നെതർലാൻഡ്, ഡെൻമാർക്ക് തുടങ്ങിയുള്ളവയുമായി) സഹകരിച്ച് ഒട്ടേറെ നടപടികൾ സ്വീകരിച്ചു. ഇവിടെ എന്റെ സുഹൃത്ത് ശ്രീ. എം. പി. ഗംഗാധരൻ തറക്കല്ലിടുന്ന പല പദ്ധതികളും ഉണ്ട്. ഇൻവെസ്റ്റിഗേഷനും, പ്രിലിമിനറി എസ്റ്റിമേറ്റും തയ്യാറാക്കി, പ്രിലിമിനറി നെഗോസ്യേഷനും നേരത്തെ നടത്തിയവയാണ് അവയെല്ലാം.

LIBRARY ARCHIVES Kerala Legislative Assembly

വൈക്കം, അഞ്ചുതെങ്ങ് തുടങ്ങിയ മേഖലകളിൽ നടപ്പിലാക്കാൻ തീരുമാനിച്ച സ്കീമുകളും കുണ്ടറ തുടങ്ങിയുള്ള ബൃഹത്ത് സ്കീമുകളുമെല്ലാം ഞാനിവിടെ വിശദീകരിക്കുന്നില്ല. അതിന്റെ ഈ പദ്ധതികളുടെയെല്ലാം പ്രാരംഭ ജോലികൾ പൂർത്തീകരിക്കുകയും അവ പ്രാവർത്തികമാക്കാനുള്ള നടപടികളും ഒക്കെ കഴിഞ്ഞാണ് അവയുടെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ഇത് 1980-'81 കാലത്താണ്. അതുപോലെ പല അർബൻ വാട്ടർ സപ്ലൈ സ്കീമുകളുണ്ട്. ബഹുമാനപ്പെട്ട പി. ഭാസ്കരൻ ഇവിടെ കണ്ണൂരിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് പറഞ്ഞു. ഇന്നും നഗരങ്ങളിലെ ശുദ്ധജലവിതരണ പദ്ധതികൾ എല്ലാം പ്രശ്നങ്ങളുള്ള പദ്ധതികളാണ്. അതിൽ ഒരു പ്രശ്നവും ഇന്നോളം പരിഹരിച്ചിട്ടുമില്ല. പരിഹരിക്കാനുള്ള ശ്രമങ്ങൾ നടക്കുന്നു. ആ ശ്രമം എന്ന് ആരംഭിച്ചു? വേൾഡ് ബാങ്കിന് എത്രയോ സ്കീമുകൾ സമർപ്പിച്ചു. അതിന്റെ നെഗോസ്യേഷൻസ് എന്ന് ആരംഭിച്ചു? ഇന്റർ നാഷണൽ വാട്ടർ ഡീക്കേഡ് എന്നുള്ള സാഹചര്യവും കൂടി കണക്കിലെടുത്ത് തീർച്ചയായും ആറാം പഞ്ചവത്സര പദ്ധതിയുടെ മാറിയ ഒരു നയവും സമീപനവുമെല്ലാം അടിസ്ഥാനമാക്കിയാണ്. ഇത്തരത്തിലൊരു ബൃഹത്തായ പദ്ധതി, കോംപ്രിഹെൻസീവ് സ്കീം-ഗ്രാമങ്ങളിലും പട്ടണങ്ങളിലും ആവിഷ്കരിച്ച് അവ നടപ്പിലാക്കാനുള്ള നടപടികൾ 1980-81 കാലത്ത് സ്വീകരിച്ചത്. അതിന്റെ തുടർച്ച അതിനുശേഷം നടക്കുന്നു. ഏഴാം പദ്ധതി വന്നപ്പോൾ കുറെക്കൂടി സ്ഥിതി മാറി. ഇന്റർനാഷണൽ വാട്ടർ ആന്റ് സീവറേജ് ഡീക്കേഡിന്റെ പ്രവർത്തനങ്ങൾ,-ലോകധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് പണം തരുന്നതിനെ സംബന്ധിച്ചുള്ള അവരുടെ ഒരു ചിന്താഗതിക്ക് കുറേക്കൂടി മാറ്റം വന്നു.

അതുപോലെ നമ്മുടെ പ്ലാൻ സ്കീമുകൾ തയ്യാറാക്കുന്ന ആളുകളെ സംബന്ധിച്ച്, പ്ലാനിങ് ബോർഡിനെ സംബന്ധിച്ച്, കേന്ദ്ര ഗവൺമെന്റിനെ സംബന്ധിച്ച് ഒക്കെ സമീപനത്തിൽ ഒക്കെ ഒരു വ്യക്തത വന്നു. അതിന്റെ ഫലമായിട്ട് കുറേക്കൂടി വേഗതയിൽ മുന്നോട്ട് പോകാൻ സാധിക്കുന്നു. ഒരു കാര്യം പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ലോകധന സഹായ സ്ഥാപനം വിശേഷിച്ചും വേൾഡ് ബാങ്ക് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികൾക്ക് ധനസഹായം ചെയ്യില്ലായെന്നും അർബൻ വാട്ടർ സപ്ലൈ സ്കീമുകൾക്ക് ധനസഹായം ചെയ്യുമെന്നും ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും കേന്ദ്രത്തിന്റെ സഹായം ലഭിക്കുമെന്നും മന്ത്രി ഇവിടെ ബില്ല് അവതരിപ്പിച്ചുകൊണ്ട് ആമുഖമായി പ്രസ്താവിച്ചു. കേന്ദ്രത്തിൽനിന്നു നൽകുന്ന മുഴവൻ തുകയും ഗ്രാന്റായി പ്രോബ്ലം വില്ലേജുകൾക്ക് ശുദ്ധജലം എത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കാൻ തീർച്ചയായും നൽകുമെന്നും സെർവീസ് ചാർജും അതിന്റെ മെയിന്റനൻസ് എക്സ്പെൻഡിച്ചറും അവർ വഹിക്കുമെന്നുമാണ് ഞാൻ മനസ്സിലാക്കുന്നത്. ഏറ്റവും കുറഞ്ഞത് 75 ശതമാനമെങ്കിലും വഹിക്കുമെന്നുള്ളതിൽ സംശയമില്ല. എന്നാൽ അർബൻ സ്കീമുകളുടെ നടത്തിപ്പിൽ ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എങ്ങിനെ തരണം ചെയ്യാമെന്നുള്ളത് ഒരു പ്രശ്നമാണ്. വാട്ടർ ആൻഡ് വെയിസ്റ്റ് വാട്ടർ അതോറിറ്റി ഭാവിയിൽ നേരിടേണ്ടിവരുന്ന പ്രശ്നം എന്ന നിലയിൽ സന്ദർഭവശാൽ ചൂണ്ടിക്കാണിച്ചു എന്നേ ഉള്ളൂ. ഭരണപരമായ കാര്യശേഷിയും മിടുക്കുമുള്ള ഒരു സമീപനത്തിനേ ഈ വക പ്രശ്നങ്ങൾ

LIBRARY ARCHIVES, Kerala Legislative Assembly

നേരിടാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയുടെ മേൽനോട്ടം വഹിക്കാൻ, പദ്ധതികൾ ആസൂത്രണം ചെയ്യാനും അതിന്റെ കൂടിയാലോചനകളും മറ്റു കാര്യങ്ങളും ഒക്കെ നടത്തി അവ നടപ്പിലാക്കാൻ ഒരു സ്ഥാപനവും അർബൻ പദ്ധതികൾ വിശേഷിച്ചും കോർപ്പറേഷൻ, മുനിസിപ്പാലിറ്റി ഇതിനൊക്കെ വേണ്ടി ചുമതലപ്പെട്ട മറ്റൊരു സ്ഥാപനവും, ഇതായിരിക്കാം നല്ല ഒരു സംവിധാനമെന്നാണ് എനിക്ക് പറയാനുള്ളത്. ഇങ്ങനെയുള്ള ഗ്രാമീണശുദ്ധജല പദ്ധതികളും അർബൻ ശുദ്ധജല പദ്ധതികളും ഡ്രെയിനേജ് സ്കീമുകളും എല്ലാം നടപ്പാക്കാനും കൂടി അടക്കിപ്പിടിച്ച് മേൽനോട്ടം വഹിക്കാനും ഒരു അതോറിറ്റി ഉണ്ടാക്കിയാൽ അത് വളരെ 'അൺവീൽഡി' ആകും, എക്സപെർടൈസ് ഇല്ല, അതിന് ആവശ്യമായിട്ടുള്ള സംവിധാനങ്ങളില്ല. ആവശ്യമായിട്ടുള്ള എക്സ്പീരിയൻസില്ല.

ശ്രീ. എം. പി. ഗംഗാധരൻ : രണ്ട് ബോർഡുണ്ടാക്കണമെന്നാണോ അങ്ങ് പറയുന്നത്?

ശ്രീ. ആർ. എസ്. ഉണ്ണി : രണ്ട് സംവിധാനങ്ങളെങ്കിലും ആവശ്യമുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ഇൻഡ്യയിലെ പല സംസ്ഥാനങ്ങളിലും ഈ പറയുന്ന പോലുള്ള സംവിധാനങ്ങൾ ഇല്ല. യു. പി. യിൽ സംസ്ഥാനത്താകെ അധികാരമുള്ള ഒരു സംവിധാനവും തെരഞ്ഞെടുത്ത പ്രത്യേക മേഖലകൾക്കായി മറ്റൊരു സംവിധാനവും ഉണ്ട്. അത് നേരത്തെ പറഞ്ഞതുപോലെ ലോക്സഭാ എസ്റ്റിമേറ്റ് കമ്മിറ്റിയുടെ ശുപാർശയോ അഭിപ്രായങ്ങളോ ഒക്കെ മാനിച്ച് ആയിരിക്കാം അവ രൂപീകരിച്ചത്. അതുപോലെ ധനകാര്യസ്ഥാപനങ്ങളുടെ അഭിപ്രായങ്ങളും മാനിച്ചായിരിക്കാം. എന്നാൽ ഇന്നോളമുള്ള പ്രവർത്തനവും അവരുടെ അനുഭവവുംവെച്ച് അവ എങ്ങിനെ പുനഃസംവിധാനം ചെയ്യണമെന്നുള്ളത് വളരെ ഗൗരവമായി അവിടെ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. അവിടെ പദ്ധതികൾ നേരെ ആവിഷ്കരിക്കപ്പെടുന്നില്ല. നടപ്പിലാക്കിയതിലൊക്കെ പ്രശ്നങ്ങളുണ്ട്. അതുപോലെ ലക്നൗ തുടങ്ങിയ പട്ടണപ്രദേശങ്ങളിൽ ഈ അതോറിട്ടിയുമായി, അതിലെ ഉദ്യോഗസ്ഥന്മാരുമായി ജനങ്ങൾ നിത്യസമരങ്ങളിൽ ആണ്. ഇലക്ട്രിസിറ്റി ബോർഡുകൾ ജനങ്ങൾക്ക് വൈദ്യുതി എത്തിച്ചു കൊടുക്കുന്ന കാര്യത്തിലുള്ള പ്രശ്നങ്ങളേക്കാൾ എത്രയോ കൂടുതലാണ് വെള്ളം കൊടുക്കുന്ന കാര്യത്തിൽ ഈ അതോറിറ്റികളുടെ പ്രവർത്തനങ്ങൾ മൂലം ജനങ്ങൾ അനുഭവിക്കുന്നത് വിശേഷിച്ചും പട്ടണപ്രദേശങ്ങളിൽ. ഗ്രാമപ്രദേശങ്ങളിൽ ഇന്നും പദ്ധതികളൊന്നും കാര്യമായി ആവിഷ്കരിക്കുന്നില്ല. വളരെ യാന്ത്രികമായ പ്രവർത്തനമാണ് സംസ്ഥാനാടിസ്ഥാനത്തിൽ യു. പി. ബോർഡിൽനിന്ന് അവിടത്തെ ജനങ്ങൾക്ക് നേരിടേണ്ടി വരുന്നത്. പ്രാദേശിക സ്ഥാപനങ്ങളുടേയും സ്ഥിതി മറിച്ചല്ല. അയൽ സംസ്ഥാനമായ കർണ്ണാടക സാമാന്യം ഭേദപ്പെട്ട രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംസ്ഥാനമാണ്. കർണ്ണാടകത്തിൽ കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ശുദ്ധജല വിതരണം ഒരു പ്രധാന വിഷയമായിരുന്നു. നേട്ടങ്ങളെല്ലാം മുൻ കോൺഗ്രസ് ഗവൺമെന്റിന്റേയും കേന്ദ്ര ഗവൺമെന്റിന്റേയും പ്രവർത്തന ഫലമായിട്ടാണ് ഉണ്ടായതെന്നായിരുന്നു പ്രചരണം.

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതി വിഹിതമായി സംസ്ഥാനത്തിന് കേന്ദ്ര സഹായം ലഭിച്ചില്ലെന്ന് ആരും പറഞ്ഞില്ല. കേന്ദ്ര സഹായം കിട്ടിയെന്നാണ് രാമകൃഷ്ണ ഹെഗ്ഡേ പറഞ്ഞത്. എന്നാൽ ശുദ്ധജല വിതരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ ജനതാ ഗവൺമെന്റ് കാണിച്ച ശുഷ്കാന്തിയും താൽപ്പര്യവും കാര്യക്ഷമതയുമാണ് ജനങ്ങൾ അംഗീകരിച്ചത്. അവിടേയും പ്രശ്നങ്ങളുണ്ട്. കർണ്ണാടകയിൽ വ്യാപകമായി പ്രവർത്തിക്കുന്ന സംവിധാനത്തിനും ബാംഗ്ലൂർ പട്ടണത്തിനും വേണ്ടി പ്രവർത്തിക്കുന്ന സംവിധാനത്തിനും കാര്യക്ഷമമായി പ്രവർത്തിക്കാൻ കഴിയുന്നില്ല.

ശ്രീ. മണിമംഗലത്ത് കുട്ട്യാലി: ബഹുമാനപ്പെട്ട ഉണ്ണി വിശദീകരിച്ച ഈ സ്ഥലങ്ങളിലൊക്കെ ബോർഡില്ലാതെ ഗവൺമെന്റ് നേരിട്ടാണോ ശുദ്ധജല വിതരണം നടത്തുന്നത് ?

ശ്രീ. ആർ. എസ്. ഉണ്ണി: കർണ്ണാടകയിലുള്ള ഒരു വ്യവസ്ഥയെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. അവിടെയും പ്രശ്നങ്ങളുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: ശ്രീ. രാജീവ്ഗാന്ധിയുടെ പേരും പറഞ്ഞ് സംസ്ഥാന ഗവൺമെന്റിന് ഇതിലൊരു കാര്യവുമില്ല. ഇത് മുഴുവൻ ഇരുപതിനപരിപാടിയുടെ ഭാഗമാണെന്നും കേന്ദ്ര ഗവൺമെന്റിന്റേത് മാത്രമാണെന്നും പറഞ്ഞുകൊണ്ട് ഇന്ദിര കോൺഗ്രസ്സുകാർ വോട്ടുപിടിച്ചതായിട്ട് അറിയാമോ?

ശ്രീ. ആർ. എസ്. ഉണ്ണി: തെരഞ്ഞടുപ്പിലെ ഒരു വലിയ ഇഷ്യു ആയിരുന്നു അത്. പക്ഷേ ജനങ്ങൾ ആ പ്രചരണം അംഗീകരിച്ചില്ല. ബാംഗ്ലൂരിലും മൈസൂറിലുമൊക്കെ ശുദ്ധജല വിതരണ പദ്ധതികളുടേയും ഡ്രെയിനേജ് പദ്ധതികളുടേയും ആഗ്മെന്റേഷൻ സ്കീമുകൾ നടപ്പാക്കാൻ ഒട്ടേറെ പ്രയാസങ്ങളും ബുദ്ധിമുട്ടുകളും നിലവിലുണ്ട്. തമിഴ്നാട്ടിലെ മദ്രാസ് പട്ടണത്തിൽ മെട്രോപോളിറ്റൻ ഡവലപ്പ്മെന്റ് അതോറിറ്റിയുടെ ജൂറിസ്ഡിക്ഷനിൽ മാത്രം അധികാരമുള്ള ഒരു ബോർഡുണ്ട്. മദ്രാസ് മെട്രോപോളിറ്റൻ വാട്ടർ സീവറേജ് ബോർഡെന്നാണ് അതിന്റെ പേര്. പഞ്ചായത്തുകളെ സംബന്ധിച്ച് മറ്റൊരു സംവിധാനമാണുള്ളത്. ഇതുപോലെ പല രൂപത്തിൽ ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ളതുപോലെ ഒരു ഓർഡിനൻസ് മൂലം സ്ഥാപിതമായിട്ടുള്ള ഒരൊറ്റ ബോർഡും ഇൻഡ്യയിലില്ല. മറ്റു സ്ഥലങ്ങളിൽ പുതിയ സംവിധാനം സ്ഥാപിക്കുന്നതിന് മുമ്പ് വിശദമായ ഒരു പഠനം നടത്തി വളരെ കൂലംകഷമായി ആലോചിച്ച് ബില്ലുകൾ തയ്യാറാക്കി പരിശോധിച്ച് നിയമസഭയിൽ അവതരിപ്പിച്ച് പാസ്സാക്കിയതിനുശേഷമാണ് മറ്റെല്ലാ സ്ഥലത്തും ബോർഡുകൾ ഉണ്ടാക്കിയിട്ടുള്ളത്. ഇവിടെ ഓർഡിനൻസ് മൂലം ഇത് സ്ഥാപിച്ചു. ഇവിടെ നേരത്തെ നടപടികൾ നടത്തിയിരുന്നുവെന്നും ഈ അതോറിറ്റി സ്ഥാപിക്കാൻ കഴിഞ്ഞില്ലെന്നും പറഞ്ഞു. അന്നത്തെ ഡെപ്യൂട്ടി മുഖ്യമന്ത്രിയായ ശ്രീ. അവുക്കാദർകുട്ടി നഹയുടെ മുമ്പിൽ ആണ് ഈ ബോർഡ് രൂപീകരണമെന്നുള്ള പ്രശ്നം ഏഴു കൊല്ലക്കാലം ഇരുന്നതെന്നാണ് ശ്രീമാൻ എം. പി. ഗംഗാധരൻ പറയുന്നത്. അത് ശരിയാണുതാനും. എന്നാൽ നമ്മുടെ സംസ്ഥാനത്തിന്റെ പ്രത്യേകതകൾ പരിഗണിച്ച് ഇവിടെ ഇങ്ങനെയൊരു സ്ഥാപനം സ്ഥാപിച്ച് ഈ പറയുന്ന കാര്യങ്ങൾ ആ സ്ഥാപനത്തെ ഏൽപ്പിക്കുമ്പോൾ ഉണ്ടാകുന്ന ചില പ്രശ്നങ്ങൾ ഉണ്ട്. ആ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

അതിനുള്ള ആലോചനകൾ നടന്നിരുന്നു. അവസാന തീരുമാനങ്ങൾ എടുക്കാനുള്ള ബുദ്ധിമുട്ടുകളാണ് താമസത്തിന് കാരണം. എന്നു തന്നെയല്ല, സ്വാഭാവികമായി വരാവുന്ന മറ്റു ചില വിഷമങ്ങളുമുണ്ട്.

സർ, ഇവിടെ കേരള മുനിസിപ്പിൽ കോർപ്പറേഷൻ ആക്ട് ഉണ്ട്. കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ട് അനുസരിച്ച് തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ അടങ്ങിയ കോർപ്പറേഷനുകൾക്ക് ശുദ്ധജല പദ്ധതികൾ ആവിഷ്കരിക്കാൻ, അതിന്റെ യന്ത്രോപകരണങ്ങൾ സ്ഥാപിക്കാൻ, പൈപ്പുലൈൻ സ്ഥാപിക്കാൻ വെള്ളം കൊടുക്കാനുള്ള ടാപ്പുകൾ സ്ഥാപിക്കാൻ അവകാശവും അധികാരവുമുണ്ട്. നിയമത്തിൽ വ്യവസ്ഥയുള്ളതാണ്. കേരള മുനിസിപ്പാലിറ്റീസ് ആക്ടിൽ മുനിസിപ്പാലിറ്റികൾക്ക് ഈ വക കാര്യങ്ങൾക്ക് അധികാരമുണ്ട്. പഞ്ചായത്ത് ആക്ടിൽ പഞ്ചായത്തുകൾക്ക് അധികാരമുണ്ട്. ഈ സ്ഥാപനങ്ങളെ സംബന്ധിച്ച് അവയുടെ ഫണ്ടിൽനിന്നും പഞ്ചായത്ത് ഫണ്ടിൽ നിന്നും കോൺട്രിബ്യൂഷൻ കൊടുത്ത് ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുള്ള പദ്ധതികളുണ്ട്. നിയമമനുസരിച്ച് വെള്ളക്കരം ചുമത്താനും പിരിക്കാനും അവർക്ക് അവകാശമുണ്ട്. സർവ്വീസ് ചാർജസ് അവരുടെ ബഡ്ജറ്റിൽ പ്രധാനമായ ഇനമാണ്. അത്തരത്തിലുള്ള സ്ഥാപനങ്ങളെ സംബന്ധിച്ച് ഇങ്ങനെ ഒരു ബോർഡു വരികയും അധികാരം മുഴുവൻ അതിന്റെ ചുമതലയിലും സ്ഥാപനങ്ങൾ അതിന്റെ നിയന്ത്രണത്തിലുമായാൽ ഇത്തരം കാര്യങ്ങളിൽ നിയമം നൽകുന്ന അധികാരം വിനിയോഗിച്ച് സ്ഥാപിച്ചിട്ടുള്ള പദ്ധതികളുടെ ഭാവി ഭരണം എന്തായിരിക്കുമെന്നുള്ളതിനെപ്പറ്റി ഒരു തീരുമാനം ആവശ്യമായിരുന്നു. അതിനെപ്പറ്റി അവസാന തീരുമാനമെടുക്കാൻ സാധിച്ചിട്ടില്ല. ഈ ഓർഡിനൻസ് മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ-കോർപ്പറേഷനുകളേയും, മുനിസിപ്പാലിറ്റികളെയും, പഞ്ചായത്തുകളെയും ഇന്ന് ഇരുട്ടിലാക്കിയിരിക്കുകയാണ്. ഓർഡിനൻസിൽ മൂന്നു വർഷത്തെ ഒരു കാലാവധി വച്ചിട്ടുണ്ട്. ഏപ്രിൽ 1-ാം തീയതി മുതൽ മൂന്നു വർഷം തികയുമ്പോൾ നിലവിലുള്ള പദ്ധതികളുടെ സകല നടത്തിപ്പും മറ്റു ചുമതലകളും അതോറിറ്റിയുടെ നിയന്ത്രണത്തിലാകും. എന്നാൽ ഇതിനകം വച്ച് ഈ വക കാര്യങ്ങളെപ്പറ്റി ഈ സ്ഥാപനങ്ങളുമായി ആലോചിക്കുന്നതിനോ തീരുമാനമെടുക്കുന്നതിനോ ഗവൺമെന്റിന് യാതൊരു വ്യവസ്ഥയുമില്ല. എന്നു മാത്രമല്ല, ഇന്ന് മുനിസിപ്പൽ കൗൺസിലുകളും പഞ്ചായത്തു കമ്മിറ്റികളും പിരിച്ചു വിടുകയും ചെയ്തിരിക്കുകയാണ്.

ഇവിടെ മറ്റു സംസ്ഥാനങ്ങളെക്കുറിച്ച് പറഞ്ഞു. മദ്രാസ് സ്റ്റേറ്റിനെപ്പറ്റിയും കർണ്ണാടകയെയും പറ്റി പറഞ്ഞു. അവിടെയൊക്കെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്ഥാപിച്ച് നടത്തിയിട്ടുള്ള വാട്ടർ സപ്ലൈ സ്കീമുകളേയും ഡ്രെയിനേജ് സ്കീമുകളേയും സംബന്ധിച്ച് നിയമത്തിലുള്ള വ്യവസ്ഥകൾ പരിശോധിക്കേണ്ടതാണ്. ബന്ധപ്പെട്ട നിയമങ്ങളിൽ ഭേദഗതി വരുത്തിയ ശേഷമാണ് അവിടെ മാറ്റങ്ങൾ വരുത്തിയത്. പഞ്ചായത്ത് ആക്ടിലും മുനിസിപ്പൽ ആക്ടിലും കോർപ്പറേഷൻ ആക്ടിലും ഭേദഗതി വരുത്തിയാണ് ഈ അതോറിറ്റിയുടെയോ അല്ലെങ്കിൽ ബോർഡിന്റെയോ നിയന്ത്രണത്തിൽ പദ്ധതികളെ കൊണ്ടുവന്നിട്ടുള്ളത്. ഇവിടെ ഈ നിയമത്തിൽ ഒരു വകുപ്പ് വച്ചിട്ടുണ്ട്. നിലവിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

പദ്ധതികളെല്ലാം ഇത്രാം തീയതി വെസ്റ്റ് ചെയ്യും. അതുമൂലം ഉളവാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടിക്രമങ്ങളോ വ്യവസ്ഥകളോ ഇല്ല. വെസ്റ്റ് ചെയ്യുമെന്ന് മാത്രമേയുള്ളൂ. ബന്ധപ്പെട്ട മറ്റു നിയമങ്ങൾക്ക് ഭേദഗതികൾ വരുത്തുമ്പോൾ സ്വീകരിക്കേണ്ട അവധാനതയും ദീർഘ വീക്ഷണവും ഗവൺമെന്റ് കാണിച്ചിട്ടില്ല. മറ്റു നിയമങ്ങൾക്കുള്ള ഭേദഗതികൾ ഈ ഓർഡിനൻസിലെ ഷെഡ്യൂൾ ആയിട്ടാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. നിയമസഭ പാസ്സാക്കി ദശാബ്ദങ്ങളായി നിലനിൽക്കുന്ന നിയമങ്ങൾ മൂലം സ്ഥാപിതമായ സംവിധാനങ്ങളും നടപടി ക്രമങ്ങളും പാടെ മാറ്റുകയാണ്. വേണ്ടത്ര അവധാനത ഇല്ലാത്തതുകൊണ്ട് പറ്റിപ്പോയ അടിസ്ഥാനപരമായ ഒരു പിശകാണെന്ന് ചൂണ്ടിക്കാണിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അവധാനതയ്ക്ക് ഒട്ടേറെ മറ്റ് പിശകുകളും തെറ്റുകളും ചൂണ്ടിക്കാണിക്കാനുണ്ട്. ഈ ഓർഡിനൻസ് റീപ്ലേസ് ചെയ്യുന്നതിനുള്ള ബില്ലിൽ ഫിനാൻഷ്യൽ മെമ്മോറാണ്ടമുണ്ട്. എന്നാൽ ഏൽപ്പിച്ചുകൊടുത്ത അധികാരങ്ങൾ-ഡലിഗേറ്റഡ് പവേഴ്സ്-എന്നുള്ള ഒരു ഹെഡ്ഡിംഗ് വേണം. നിയമത്തിന്റെ പരിശോധനയ്ക്ക് സഭയ്ക്ക് ആവക കാര്യങ്ങളറിയാൻ തക്കവിധം വിശദമായി അവ പ്രതിപാദിച്ചിരിക്കണം. ഫിനാൻഷ്യൽ മെമ്മോറാണ്ടം കഴിഞ്ഞാൽ ഈ വിശദീകരണം ആവശ്യമാണ്. എന്നാൽ ബില്ലിൽ അതൊന്നുമില്ല. ഇത് അവധാനതയില്ലായ്മയുടെയോ അലംഭാവത്തിന്റെയോ ഉദാഹരണമാണ്, കുറ്റകരവുമാണ്. എഴുതിവച്ചിട്ടുള്ളതു തന്നെ അവ്യക്തവുമാണ്.

.....Sub Clause (1) of Clause (3) of the Bill seeks to empower the Government to establish, by publication in the Gazette.....അങ്ങനെ കീഴോട്ടു പോകും.

ഞാൻ വേറൊരു കാര്യം പറയാം. ഗവൺമെന്റിന്റെ അവധാനതയില്ലായ്മയെപ്പറ്റി. ആദ്യത്തെ ഓർഡിനൻസ് ഉണ്ട്. എത്ര ഓർഡിനൻസുകൾ ഇതിനകം പുറപ്പെടുവിച്ചു എന്ന് പറഞ്ഞിട്ടില്ല. എന്നാൽ ബിൽ കൊണ്ടുവന്നിരിക്കുന്നത് ആദ്യത്തെ ഓർഡിനൻസിന് പകരമാണ്. നിലവിലുള്ള ഓർഡിനൻസിന് പകരമുള്ളതല്ല. ഇപ്പോൾ പറയുന്നത് അതൊരു സാങ്കേതിക പ്രശ്നം മാത്രമാണെന്നും സബ്ജക്ട് കമ്മിറ്റിക്ക് ആവശ്യമായ മാറ്റം വരുത്താമെന്നുമാണ്. അതുശരിയല്ല. എന്നോ പുറപ്പെടുവിച്ച ഓർഡിനൻസിന് പകരമുള്ള ബില്ലല്ല സഭയിൽ അവതരിപ്പിക്കേണ്ടത്. നിലവിലുള്ള ഓർഡിനൻസിനു പകരമുള്ള ബില്ലാണ്. സഭയുടെ മുമ്പാകെയുള്ളത് ഒന്നാമത്തെ ഓർഡിനൻസിനു പകരമുള്ളതാണ്. അക്കാരണത്താൽതന്നെ അതൊരു സ്വതന്ത്ര ബില്ലായിത്തീരും ഓർഡിനൻസുകൾ വേറെയും പുറപ്പെടുവിക്കുന്നു. അടിസ്ഥാനപരമായ മാറ്റങ്ങളുണ്ട്. അടിസ്ഥാനപരമായും തത്വപരമായും നിയമപരമായും തെറ്റായ നടപടിയാണിത്. ഇതേപ്പറ്റി ഈ സഭ ആലോചിക്കണം. ഗവൺമെന്റും ആലോചിക്കേണ്ടതാണ്. ഗവൺമെന്റിന്റെ ഇക്കാര്യത്തിലുള്ള നിലപാടും വിശദീകരണങ്ങളും തൃപ്തികരമല്ലെന്നു മാത്രമല്ല വ്യത്തികെട്ട ധൃതിയിലുള്ളവയുമാണ്. ഏപ്രിൽ ഒന്നിന്, മഠയന്മാരുടെ ദിവസം നടപ്പിലാക്കിയ ഓർഡിനൻസിൽ സുപ്രധാനമായ ചില വ്യവസ്ഥകൾ ഉൾപ്പെടുത്തിയിരുന്നില്ല. അതുമൂലം ഉളവായ ഭരണപരവും, സാമ്പത്തികവും, ഭരണഘടനാപരവുമായ പ്രശ്നങ്ങൾ അന്നു സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ1984-85-ലെ ബഡ്ജറ്റ് അവതരിപ്പിച്ചു. ബഡ്ജറ്റ് അവതരിപ്പിക്കുമ്പോൾ ഒന്നാമത്തെ ഓർഡിനൻസ് നിലവിലുണ്ട്. അതിലെ വകുപ്പുകൾ അനുസരിച്ച് ഗവൺമെന്റിന് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ഈ സ്ഥാപനത്തിന് പണം കൊടുക്കാനോ വാങ്ങാനോ സാദ്ധ്യമായിരുന്നില്ല. നിയമത്തിൽ വ്യവസ്ഥകളില്ലാത്തതുകൊണ്ട് ഗവൺമെന്റിന് പണം കൊടുക്കാനോ അതോറിറ്റിക്ക് വാങ്ങാനോ പാടില്ല. അന്നത്തെ സ്പീക്കർ ബഹുമാനപ്പെട്ട വക്കം പുരുഷോത്തമൻ, ഇക്കാര്യത്തിൽ ചെറിയ അപാകതയുണ്ടെങ്കിലും അതിന് നിയമപരമായി തടസ്സമുണ്ടാകുകയില്ലായെന്ന് പറഞ്ഞ് ഡിമാന്റ് അവതരിപ്പിക്കാനും പാസ്സാക്കാനും അനുവദിച്ചു. അതിന്റെ അടുത്ത ദിവസം ഈ ഗവൺമെന്റ് സപ്ലിമെന്ററി ഡിമാന്റുമായി വന്നു—100 രൂപയുടെ ടോക്കൺ പ്രൊവിഷൻ അതിൽ ഉൾപ്പെടുത്തിയിരുന്നു. അതു കഴിഞ്ഞ് ന്യൂ സർവ്വീസ് പ്രൊസീഡ്യൂവർ അംഗീകരിച്ചാണ് അൻപതു കോടിയിൽപ്പരം രൂപ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും ഈ സ്ഥാപനത്തിന് കൊടുത്തത്. ഈ സ്ഥാപനം ആ പണം എങ്ങനെ ചെലവഴിക്കുന്നു, എന്തിനുവേണ്ടി ചെലവഴിക്കുന്നു, എന്നുള്ളതിനെപ്പറ്റി അറിയാൻ ഈ സഭയ്ക്കോ മറ്റാർക്കുമോ യാതൊരു മാർഗ്ഗവുമില്ല. ഇന്നത്തെ നമ്മുടെ ബഹുമാനപ്പെട്ട സ്പീക്കർ ഇതു സംബന്ധിച്ച് നൽകിയ റൂളിംഗ് ഞാൻ വായിക്കാം. നമ്മുടെ നിയമത്തിൽ പര്യാപ്തമായ വ്യവസ്ഥകൾ ഇല്ലാതെ ജല മലിന ജല അതോറിറ്റിക്ക് ലോണും കോൺട്രിബ്യൂഷനും നൽകിയെന്നും, ഒരു വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് നിയമസഭയ്ക്ക് നൽകാതെ വലിയ തുകകൾ ഗ്രാന്റായി പാസ്സാക്കിയെടുത്തുവെന്നും ലോണും കോൺട്രിബ്യൂഷനും മറ്റും നൽകാൻ വ്യവസ്ഥ ഇല്ലാതിരിക്കെ അങ്ങനെയുണ്ടെന്ന് തെറ്റായ വിവരം നൽകിയെന്നും അങ്ങനെ സഭയെ തെറ്റിദ്ധരിപ്പിച്ചുവെന്നും അത് 1984-85-ലെ ബഡ്ജറ്റ് ഡിമാന്റ് പരിശോധനാ വേളയിൽ സബ്ജറ്റ് കമ്മിറ്റിയിലും ഈ പ്രശ്നം ഞാൻ ഉന്നയിക്കുകയും ചർച്ച ചെയ്യുകയും ചെയ്തു. അപ്രകാരം സഭയെ തെറ്റിദ്ധരിപ്പിക്കുകയും കബളിപ്പിക്കുകയും ചെയ്തു എന്നായിരുന്നു ഞാൻ ഉന്നയിച്ച പ്രശ്നം.

അതിന് സ്പീക്കർ നൽകിയ റൂളിംഗ് ഇതാണ്—ശ്രീ. ആർ. എസ്. ഉണ്ണിയുടെ നോട്ടീസും ജലസേചന വകുപ്പുമന്ത്രിയുടെ വിശദീകരണവും ചെയർ സൂക്ഷ്മമായി പരിശോധിച്ചു. ലോണും കോൺട്രിബ്യൂഷനും നൽകാൻ ആദ്യം നിയമസഭയിൽ വ്യവസ്ഥയില്ലായിരുന്നുവെങ്കിലും പിന്നീട് ആ വ്യവസ്ഥകൾ ചേർത്ത് ആ ന്യൂനത ഗവൺമെന്റ് ഇപ്പോൾ പരിഹരിച്ചിരിക്കുകയാണ്. നിയമസഭ വോട്ട് ചെയ്ത് പാസ്സാക്കുന്ന ഓരോ പൈസയും എന്തിനുവേണ്ടി ചെലവഴിക്കുന്നുയെന്ന് അറിയുക സഭയുടെ മൗലികവും പ്രാഥമികവുമായ അവകാശമാണ്. ആ വ്യവസ്ഥകൾ സഭയ്ക്ക് നൽകുവാൻ ഗവൺമെന്റ് ബാധ്യസ്ഥവുമാണ്. അതിനുള്ള വ്യവസ്ഥകൾ നിയമത്തിൽ ചേർക്കാതിരിക്കുന്നത് ഒരു അപാകതയായിരുന്നു. വാർഷിക ധനകാര്യ സ്റ്റേറ്റുമെന്റ് സഭയ്ക്ക് നൽകാൻ വേണ്ട വ്യവസ്ഥ ഉണ്ടാക്കാൻ ജലസേചന വകുപ്പുമന്ത്രി ഉറപ്പു നൽകിയിരിക്കുകയാണ്. അടുത്ത വർഷത്തെ ബഡ്ജറ്റിന്റെ ചർച്ചാവേളയിൽ വിവരം സഭയ്ക്ക് നൽകുമെന്ന് ചെയർ തീർച്ചയായും വിശ്വസിക്കുന്നു. ഇതുവരെ അതില്ല. നമ്മുടെ കണ്ടിൻജൻസി ഫണ്ടിൽനിന്നു

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കേണ്ട അൻപതു കോടിയിൽപരം രൂപ, ഓർഡിനൻസിൽ ആദ്യം അതു വാങ്ങാനോ ചെലവഴിക്കാനോ വ്യവസ്ഥകൾ ഇല്ലായിരുന്നു, ചട്ടങ്ങളെയാകെ-അക്കൗണ്ട്സ് കോഡ്, ബഡ്ജറ്റ് മാനുവൽ, ഫിനാൻഷ്യൽ കോഡ് ഇതിലെയൊക്കെ വ്യവസ്ഥകളെ മറികടന്ന് പണം കണ്ടിൻജൻസി ഫണ്ടിൽ നിന്നും മറ്റു രീതിയിൽ തിരിമറി നടത്തി വാങ്ങി, ചെലവഴിക്കുക. അതിനെപ്പറ്റി സഭയ്ക്ക് അറിയാനോ, പരിശോധിക്കാനോ യാതൊരു അവകാശവുമില്ല. ഇതേപ്പറ്റി ചർച്ചചെയ്യാൻ സന്ദർഭമില്ലാതാക്കിയതാണ് അതീവ ഗൗരവാവഹമായ പ്രശ്നം. സാമ്പത്തിക അച്ചടക്കത്തെ സംബന്ധിച്ച് ഈ ഓർഡിനൻസിലെ വ്യവസ്ഥകൾ തീരെ അപര്യാപ്തമാണ്. ഈ ബോർഡുതന്നെ വളരെ മോശപ്പെട്ട നിലയിൽ സംവിധാനം ചെയ്ത ഒരു ബോർഡാണ്. ഓർഡിനൻസിൽ ബോർഡിലെ മെമ്പർമാരെപ്പറ്റിയുള്ള വ്യവസ്ഥ ഞാൻ വായിക്കാം.

Constitution of the Authority:

The Authority shall consists of the following members namely:—

(a) The Minister in charge of Public Health Engineering Department, who shall be the Chairman;

(b) A Managing Director, who shall be a qualified Public Health Engineer with experience in the management and administration of Water and Waste Water Systems, supported by the Government;

(c) The Secretary to Government in charge of Public Health Engineering Department, ex-officio;

(d) The Finance Secretary to Government, ex-officio;

(e) The Secretary to Government in charge of Local Administration Department, ex-officio.....മുതലായവയാണ്. പിന്നെ രണ്ട് ലോക്കൽ ബോഡീസിന്റെ ഒരാളും, ഹരിജനായ മറ്റൊരാളും ഇതാണ് ഈ ബോർഡ്. മദ്രാസ് ബോർഡ് ഇതിൽനിന്നും വ്യത്യസ്ഥമാണ്. അതിനകത്ത് ഇൻബിൽട്ടായിത്തന്നെ വൈദഗദ്ധ്യം ഉൾക്കൊള്ളിച്ചിട്ടുണ്ട്. മദ്രാസ് ബോർഡിൽ ഒരു ടെക്നിക്കൽ മെമ്പറുണ്ട്. അതുപോലെ ഫിനാൻഷ്യൽ മെമ്പറുണ്ട്. ആവശ്യമായ അച്ചടക്കങ്ങളും ക്രമീകരണങ്ങളും നിയന്ത്രണങ്ങളും നിലനിറുത്താനുതകുന്ന വ്യവസ്ഥകളും ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇവിടെ അതൊന്നുമില്ല എഴുതിയിട്ടുണ്ട്. ഇതിനകത്ത് അതൊന്നുമില്ല. ഇവിടെ റിട്ടയർ ചെയ്ത ഒരു ചീഫ് എഞ്ചിനീയറാണ് മാനേജിംഗ് ഡയറക്ടർ. അദ്ദേഹത്തെ നിയമിക്കരുതെന്ന് പറഞ്ഞ് ഒരു പാട് പരാതികൾ അന്നുണ്ടായിരുന്നു. മുൻ ഗവൺമെന്റ് അങ്ങനെ റിട്ടയർ ചെയ്ത ആളുകൾക്ക് എക്സ്റ്റൻഷൻ കൊടുക്കണ്ടായെന്ന് തീരുമാനിച്ചിരുന്നതാണ്. ആ തീരുമാനം ഈ ഉദ്യോഗസ്ഥനും ബാധകമായിരുന്നു. എന്നാൽ പെൻഷൻപറ്റി പിരിയേണ്ട

LIBRARY ARCHIVES Kerala Legislative Assembly

ഈ ഉദ്യോഗസ്ഥന് സർവ്വീസ് നീട്ടികൊടുത്തു മൂന്ന് വർഷത്തേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിച്ചിരിക്കുകയാണ്. പ്രസ്തുത ഉദ്യോഗസ്ഥൻ അത്രവലിയ വൈദഗ്ദ്ധ്യം ഒന്നും ഉള്ള ആളല്ല. എന്താണ് അദ്ദേഹത്തിന്റെ എക്സ്പെർടൈസ് എന്നുള്ളതിനെപ്പറ്റി അദ്ദേഹത്തെ അറിയാവുന്ന എല്ലാവർക്കും അറിവുള്ളതാണ്. പദ്ധതികൾ ആവിഷ്കരിക്കുന്നതിനെപ്പറ്റി വിവരമുള്ളവർ പറഞ്ഞിട്ടുള്ളത് ഓരോ പദ്ധതി ആവിഷ്കരിക്കുമ്പോഴും അതിന്റെ പ്രിലിമിനറി സ്റ്റഡി, പ്രീ-ഫീസിബിലിറ്റി സ്റ്റഡി, ഫീസിബിലിറ്റി സ്റ്റഡി, പ്രോജക്ട് പ്രിപ്പറേഷൻ തുടങ്ങിയ കാര്യങ്ങൾ വിദഗ്ദ്ധമായി നടത്തണമെന്നാണ് Executive Summory, Project concept, Previous studies and Report, Related Master Plan for Regional Development, Water Resources Development etc. status of water supply and water disposal sector Socio-economic Indicators തുടങ്ങി സാങ്കേതിക പ്രധാനമായ ഒട്ടേറെ കാര്യങ്ങളുണ്ട്. ഇത് മുഴുവനും ഞാൻ വായിക്കുന്നില്ല. ഇതെല്ലാം പ്രധാനപ്പെട്ടതാണ്. പദ്ധതികളുടെ പ്രായോഗികത, പ്രവർത്തനക്ഷമത, വെള്ളത്തിന്റെ ലഭ്യത അതുപോലുള്ള പരിശോധനാർഹവും പരിഗണനാർഹവുമായ നിരവധി കാര്യങ്ങളുണ്ട്. പൊതുജനങ്ങളെ മാത്രം ബാധിക്കുന്ന പ്രശ്നങ്ങൾ ഉണ്ടാകാവുന്ന പദ്ധതികളാണ്. നമുക്ക് ഇതിനൊന്നും പറ്റിയ സംവിധാനമില്ല. മറ്റ് ബോർഡുകൾ പരിശോധിച്ചാൽ ഇതിനാവശ്യമായ കഴിവുള്ള, ശേഷിയുള്ള ആളുകളും സംവിധാനവും ഉള്ളതായികാണാം. അത്രമാത്രം മോശപ്പെട്ട രീതിയിലാണ് ഇതിന്റെ സംവിധാനം. തന്നെയുമല്ല ഓർഡിനൻസിലെ വ്യവസ്ഥമൂലം ഗവൺമെന്റ് ഒട്ടെറെ അധികാരം കൊടുക്കുന്നുണ്ട്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തന്നെയാണ് ബോർഡിന്റെ ചെയർമാൻ. മറ്റ് സ്ഥലത്തൊക്കെ മദ്രാസ്/മെട്രോപോളിറ്റൻ അതോറിറ്റിയിൽ വാട്ടർ സപ്ലൈ ആന്റ് സീവറേജ് ബോർഡിന്റെയും മറ്റ് ബോർഡുകളുടെയും ചെയർമാൻ മന്ത്രിയല്ല. മറ്റാളുകളാണ്. മദ്രാസിൽ ഗവൺമെന്റ് സെക്രട്ടറിയാണ്. മറ്റ് സാങ്കേതിക വിദഗ്ദ്ധന്മാരും സാമ്പത്തിക വിദഗ്ദ്ധൻമാരും ഭരണ പരിചയമുള്ളവരും അടങ്ങുന്ന ലോക്കൽബോഡീസിന്റെ പ്രതിനിധികളും അടങ്ങുന്ന സ്വതന്ത്ര ബോർഡാണ് മറ്റു സ്ഥലങ്ങളിലുള്ളത്. ഇവിടെ മന്ത്രിയാണ് ബോർഡിന്റെ ചെയർമാൻ. ഈ നിയമത്തിൽ ഒട്ടേറെ അധികാരം ഗവൺമെന്റിനുണ്ട്. ഗവൺമെന്റിന്റെ തീരുമാനത്തിന് വിധേയമായി ബോർഡ് നടപ്പാക്കേണ്ടവയാണ് പല നടപടികളും. ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി മാത്രം നടപ്പാക്കേണ്ട ഒട്ടേറെ കാര്യങ്ങൾ വേറെയുമുണ്ട്. ആ അംഗീകാരവും അനുവാദവും ഒക്കെ ബോർഡിന് എങ്ങനെയാണ് കിട്ടുന്നത്? ഒരു മേശമേൽ ഒരു സീറ്റിൽ ഒരാൾ ഇരുന്ന് അവിടത്തന്നെ പ്രശ്നങ്ങൾ അവതരിപ്പിക്കുക, അവിടെത്തന്നെ പരിശോധന നടത്തുക അവിടെവച്ചുതന്നെ അംഗീകാരം കൊടുക്കുക. ഇതൊക്കെയല്ലേ നടക്കുന്നത്. ഇതുപോലെയുള്ള സ്ഥാപനങ്ങൾ സ്വതന്ത്രമായി പ്രവർത്തിക്കുന്നതിന് തുല്യാവശ്യം വേണ്ട അച്ചടക്കം, കാര്യക്ഷമത ഇതൊക്കെ നിലനിർത്തണമെന്നുണ്ടെങ്കിൽ ചെക്ക് ആന്റ് ബാലൻസ് നിലനിൽക്കണം. ഗവൺമെന്റിന്റെയും വിവിധ ഡിപ്പാർട്ട്മെന്റുകളുടെയും പ്രവർത്തനം നടക്കുന്നത് ഈ തത്വത്തെ മുൻനിറുത്തിയാണ്. ഒരു മന്ത്രി

LIBRARY ARCHIVES Kerala Legislative Assembly

അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ, അദ്ദേഹത്തിന്റെ പരിശോധന, അദ്ദേഹത്തിന്റെ തീരുമാനം, അദ്ദേഹത്തിന്റെ തന്നെ അപ്പീൽ ഡിസിഷൻ; ഇതാണ് ഈ അതോറിറ്റിയിൽ നടക്കുന്നത്. നിയമനം നടത്തുന്നതിന് ചില വ്യവസ്ഥകൾ വച്ചിട്ടുണ്ട്. ഈ അതോറിറ്റിയിൽ നടക്കുന്നതെന്താണെന്ന് പറയാം. 2-4-1984-ൽ കൂടിയ ആദ്യത്തെ ബോർഡ് മീറ്റിംഗിന്റെ മിനിറ്റ്സ് ഞാൻ വായിക്കാം. 2-4-1984-ൽ കൂടിയ ബോർഡ് യോഗത്തിന്റെ മിനിറ്റ്സാണ്..... The Chairman welcoming the members to the first meeting of the Authority, referred to the stupendeous task before the authority for the realisation of the objects for which the Authority has been established and applied to the members for their whole-hearted co-operation in the performance of the functions, enstrusted to the Authority.

(1) *Draft Regulations on the conduct of the business of the Authority.*—The meeting next considered the draft regulations dealing with the conduct of the business of the Authority and resolved to move Government for their approval of the draft regulations (vide Appendix) and adopt the same after its approval by Government.

ഇതിന്റെ അപ്രൂവലിന് ഗവൺമെന്റിൽ അയയ്ക്കണം. അപ്രൂവലിൽ വരുന്ന മുറയ്ക്ക് അവ പരിശോധിക്കണം. കാണേണ്ട ഡിപ്പാർട്ട്മെന്റ്കളെല്ലാം കാണണം. എന്നിട്ടുവേണം അംഗീകാരം നൽകാൻ. എന്നാൽ അപ്രൂവലും അപ്പോൾതന്നെ കൊടുക്കുന്നു. ഓർഡിനൻസിൽ 66-ാം വകുപ്പനുസരിച്ച് വ്യവസ്ഥ ചെയ്തിട്ടുള്ള കാര്യങ്ങൾക്ക് റഗുലേഷൻ തയ്യാറാക്കി ഗവൺമെന്റിന് അയയ്ക്കണം. അപ്പോൾതന്നെ റഗുലേഷൻ വായിക്കുന്നു. ഗവൺമെന്റിന് പോയതായിട്ട് വരുന്നു. അപ്പോൾതന്നെ അംഗീകരിക്കുന്നു.

(2) *Appointment of staff of the Authority.*—The meeting considered the minimum staff to be appointed immediately for the purpose of enabling it to carryout its duties and functions, and resolved to sanction the posts mentioned in the following resolutions after obtaining approval of the Government.

Resolution No. 1:

"It is resolved that the following posts be sanctioned with immediate effect for carrying out duties and functions of the Authority as per provisions in Section 8 of sub-section (1) of the Kerala Water and Waste Water Ordinance, 1984.

LIBRARY ARCHIVES Kerala Legislative Assembly

Secretary	— Rs. 1450-2050
Personal Assistant to M. D.	— Rs. 650-1150
Confidential Assistant to the Secretary	— Rs. 350-730
Finance Manager and Chief Accounts Officer	— Rs. 1450-2050
Accounts Officer	— Rs. 750-1450
Upper Division Clerks	— Rs. 390-685

കൂടാതെ, Lower Division Clerks, Typists ഇങ്ങനെ പലതുമുണ്ട്.

(3) *Qualifications to be prescribed for the posts Secretary and Public Relations Officer*:—The meeting next considered the minimum qualifications to be prescribed for the posts of Secretary and Public Relations Officer and adopted the following resolutions:

"It is resolved to prescribe the following minimum qualifications for the posts detailed below. The method of recruitment shall be either by deputation transfer or direct recruitment, as the Authority thinks fit".

Secretary.—
1. Grduation of any recognised University.
2. Experience in a responsible position 10 years drawing a basic pay be not less than Rs. 1000 at the time of recruitment.
3. Below 45 years of age in the case of direct recruitment .....മുതലായവയാണ്.

Public Realations Officer.—
1. A pass in SSLC or equivalent examination.
2. 10 years service in any Government Department as a Class III Officer, preferably with experience of public contact.....

(4) *Appointment of Secretary to the Authority*:—The meeting next considered the appointment of Secretary to the Authority. It was resolved to appoint

LIBRARY ARCHIVES Kerala Legislative Assembly

Shri M.P. Narayanan Nair, Additional Private Secretary to the Minister (I) Kerala as the Secretary of the Authority following resolution was adopted:

പോസ്റ്റ് ക്രിയേറ്റ് ചെയ്ത് ക്വാളിഫിക്കേഷൻ നിശ്ചയിക്കുന്നു. ശമ്പളം നിശ്ചയിക്കുന്നു. അവിടെത്തന്നെ ഉടൻ നിയമനവും നടത്തുന്നു.

Resolution No. 3:

"It is resolved to appoint Shri M. P. Narayanan Nair, Additional Private Secretary to Minister for Irrigation, Kerala as the Secretary to the authority in the scale of pay of Rs. 1450-2050 with usual allowancess when Government approval is received for the creation of the post of Secretary and to request the concerned Authority to lend his service to this Authority for appointment accordingly".

(5) *Appointment of Public Relations Officer to the Authority.*—The meeting considered the appointment of Public Relations Officer and resolved to appoint Shri K. Raveendrakurup, Special Personal Assistant to Minister for Irrigation, Kerala, as Public Relations Officer to the Authority. In this connection the following resolution was passed.

(6) *Appointment of Finance Manager and Chief Accounts Officer*:—The meeting considered the appointment of Finance Manager and Chief Accounts Officer and resolved to appoint Shri M. Kochunarayanan now Additional Secretary to Government, Finance Department as Finance Manager and Chief Accounts Officer.....

(7) *Appointment of Adviser (Administration).*—The meeting considered the appointment of Adviser (Administration) and resolved to appoint Shri V. K. Balakrishnan Menon I. A. S. (Retd.) now re-employed as Special Secretary to the Minister as Adviser for Administration.....

എത്ര ക്രമീകരണവും നിയന്ത്രണവും അച്ചടക്കവും ഉണ്ട്. എത്ര ഡിസിപ്ലിൻ ഉണ്ട്. ഒരു ജനാധിപത്യ സ്ഥാപനത്തിന്റെ ഫംഗ്ഷൻ ഇങ്ങനെയാണോ? മന്ത്രി തന്നെ ചെയർമാനായിട്ടുള്ള ബോർഡാണ്. നിരവധി റസല്യൂഷൻസുണ്ട് എല്ലാം ഞാൻ വായിക്കുന്നില്ല. കേരള വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിട്ടിയുടെ ഒരു ജി. ഒ. ഞാൻ വായിക്കാം. റസല്യൂഷൻ നമ്പർ 34.....

LIBRARY ARCHIVES Kerala Legislative Assembly

The following appointments are ordered:

1. Shri K. L. Narasimhan, Executive Engineer/Personal Assistant to the Superintending Engineer, PH South Circle, Kerala Water and Waste Water Authority, Trivandrum is appointed provisionally on transfer as Secretary to the Kerala Water and Waste Water Authority in the scale of pay of Rs. 1450-2050.

2. Shri M. P. Narayanan Nair, Head Master, Kerala School for Blind, Mankada, Malappuram District is appointed provisionally as Private Secretary to the Chairman Kerala Water and Waste Water Authority in the scale of pay of Rs. 1200-1800.....

ശ്രീ. ടി. കെ. ഹംസ: നാരായണൻ നായർ കോൺഗ്രസ്സിന്റെ ബ്ലോക്ക് പ്രസിഡന്റ് ആയിരുന്നു. അപ്പോൾ കൊടുക്കണ്ടേ? ഞാൻ ചൂണ്ടിക്കാണിക്കുന്നത് ഈ നിയമത്തിൽ പറയുന്ന ഒട്ടേറെ കാര്യങ്ങൾ ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ചെയ്യേണ്ടതാണ്. അതുപോലെതന്നെ ഗവൺമെന്റിന്റെ തീരുമാനത്തിന് വിധേയമായി ചെയ്യേണ്ട കാര്യങ്ങളും മറ്റ് കാര്യങ്ങളുമൊക്കെ ഒരൊറ്റ സ്ഥലത്തുതന്നെ ഒരു മേശമേൽതന്നെ തീരുമാനിക്കുന്ന ഒരവസ്ഥ ഇതിന്റെ പ്രവർത്തനത്തിന് പറ്റിയതല്ല. അത് ഒരു സ്ഥാപനത്തിന്റെ പ്രവർത്തനത്തിനും പറ്റിയതല്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: ഗവൺമെന്റിന്റെ അനുവാദമെന്നു പറഞ്ഞാൽ മിനിസ്റ്ററല്ലേ ചെയറിലിരിക്കുന്നത്. അപ്പോൾപിന്നെ ഗവൺമെന്റിന്റെ അനുവാദമായില്ലേ?

ശ്രീ. ആർ. എസ്. ഉണ്ണി: ഇത് ജനാധിപത്യ മര്യാദകൾക്ക്, ജനാധിപത്യപരമായ നടപടിക്രമങ്ങൾക്ക്, അംഗീകൃത നിയമ വ്യവസ്ഥകൾക്ക്, അതോറിട്ടിയുടെതന്നെ നിയമ വ്യവസ്ഥകൾക്ക് വിരുദ്ധമായാണ് ചെയ്തിട്ടുള്ളത്.

ശ്രീ. എം. എം. ഹസ്സൻ: ജനാധിപത്യ സങ്കൽപ്പമനുസരിച്ച്, ഒരു ജനപ്രതിനിധി കോർപ്പറേഷന്റെ ചെയർമാനായി വരുന്നതല്ലേ പബ്ലിക്ക് യൂട്ടിലിട്ടി സർവ്വീസിൽ ഒരു ഉദ്യോഗസ്ഥനേക്കാൾ നല്ലത്. മന്ത്രിയെക്കാൾ വലിയൊരു ജനപ്രതിനിധിയുണ്ടോ? ബഹുമാനപ്പെട്ട ശ്രീ. ആർ. എസ്. ഉണ്ണി ആ തത്വത്തെ എതിർക്കുകയാണോ?

ശ്രീ. ആർ. എസ്. ഉണ്ണി: ഒരു മന്ത്രിയുടെ കീഴിൽ, മന്ത്രിയുടെ മേൽവിചാരത്തിലും മേൽനോട്ടത്തിനും, ഭരണപരമായ നിയന്ത്രണങ്ങൾക്കും വിധേയമായി പ്രവർത്തനം നടത്തേണ്ടുന്ന ഒരു സ്ഥാപനത്തിന്റെ ചെയർമാൻ ആ മന്ത്രിയാവുന്നത് തീർച്ചയായും തെറ്റാണ്, അത് പാടില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ജനപ്രതിനിധിയായ മന്ത്രി ചെയർമാനാകുന്നത് സഹായകമാണെന്ന് ബഹുമാനപ്പെട്ട ഹസ്സൻ പറഞ്ഞു. നമ്മുടെ സംസ്ഥാനത്ത് ഇത്തരം സ്ഥാനം വഹിക്കാൻ പറ്റിയ വേറെ ആരുമില്ലെന്നുള്ളതുകൊണ്ടാണോ ശ്രീ. എം. പി. ഗംഗാധരൻ ചെയർമാനായി ഇരുന്നാൽ മതിയെന്ന് തീരുമാനിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആർ. എസ്. ഉണ്ണി: മന്ത്രിയും എം. എൽ. എ. യുമൊന്നും ചെയർമാനാകേണ്ട ആവശ്യമില്ല. പൊതുരംഗത്ത് വിവരമുള്ള ആളുകളുണ്ട്. പൊതുരംഗത്ത് ലബ്ധപ്രതിഷ്ഠ നേടിയിട്ടുള്ള വിവരമുള്ള വകതിരിവുള്ള, സത്യസന്ധതയുള്ള എത്രയോ ആളുകളുണ്ട്. പൊതുജനസേവനത്തിനും രാജ്യസേവനത്തിനും പറ്റിയ ആളുകൾ. അവരെപിടിച്ച് ആക്കിക്കൂടേ? അങ്ങനെയുള്ളവർക്ക് ക്ഷാമമുണ്ടോ? പാരമ്പര്യമുള്ള ജനസേവനംകൊണ്ടും, രാജ്യസേവനംകൊണ്ടും, സത്യസന്ധതകൊണ്ടും പ്രവർത്തി നന്മകൊണ്ടും ഈ രാജ്യത്തെ അതുല്യനായ ഒരു മനുഷ്യൻ എം. പി. ഗംഗാധരനാണോ? എത്രയോ ആളുകളുണ്ട്, ശ്രീ. എം. പി. ഗംഗാധരൻ മോശക്കാരനാണെന്നല്ല ഞാൻ പറഞ്ഞത്. പക്ഷേ അദ്ദേഹം മാത്രമേയുള്ളോ?

ശ്രീ. എം. എം. ഹസ്സൻ: ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, എൻസൈക്ലോപീഡിയ, ഇതുപോലുള്ള പല സ്ഥാപനങ്ങളിലും വകുപ്പുമന്ത്രിയോ മുഖ്യമന്ത്രിയോ ചെയർമാനായിരിക്കുന്നതുപോലെ ഈ സ്ഥാപനത്തിലും ഈ വകുപ്പിന്റെ ചുമതല വഹിക്കുന്ന മന്ത്രി ചെയർമാനായി വരുന്നതിൽ എന്താണ് അപാകത?

ശ്രീ. ആർ. എസ്. ഉണ്ണി: കോടിക്കണക്കിന് രൂപ സ്പെന്റ് ചെയ്ത് വളരെ വിപുലമായ മേഖലകളിൽ വമ്പിച്ച തോതിലുള്ള ആക്റ്റിവിറ്റീസ് നടത്തുന്ന വലിയൊരു സ്പെന്റിംഗ് ബോർഡാണിത്. അതായത് പി. എച്ച്. ഇ. ഡി. അത് മുഴുവൻ തൂത്തുവാരി അതോറിറ്റി ആക്കിയിരിക്കുകയാണ്. ഇതിന്റെ സാമ്പത്തിക അച്ചടക്കം, ഭരണത്തിന്റെ കാര്യക്ഷമത, വൈദഗ്ദ്ധ്യം ഇതിന്റെയൊക്കെ ആകെച്ചേർന്നുള്ള ഫലപ്രദമായ പ്രവർത്തനമുണ്ടെങ്കിൽ മാത്രമേ ഈ മേഖലയിലെ പ്രവർത്തനം നടക്കുകയുള്ളൂ. അതിന് മേൽനോട്ടം വഹിക്കേണ്ട ആൾ, അതിനെക്കുറിച്ച് വിലയിരുത്തേണ്ട, അതിനെ കുറിച്ച് പരിശോധിക്കുകയും നിയമപരമായും തത്വപരമായും എടുക്കുന്ന തീരുമാനങ്ങൾ ചുമതലപെട്ടവരും ബോർഡും നടപ്പാക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട ആൾ അതിന്റെ ചെയർമാനായിരിക്കുന്നത് തീർച്ചയായും ദോഷമാണ്, അത് തെറ്റാണ്. മേൽ വിചാരം നടക്കുകയില്ല, പരിശോധന നടക്കുകയില്ല. അച്ചടക്കവും ശിക്ഷണവും കാര്യക്ഷമതയും നിലനിറുത്താൻ കഴിയാതെ വരും.

ഞാൻ പറഞ്ഞുവരുന്നത്, നിയമം നൽകുന്ന അധികാരം അത് വിനിയോഗിച്ച് ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകളും ഗവൺമെന്റും പരിശോധിക്കണമെന്നുള്ള വ്യവസ്ഥ നടപ്പാക്കുന്നത് ഏത് ഡിപ്പാർട്ടുമെന്റാണ്? പി. എച്ച്. ഇ. ഡി. യാണോ? ഇന്ന് ആ ഡിപ്പാർട്ടുമെന്റ് ഉണ്ടോ, ഇതിന്റെ അഡ്മിനിസ്ട്രേറ്റീവ് ഡിപ്പാർട്ട്മെന്റ് ഏതാണ്? ലോക്കൽ അഡ്മിനിസ്ട്രേഷനാണോ? അതോ പി. എച്ച്. ഇ. ഡി. യാണോ? പി. എച്ച്. ഇ. ഡി. ഇന്നില്ല. പി. എച്ച്. ഇ. ഡി. ഉണ്ടെന്നുള്ള സങ്കല്പത്തിലാണ് രേഖകൾ വരുന്നത്, പണം കൊടുക്കുന്നത്.

അതുപോലെതന്നെ ഫിനാൻസ് ഡിപ്പാർട്ടുമെന്റുണ്ട്. ഇതിൽ ഫിനാൻസ് ഡിപ്പാർട്ടുമെന്റിന് എന്ത് കൺട്രോൾ ഉണ്ട്? ഫിനാൻസ് സെക്രട്ടറി അവിടെ ചെല്ലുന്നു എന്നാണ് പറയുന്നത്. മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഒരു സെക്രട്ടറി എന്ത് പറയും?

LIBRARY ARCHIVES Kerala Legislative Assembly

എന്ത് പറഞ്ഞിട്ടുണ്ട്? പല സന്ദർഭങ്ങളിലും സെക്രട്ടറിമാർ ബോർഡ് മിറ്റിംഗിൽ പോകാൻ അറയ്ക്കുകയാണ്. കാരണം അവിടെ മന്ത്രിയിരിക്കുന്നു. അങ്ങനെ ചെയ്യണം, ഇങ്ങനെ ചെയ്യണമെന്നു പറഞ്ഞാൽ എന്തു ചെയ്യും. മനഃസാക്ഷിയുള്ള ഉദ്യോഗസ്ഥന്മാർ വിഷമിക്കുകയാണ്. അതാണ് പ്രശ്നം. സ്വതന്ത്രമായി അവരവരുടെ ഡിപ്പാർട്ടുമെന്റിനെ കുറിച്ച് ആ ഡിപ്പാർട്ടുമെന്റും ഈ സ്ഥാപനവുമായുള്ള ബന്ധത്തെക്കുറിച്ച് എന്തെങ്കിലും പറയാനോ ന്യായമായ തീരുമാനമെടുക്കാനോ കഴിയുന്നില്ല. അതാണ് പ്രശ്നം. ബഡ്ജറ്റ് ആനുവൽ ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റ് തയ്യാറാക്കി സാമ്പത്തികവർഷം അവസാനിക്കുന്നതിനു മുമ്പ് ഗവൺമെന്റിന് കൊടുത്ത്, ഗവൺമെന്റിന്റെ അപ്രൂവൽ വാങ്ങിച്ച് വേണം പണം ചെലവഴിക്കാൻ. കഴിഞ്ഞവർഷം അങ്ങനെ ചെയ്തിട്ടില്ല. ഇപ്പോൾ കിട്ടിക്കാണുമായിരിക്കും. എനിക്ക് അറിഞ്ഞുകൂടാ. ഫൈനാൻസ് ഡിപ്പാർട്ട്മെന്റ് പരിശോധിക്കാൻ സന്ദർഭം കിട്ടിയിട്ടില്ല. മദ്രാസ് മെട്രോപൊളിറ്റൻ ബോർഡിന്റെ നിയമത്തിൽ ബഡ്ജറ്റ് തയ്യാറാക്കുന്നതിന്, ബഡ്ജറ്റ് ഗവൺമെന്റ് പരിശോധിക്കുന്നതിനും ബോർഡിന് അത് പാസാക്കുന്നതിനും വ്യവസ്ഥകളുണ്ട്. അത് കിട്ടിയതിനുശേഷം ബഡ്ജറ്റ് അനുസരിച്ചുള്ള ചിലവിനങ്ങൾ നിയന്ത്രിക്കുന്നതിന്, ക്രമീകരിക്കുന്നതിനൊക്കെ ഫിനാൻസ് മെമ്പർക്കുള്ള അധികാരം, ബോർഡിനുള്ള അധികാരം ഇതിനൊക്കെ വെവ്വേറെ വ്യവസ്ഥകളുണ്ട്. ഗവൺമെന്റിൽ പരിശോധിച്ചിട്ട്, അതുപോലെതന്നെ ബഡ്ജറ്റും ധനകാര്യസ്റ്റേറ്റ്മെന്റും നിയമസഭയിൽ അവതരിപ്പിക്കുന്നു. അതിനൊക്കെ വ്യവസ്ഥയുണ്ട്. നമ്മുടെ നിയമത്തിൽ അതൊന്നുമില്ല. ഫിനാൻസ് ഡിപ്പാർട്ടുമെന്റു വഴി കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് ഈ അതോറിറ്റി വാങ്ങിക്കൊണ്ടുപോകുന്ന പണം എങ്ങനെ ചെലവഴിക്കുന്നുവെന്ന് പരിശോധിക്കാൻ ആർക്കും അവകാശമില്ല. പരിശോധനയുമില്ല.

അതുപോലെതന്നെ നിയമവകുപ്പ്, പി. എച്ച്. ഇ. ഡി. യിലെ ജീവനക്കാർ ഒരു റഗുലർ ഗവൺമെന്റ് ഡിപ്പാർട്ടമെന്റ് ജീവനക്കാരായിരുന്നു. പബ്ലിക് സർവ്വീസ് കമ്മീഷൻ നിയമിച്ചവരാണ്. അതുമുഴുവൻ ഒരു കുറ്റിച്ചൂല്കൊണ്ട് അടിച്ചുവാരി വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയെന്ന ചവറ്റുകുട്ടയിൽ ആക്കിയതിനുശേഷം തോന്നിയതുപോലെയാണ് നിയമനം നടത്തിയത്. ഞാൻ അതിനെക്കുറിച്ച് എന്തെങ്കിലും പറഞ്ഞാൽ അത് മോശമാകും. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ എംപ്ലോയീസ് അസോസിയേഷൻ (ഐ. എൻ. ടി. യു. സി.) അവരുടെ ഒരു പ്രസ്താവന. അതിലെ ഒരു വാചകം ഞാൻ വായിക്കാം. അവർ ഗവർണ്ണർക്ക് കൊടുത്ത മെമ്മോറാണ്ടമാണ്. ഞാൻ പറഞ്ഞാൽ അത് മനഃപ്പൂർവ്വമാണെന്ന് പറയും. 'വകുപ്പുമന്ത്രി കൂടിയായ ചെയർമാനും ഭാഗ്യാന്വേഷിയായ മാനേജിംഗ് ഡയറക്ടറും കൂടി നേതൃത്വം വഹിക്കുന്ന ഈ സ്ഥാപനത്തിന്റെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനം വിശദമായ ഒരു അന്വേഷണത്തിന് വിധേയമാക്കേണ്ടതാണ്. ആഡിറ്റിംഗിനുപോലും വിധേയമല്ലാതെ, അതോറിറ്റിയിൽ നടത്തുന്ന ധൂർത്ത് ജീവനക്കാർക്കും ജനങ്ങൾക്കും ഇന്നൊരു ശാപമാണ്. ഈ പരിതഃസ്ഥിതിയിൽ കോൺഗ്രസ് ആശയത്തിൽ അടിയുറച്ച് വിശ്വസിച്ചുകൊണ്ട് ഐ. എൻ. ടി. യു. സി. യിൽ പ്രവർത്തിക്കുന്ന ഈ അസോസിയേഷൻ സംസ്ഥാന കമ്മിറ്റി

LIBRARY ARCHIVES Kerala Legislative Assembly

വിശദമായ പഠനത്തിനും അന്വേഷണത്തിനും വേണ്ടി താഴെ പറയുന്ന കാര്യങ്ങൾ ഗവർണ്ണറുടെ നേരിട്ടുള്ള നടപടിക്കായി സമർപ്പിക്കുന്നു.

(1) വകുപ്പ് മന്ത്രിയെ ചെയർമാൻ സ്ഥാനത്തുനിന്നും നീക്കം ചെയ്യണം. മറ്റൊരു പൊതുമേഖലാസ്ഥാപനത്തിലും ഇല്ലാത്ത ഈ ഏർപ്പാട് നിറുത്തലാക്കണം.

(2) ചീഫ് എഞ്ചിനീയറായി റിട്ടയർ ചെയ്തതിനുശേഷവും രണ്ട് കൊല്ലംകൂടി ചീഫ് എഞ്ചിനീയറായി തുടരുകയും അതിനുശേഷം അതോറിറ്റിയുടെ മാനേജിംഗ് ഡയറക്ടറായി അവരോധിക്കുകയും ചെയ്ത എൻ. എസ്. ഭൈരവൻ എന്ന വ്യക്തിയെ തൽസ്ഥാനത്തുനിന്ന് മാറ്റണം പകരം ഐ. എ. എസ്. കേഡറിൽപ്പെട്ട (എഞ്ചിനീയറിംഗ് പശ്ചാത്തലമുള്ള ആൾ അഭികാമ്യം) കഴിവുള്ള ഒരു ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണം.

ഞാൻ ഇത് മേശപ്പുറത്ത് വയ്ക്കാം. 1-8-1984-നു ശേഷം നടത്തിയിട്ടുള്ള താഴെ പറയുന്ന തസ്തികകളിലെ അവിഹിത നിയമനങ്ങൾ റദ്ദ് ചെയ്യണം. അവരെ മുഴുവൻ പിരിച്ചുവിടണം. ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറി, പബ്ലിക് റിലേഷൻസ് ഓഫീസർ, ക്ലാർക്കുമാർ, സ്റ്റെനോഗ്രാഫർമാർ, ടൈപിസ്റ്റുമാർ. കോൺഗ്രസ്കാർ ആയതുകൊണ്ട് അവർക്ക് സത്യം പറഞ്ഞുകൂടേ? ഐ. എൻ. ടി. യു. സി. ആണെന്നുവെച്ച് അവർക്ക് സത്യം പറഞ്ഞുകൂടേ? ആയിരക്കണക്കിന് എച്ച്. ആർ., സി. എൽ. ആർ. തൊഴിലാളികളെ നിയമിച്ചിട്ടുണ്ട്. ഞാൻ കൂടുതൽ വായിക്കുന്നില്ല. ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഇന്ന് അംഗീകരിച്ചിട്ടുള്ള വ്യവസ്ഥയ്ക്ക് അനുസരിച്ച് വിനിയോഗിക്കാൻ, ആവശ്യമായ പരിശോധന നടത്താനും ഗവൺമെന്റിന് ഈ സ്ഥാപനത്തെ നിയന്ത്രിക്കാനും ഗവൺമെന്റിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ച് അതിന്റെ പ്രവർത്തനത്തിന്റെ മേൽനോട്ടം വഹിക്കാനും ഇന്ന് സാദ്ധ്യമല്ല, അത് നടക്കുന്നില്ല. ഇത് എറ്റവും വലിയ അപാകതയാണ്. എന്തുകൊണ്ടെന്നാൽ മന്ത്രിതന്നെ ചെയർമാനായിരിക്കുന്നുവെന്നുള്ളതാണ് ആദ്യത്തെ കാരണം. റഗുലേഷൻസും റൂൾസും ഉണ്ടാക്കണമെന്ന് ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്റെ കൈയിൽ ഒരു റിപ്പോർട്ടുണ്ട്. ഒമ്പതാം സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടുണ്ട്. മന്ത്രിതന്നെ അത് ഇവിടെ അവതരിപ്പിച്ചതാണ്, ഗവൺമെന്റ് ഇവിടെ അവതരിപ്പിച്ചതാണ്. അതിൽ റൂൾ 65—

Power to make rules:—The Government may, by notification in the Gazette, make rules for carrying out the purposes of this Act.

In particular, and without prejudice to the generality of the foregoing powers, such rules may provide for all or any of the following matters, namely:—

LIBRARY ARCHIVES Kerala Legislative Assembly

The salaries and allowances and other conditions of service of Officers and employees of the authority other than such officers and employees employed on contract basis.

The manner of operation of funds by the authority under sub-section (4) of section 22.

The manner of making provision for depreciation reserve and for its utilisation.

The powers of the Auditor under sub-section (2) of section 29.

The manner in which the accounts of the authority shall be published.

The procedure in respect of surcharge under section 30 including the provision of appeal, if any, in respect thereof;

The extent of contributions and manner of making such contributions by local bodies under section 31;

Any other matter which is to be or may be prescribed.

ഈ കാര്യങ്ങളിലൊന്നും ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ല. കഴിഞ്ഞാരു ദിവസം റൂൾ വച്ചതിന്റെ കഥ അങ്ങേക്കും സഭയ്ക്കും അറിയാമല്ലോ. വയ്ക്കേണ്ട രീതിയിൽ വയ്ക്കാതെ തയ്യാറാക്കേണ്ട സമയത്ത് തയ്യാറാക്കാതെ പരിശോധിക്കേണ്ടപ്പോൾ പരിശോധിക്കാതെ തോന്നിയതുപോലെ എഴുതി തോന്നുമ്പോൾ കൊണ്ടുവരും. ഞാൻ അതിനെക്കുറിച്ച് കൂടുതലൊന്നും പറയുന്നില്ല. അതിനെക്കുറിച്ച് അദ്ദേഹംതന്നെ സഭയിൽ പറഞ്ഞു. അതനുസരിച്ചുള്ള റൂൾ ഉണ്ടാക്കിയിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ പറഞ്ഞതാണ്. അതുപോലെ റഗുലേഷൻസ് ഉണ്ടാക്കണമെന്നുണ്ട്.

The authority may, with the previous approval of the Government make regulations not inconsistent with this act and the rules made thereunder, for the administration of the affairs of the Authority.

In particular and without prejudice to the generality of the foregoing power, such regulations may provide for all or any of the following matters, namely:—

The summoning and holding of meetings of the Authority, the time and place where such meetings are to be held, the conduct of business at such meetings and the number of persons necessary to form a quorum thereat;

The powers and duties of the employees of the Authority;

The management of property of the Authority;

LIBRARY ARCHIVES Kerala Legislative Assembly

The execution of contracts and assurance of property on behalf of the Authority;

The limits upto which the managing Director shall be competent to incur recurring or non-recurring expenditure in any financial year without such expenditure;

The maintenance of accounts and the preparation of annual statement of accounts and balance sheet by the Authority;

The procedure for carrying out the functions of the Authority;

The terms and conditions for supply of water for domestic or other purposes;

The installation of meters;

The fee to be paid for connection with a sewer of the Authority and other terms and conditions for such connections;

Any other matter for which provision is to be or may be made in regulations.

റഗുലേഷൻസ് ഒന്നും ഇന്നുവരെ ഉണ്ടാക്കിയിട്ടില്ല. സബ്ജക്ട് കമ്മിറ്റിയിൽ പറയുന്നത് ഞങ്ങൾ ഫിനാൻസ് ബോർഡ് ഒരു പ്രമേയം പാസാക്കിയിട്ടുണ്ട്, ബഡ്ജറ്റ് മാന്വൽ അംഗീകരിച്ചിട്ടുണ്ട്. അതുകൊണ്ട് പ്രമേയംമൂലം ഈ കാര്യങ്ങളെല്ലാം ചെയ്യാം എന്നാണ്. പിന്നെ നിയമത്തിൽ എന്തിനാണ് ഇത് എഴുതിവച്ചിരിക്കുന്നത്. ഈ ഓർഡിനൻസ് ഒരു വർഷം കഴിഞ്ഞു, രണ്ടാം വർഷം പൂർത്തിയാക്കാൻ പോകുന്നു. രണ്ട് വർഷത്തെ പ്രവർത്തനത്തിന് ഇതുവരെ നിയമമനുസരിച്ച് ഉണ്ടാക്കേണ്ട റഗുലേഷൻസ് ഉണ്ടാക്കിയിട്ടില്ല, റൂൾസ് ഉണ്ടാക്കിയിട്ടില്ല. ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ നിയന്ത്രിക്കാൻ ഗവൺമെന്റിനെ അനുവദിച്ചിട്ടില്ലാ, ഗവൺമെന്റ് അത് ചെയ്തില്ലാ. അതിനാവശ്യമായിട്ടുള്ള വൈദഗ്ദ്ധ്യമില്ല.

സർ, സാമ്പത്തിക വൈദഗ്ദ്ധ്യമുള്ള ആളുകൾ നമ്മുടെ രാജ്യത്ത് ലഭ്യമാണ്. ഉത്തരവാദിത്വമുള്ള ഒരു സാമ്പത്തിക വിദഗ്ദ്ധനെ ഇതിന്റെ ഫിനാൻസ് മെമ്പറായി വയ്ക്കുകയെന്നുള്ളതാണ് ആവശ്യം. അങ്ങനെയാണ് മറ്റ് സ്ഥലങ്ങളിൽ ചെയ്യുന്നത്. ആ ഉദ്യോഗസ്ഥന് ജോലിയുണ്ട്. സാമ്പത്തിക അച്ചടക്കം പാലിക്കുന്ന കാര്യങ്ങളിൽ ചോദ്യം ചെയ്യാനുള്ള ആളുകൾ വേണം. ഉത്തരം പറയാൻ ആള് വേണം.

LIBRARY ARCHIVES Kerala Legislative Assembly

ചുമതലയുള്ളവർ, സത്യസന്ധതയുള്ളവർ, പ്രവർത്തിക്കാൻ മിടുക്കുള്ളവൻ കഴിവുള്ള വർ വേണം. ഗവൺമെന്റിന് കാര്യങ്ങൾ ചോദിക്കാനുള്ള മനസ്സുംവേണം. പക്ഷേ ഇത് ഒരാളിന്റെ തറവാട്ടുസ്വത്ത് പോലെയാകാൻ പറ്റുകയില്ല. ഒരാളിന്റെ ഉള്ളംകയ്യിലിരിക്കുന്ന അധികാരവും സ്ഥാപനവും International Water and Sewerage Decade എന്നും എസ്റ്റിമേറ്റ് കമ്മിറ്റിയെന്നും സഭ എന്നൊക്കെ പറയുക അവരാരും ചെയ്തില്ലെന്നും ഞാൻ ചെയ്തു എന്നും പറയുക. ഇതുപോലെയുള്ള ഒരു തോന്ന്യാസം ചരിത്രത്തിലുണ്ടായിട്ടുണ്ടോ? ഇതുപോലുള്ള ഒരു ധിക്കാരം ഉണ്ടായിട്ടുണ്ടോ? അതുകൊണ്ട് ഈ ഓർഡിനൻസ് നിരാകരിക്കണം. നമ്മുടെ സംസ്ഥാനത്ത് ശുദ്ധജല വിതരണവും ഡ്രെയിനേജ് പദ്ധതിയും നടപ്പിലാക്കുന്നതിന് പട്ടണങ്ങളിലും ഗ്രാമങ്ങളിലും പ്രത്യേകം പ്രത്യേകം സംവിധാനം ഉണ്ടാക്കി അതിനാവശ്യമായ നിയമ വ്യവസ്ഥകളും പ്രവർത്തിക്കാൻ കഴിവുള്ള വൈദഗ്ദ്ധ്യമുള്ള (വൈദഗ്ദ്ധ്യത്തെപ്പറ്റി ഞാൻ നേരത്തേ പറഞ്ഞു) ആളുകളെയും വച്ച് ഇതിന് പറ്റിയ സംവിധാനം ഏർപ്പെടുത്തണമെന്നുള്ളതു കൊണ്ട് ഇത് ഈ സഭ നിരാകരിക്കണമെന്നാണ് എന്റെ അഭ്യർത്ഥന.

<u>ശ്രീ. കാനം രാജേന്ദ്രൻ</u>: സർ, ബഹുമാനപ്പെട്ട ആർ. എസ്. ഉണ്ണി അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. ഈ നിയമത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ അദ്ദേഹം ഇവിടെ സൂചിപ്പിച്ചപോലെ ഏപ്രിൽ ഒന്നാം തീയതി നിലവിൽ വന്ന ഈ നിയമം ഓർഡിനൻസ് എന്നുള്ള നിലയിൽ 1984-ലെ 14-ാമത്തെ ഓർഡിനൻസാണ്. 1984-ലെ 14-ാമത്തെ ഓർഡിനൻസ് റീപ്ലെയിസ് ചെയ്യുന്നതിനു വേണ്ടി ഒരു ബിൽ കൊണ്ടുവരുകയും എന്നാൽ 1985-ലെ 66-ാമത്തെ ഓർഡിനൻസ് നിൽക്കുകയും ചെയ്യുന്ന ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്.

ജലസേചന വകുപ്പുമന്ത്രി (<u>ശ്രീ. എം. പി. ഗംഗാധരൻ</u>): ചട്ടപ്രകാരം ചെയ്യാം.

<u>ശ്രീ. ബേബി ജോൺ</u>: ഇല്ലാത്ത ഒരു ഓർഡിനൻസ് എങ്ങനെയാണ് റിപ്ലേയിസ് ചെയ്യുന്നത്? ചട്ടപ്രകാരം എങ്ങനെയാണ് allow ചെയ്യുന്നത്. ചെയർമാൻ wave ചെയ്ത് ചർച്ച അനുവദിക്കാം. ചട്ടപ്രകാരം അനുവദനീയമാണെന്നു പറഞ്ഞാൽ ഇല്ലാത്ത ഒരു ഓർഡിനൻസ് ചട്ടപ്രകാരം എങ്ങനെയാണ് അനുവദിക്കാൻ സാധിക്കുന്നത്?

<u>ശ്രീ. എ. സി. ജോസ്</u>: സർ, ബിൽ അവതരിപ്പിക്കുന്നതിന് ഓർഡിനൻസിന്റെ ചട്ടവും നിയമവും നോക്കേണ്ട കാര്യമുണ്ടോ?

<u>ശ്രീ. ബേബി ജോൺ</u>: ബില്ലിൽ പറഞ്ഞിരിക്കുന്നത് ഓർഡിനൻസ് റീപ്ലെയിസ് ചെയ്യണമെന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. സി. ജോസ്: ഇവിടെ ഒരു ബിൽ അവതരിപ്പിച്ചു കഴിഞ്ഞാൽ ആ ബില്ലിനെക്കുറിച്ച് ചർച്ച നടക്കുമ്പോൾ അത് ഏത് ഓർഡിനൻസാണ് എന്ന് ചോദിക്കുന്നതിൽ ഒരർത്ഥവുമില്ല.

ശ്രീ. ബേബി ജോൺ: അങ്ങ് ഇത് ചർച്ചചെയ്യാൻ അനുവദിച്ചു, ഞങ്ങൾ വെറുതേയിരുന്നു. മന്ത്രി പറഞ്ഞു ചട്ടപ്രകാരം അനുവദനീയമാണെന്ന്. അതെങ്ങനെയാണ് സർ? ലാപ്സായ ഒരു ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാൻ ഒരു ബില്ല് കൊണ്ടുവന്നത് ചട്ടപ്രകാരമാണെന്നു പറഞ്ഞതിലേയുള്ളു. അങ്ങേയ്ക്ക് ഇതനുവദിക്കാൻ അധികാരം ഉണ്ട്, ആ അധികാരം ഉപയോഗിച്ച് അങ്ങ് അനുവദിച്ചു.

ശ്രീ. എം. എം. ഹസ്സൻ: സർ, സഭയിലുള്ളത് ബില്ലിന്റെ അവതരണവും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവുമാണ്.

ശ്രീ. ബേബി ജോൺ: ആകാശത്തുനിന്നും എന്തെങ്കിലും എടുത്ത് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയില്ല. ഈ സഭയുടെ മുമ്പിൽ വച്ചിരിക്കുന്നത് ബില്ലാണ്, അതാണ് സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുന്നത്. ആ ബില്ലിലാണ് പറയുന്നത് 1984-ൽ.....

ശ്രീ. എ. സി. ജോസ്: ബഹുമാനപ്പെട്ട ബേബി ജോണിന് അറിയാം ആദ്യമായി ഈ ബില്ല് അവതരിപ്പിക്കാനുള്ള അനുവാദം ഈ സഭ കൊടുത്തു. അത് കഴിഞ്ഞിട്ട് ബഹുമാനപ്പെട്ട മന്ത്രി I move this resolution എന്ന് പറഞ്ഞ് ഒരു ബില്ലായി അവതരിപ്പിക്കുന്നു. അതിനെക്കുറിച്ച് ചർച്ച നടക്കുകയാണ്. അതിനിടയ്ക്ക് ഓർഡിനൻസിന്റെ കാര്യം പറയുന്നത് എന്ത് ആവശ്യത്തിനാണ്?

ശ്രീ. ബേബി ജോൺ: ഞാനും അതുതന്നെയാണ് പറയുന്നത്. ഇല്ലാത്ത ഓർഡിനൻസ് റീപ്ലെയിസ് ചെയ്യനാണ് ഈ ബില്ല് എന്ന് ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞപ്പോൾ ബഹുമാന്യനായ മന്ത്രി പറഞ്ഞു ചട്ടപ്രകാരം ഇല്ലാത്ത ഒരു ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാം എന്ന്. ഇത് എങ്ങനെയാണെന്ന് എനിക്ക് അറിയില്ല.

ശ്രീ. എം. പി. ഗംഗാധരൻ: ബഹുമാനപ്പെട്ട ബേബി ജോണിന് ഇത് അറിയാമെന്നാണ് ഞാൻ വിചാരിച്ചത്. അദ്ദേഹത്തിന് അറിയില്ലാ എന്ന സ്ഥിതി വന്നതുകൊണ്ട് ഞാൻ പറയുകയാണ് 1-4-1984-ലെ ഓർഡിനൻസ് To keep it alive of such Ordinance, the following ordinance were promulgated, dated ..... No. (2), Kerala Water and Waste Water Ordinance 1984 on 13-4-1984, that is 39/84 Ordinance. Then again 57/84, 60/84 Ordinance again to revalidate. പഴയ ഓർഡിനൻസ് റീവാലിഡേറ്റഡ് ചെയ്ത് ഒടുവിൽ 12-8-1985-ൽ 66-ാം ഓർഡിനൻസായി

LIBRARY ARCHIVES Kerala Legislative Assembly

റീവാലിഡേറ്റ് ചെയ്തിരിക്കുന്നു. അതുകൊണ്ടാണ് ആദ്യത്തെ ഓർഡിനൻസിന്റെ പേരും പറഞ്ഞുകൊണ്ട് ഇത് റീവാലിഡേറ്റ് ചെയ്ത് ഓർഡിനൻസ് കൊണ്ടുവന്നത്.

ശ്രീ. ബേബി ജോൺ: അവിടെയാണ് ശ്രീ. ഗംഗാധരന് തെറ്റുപറ്റിയത്. എന്റെ അറിവില്ലായ്മകൊണ്ടായിരിക്കാം ഞാൻ പറയുന്നത്. 1984-ലെ ഓർഡിനൻസ് ഇല്ലാതായപ്പോൾ വീണ്ടും ഓർഡിനൻസ് പുറപ്പെടുവിച്ചു. ആദ്യത്തെ ഓർഡിനൻസ് വീണ്ടും ഇല്ലാതായപ്പോൾ പുതിയ ഓർഡിനൻസ് വന്നു. പഴയ വാചകങ്ങളൊക്കെതന്നെ. 1984-ലെ ഓർഡിനൻസ് അല്ല. അവിടെയാണ് വ്യത്യാസം.

ശ്രീ. എം. പി. ഗംഗാധരൻ: 1984-ലെ ഓർഡിനൻസ് റീവാലിഡേറ്റ് ചെയ്തു. നമ്മുടെ റൂൾസ് ഓഫ് പ്രൊസിഡ്യൂവർ അനുസരിച്ച്.....

ശ്രീ. ബേബി ജോൺ: അദ്ദേഹം നിയമജ്ഞനാണ്, ഞാൻ അല്ലാത്തവനാണ്. ഒരു ഓർഡിനൻസ് ലാപ്സായതുകൊണ്ട് രണ്ടാമത് ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നു. അതായത് ഒരു ഓർഡിനൻസ് വന്നു അത് ലാപ്സായി വീണ്ടും പുറപ്പെടുവിക്കുന്നു.

ശ്രീ. എം. പി. ഗംഗാധരൻ: അവിടെയാണ് വ്യത്യാസം. 1-4-1985-ലെ ഓർഡിനൻസ് റീവാലിഡേറ്റ് ചെയ്തു. അപ്പോൾ പുതിയ ഓർഡിനൻസായി. ഇങ്ങനെയുള്ള ഓർഡിനൻസ് കൊണ്ടുവന്നാലും റീപ്ലെയിസ് ചെയ്യുന്ന അതേ പ്രൊവിഷൻ തന്നെ ബില്ലിൽ വേണമെന്നില്ല. നമ്മുടെ റൂൾസ് ഓഫ് പ്രൊസിഡ്യൂവർ പ്രകാരം അതേ വകുപ്പുകൾ തന്നെ ബില്ലിൽ ഉണ്ടായിക്കൊള്ളണമെന്നില്ല. ബില്ല് പ്രിസൈഡ് ആകാം, അഡീഷൻ ആകാം. അതുകൊണ്ട് ഈ ബിൽ കൊണ്ടുവന്നാൽ ആദ്യത്തേത് മുഴുവൻ അതേപോലെ റീപ്ലെയിസ് ചെയ്യണമെന്ന് നിയമം ഇല്ല.

ശ്രീ. ബേബി ജോൺ: ഞാൻ സമ്മതിക്കുന്നു. എന്റെ അറിവില്ലായ്മകൊണ്ടായിരിക്കാം ഞാൻ പറയുന്നത്. എങ്കിലും ഞാൻ പറയുന്നത് 1984-ൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു. അത് നിയമസഭയിൽകൊണ്ടുവന്ന് ബില്ലായി അവതരിപ്പിച്ച് പാസാക്കാൻ കഴിഞ്ഞില്ല. ഇന്നു നിലവിലിരിക്കുന്ന ചട്ടം അനുസരിച്ച് നിയമസഭകൂടി ആറാഴ്ചയ്ക്കകം ഇതു ബില്ലായി അവതരിപ്പിച്ച് പാസ്സാക്കിയില്ലെങ്കിൽ അത് ലാപ്സാകും അപ്പോൾ പുതിയ ഓർഡിനൻസ് കൊണ്ടുവന്നു. പുതിയ ഓർഡിനൻസ് വന്നതിൽ പഴയതിന്റെ ഉള്ളടക്കമായിരിക്കും. ചിലപ്പോൾ ചില മാറ്റങ്ങൾ ഉണ്ടാകാം. അപ്പോൾ ആദ്യത്തെ ഓർഡിനൻസ് ഇല്ലാതായി. പുതിയതാണ് പിന്നീട് വരുന്നത്. അങ്ങനെ 1985-ൽ പഴയത് എല്ലാംകൂടി മാറ്റി പുതിയവ ചേർത്തുകൊണ്ട് പുതിയ ഓർഡിനൻസ് വന്നു. നമ്പർ 86/85. ആ ഓർഡിനൻസ് അല്ലാ ഇവിടെ റീപ്ലെയ്സ്മെന്റിന് വന്നത്. 1984-ലെ ഇല്ലാത്ത ഓർഡിനൻസാണ് റിപ്ലേസ്മെന്റിന് വന്നത്. അങ്ങേക്ക് അധികാരമുണ്ട്. ആ അധികാരം ഉപയോഗിച്ച് ഒരു ബിൽ എന്ന നിലയിലോ എങ്ങനെയോ ചർച്ചയ്ക്ക് അനുവദിച്ചു. അതിൽ ആർക്കും യാതൊരു തർക്കവുമില്ല. പക്ഷേ ഇല്ലാത്ത ബിൽ, ഇല്ലാത്ത ഓർഡിനൻസ്, ലാപ്സായ

LIBRARY ARCHIVES Kerala Legislative Assembly

ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാൻ ചട്ടപ്രകാരം മന്ത്രിക്ക് അവകാശമുണ്ട്, അധികാര മുണ്ട് എന്ന് പറയാതിരുന്നാൽ മാത്രംമതി.

ശ്രീ. എ. സി. ജോസ്: എന്തുതന്നെയായലും ഒരു ബിൽ ഇവിടെ അവതരിപ്പിച്ചു കഴിഞ്ഞതിനുശേഷം ആ ബില്ലിനെക്കുറിച്ച് ചർച്ച നടക്കണം.

ശ്രീ. എ. സി. ഷൺമുഖദാസ്: സാങ്കേതിക പദവും ഒരു ഘടകംതന്നെയാണ്. അങ്ങേക്ക് അധികാരമുണ്ട്. ആ അധികാരം ഉപയോഗിച്ചുകൊണ്ട് പറയാം. ഇതിൽ പറയുന്ന നിർദ്ദേശം ഉടൻതന്നെ നടപ്പിൽ വരുത്തണമെന്ന് ഉദ്ദേശിച്ചതുകൊണ്ടും നിയമസ ഭ സമ്മേളിച്ചുകൊണ്ടിരുന്ന സമയം അല്ലാതിരുന്നതുകൊണ്ടും മലിനജല ഓർഡർ-1984 -ലെ 14-ാം ഓർഡിനൻസ് മുകളിൽ പറഞ്ഞ ഉദ്ദേശം സാധിക്കുന്നതിനായി 1984 ഫെബ്രുവരി ഒന്നാംതീയതി ഗവർണ്ണർ വിളംബരപ്പെടുത്തിയ പ്രസ്തുത ഓർഡി നൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്ട് കൊണ്ടുവരുന്നതിന് ഉദ്ദേശി ച്ചുകൊണ്ടുള്ളതാണ് ഈ ബിൽ. ഇന്ന് നിലവിലുള്ള 1985-ലെ 66-ാം ഓർഡിനൻസിന് പകരമല്ല. ഞങ്ങൾക്ക് തന്നിരിക്കുന്ന, ഇവിടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ബില്ലിൽ പറയുന്നത് 1984-ലെ 14-ാമത്തെ ഓർഡിനൻസാണ് എന്നാണ് അത് സമ്മതിക്കുന്നത്. സർ, അത് സമ്മതിച്ചിട്ട് നമ്മുക്ക് വേണമെങ്കിൽ കുറ്റമറ്റതാക്കാം. അങ്ങേക്ക് അത് തിരുത്താം. ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് ഇത് അവകാശമാണെന്നാണ്.

മിസ്റ്റർ ഡെപ്യൂട്ടി സ്പീക്കർ: ഈ ബിൽ ചർച്ചയ്ക്ക് ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചു കഴിഞ്ഞു. അപ്പോൾ അതിനെ സംബന്ധിച്ച് തർക്കത്തിന് അവകാശമില്ല. ഇനിയും ഇതേ സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടെങ്കിൽ ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് ചെയ്യാം.

ശ്രീ. കാനം രാജേന്ദ്രൻ: 14/84-ആയി പുറപ്പെടുവിച്ച ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാൻവേണ്ടി പുതുതായി 68/85 ആയി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും ചെയ്തതിനുശേഷം 1984-ലെ 14-ാം നമ്പർ ഓർഡിനൻസ് റീപ്ലെയിസ് ചെയ്യാൻ ഒരു നിയമം കൊണ്ടുവന്നിരിക്കുകയാണ്. ഇതിൽ സെക്ഷൻ 24-ൽ മാറ്റം വന്നിട്ടുണ്ട്. മാറ്റം ഉണ്ടായിട്ടില്ലെന്ന് ശ്രീ. ജോസ് പറയുന്നത് ശരിയല്ല. അതുകൊണ്ട് ബിൽ ചർച്ച ചെയ്യുകയെന്നു പറയുന്നത് സാങ്കേതികമായി ശരിയാണെങ്കിലും ഇതിന്റെ ജനനം മുതൽ തന്നെ സംഗതി കുഴപ്പമാണെന്നാണ് ഞാൻ ചൂണ്ടിക്കാണിക്കുന്നത്. അത് അപ്പു റത്തുള്ള സുഹൃത്തുക്കളും അംഗീകരിക്കുമെന്നു തോന്നുന്നു. ഈ നിയമത്തിൽ ചില അപാകതകൾ ചൂണ്ടിക്കാണിക്കുന്നതോടൊപ്പം, ഈ നിയമം ഇവിടെ അവതരിപ്പിച്ചു കൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ചില വാദമുഖങ്ങൾ ഇവിടെ ഉന്നയിക്കുകയുണ്ടായി.

സർ, അദ്ദേഹം ഉന്നയിച്ച വാദമുഖങ്ങളിൽ പ്രധാനമായിട്ടുള്ളത് ഈ കാലഘട്ട ത്തിൽ വളരെ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി കൂടുതൽ പണം ഇതിലേക്ക് ചെലവഴിക്കുന്നതിന് എല്ലാ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും സഹായം ലഭിക്കണമെന്നാണ്. കേരളാ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി—സർ, ഇതു പറയാൻതന്നെ പ്രയാസമാണ്. അതുകൊണ്ട് ഞാൻ 'കേരളാ ത്രീ ഡബ്ലിയു അതോറിറ്റി' എന്ന് വിളിക്കട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. വി. താമരാക്ഷൻ: സുപ്രസിദ്ധ ആംഗലേയ സാഹിത്യകാരനായ വില്യം ഷേക്സ്പിയറുടെ ഒരു ഉദ്ധരണി ഉണ്ട്. The treasure of a man is three Ws., Woman Wine and Wealth. അതിനെ അനുർത്ഥമാക്കിയാണോ Kerala Water and Sewage Board എന്നതിനുപകരം Kerala Water and Waste Water Authority എന്ന് ഇട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

ശ്രീ. കാനം രാജേന്ദ്രൻ: എനിക്ക് അറിയാവുന്നിടത്തോളം ബഹുമാനപ്പെട്ട മന്ത്രി ഷേക്സ്പിയറുടെ ഒരു ആരാധകനാണ്. അതുകൊണ്ട് അദ്ദേഹം ഒരു ഉദ്ദേശത്തോടു കൂടിയായിരിക്കണം ഈ പേര് ഇട്ടത്, അല്ലെങ്കിൽ അങ്ങനെ പേരിടേണ്ട കാര്യമില്ല. നേരത്തേ ഇതിന് വാട്ടർ ആന്റ് സീവേജ് ബോർഡ് എന്ന പേരിടണമെന്ന് നിർദ്ദേശമുണ്ടായിരുന്നു. അതിനുശേഷമാണ് ഈ പേരുതന്നെ വന്നത്. അതിന്റെ കുഴപ്പങ്ങളിലേക്ക് ഒന്നും ഞാൻ കടക്കുന്നില്ല. 1981 മുതൽ 1990 വരെയുള്ള വർഷങ്ങളിൽ ഐക്യരാഷ്ട്ര സംഘടനയുടെ ആഭിമുഖ്യത്തിൽ International Drinking Water Supply and Sanitation എന്ന പേരിൽ ആചരിക്കുകയാണ്. 1979 മുതൽ ഈ പത്തു വർഷക്കാലം നമ്മുടെ നാട്ടിൽ എങ്ങനെ ഈ പ്രവർത്തനം നടത്തണമെന്നുള്ളതിനെക്കുറിച്ച് ആലോചനകൾ നടത്തുകയും ചെയ്തു. 1947-ൽ സ്വാതന്ത്ര്യം കിട്ടി ഒന്നാം പഞ്ചവൽസര പദ്ധതി ആരംഭിക്കുന്ന സന്ദർഭത്തിൽ ശുദ്ധജല വിതരണത്തിനുവേണ്ടി നമ്മുടെ നാട്ടിൽ നീക്കി വച്ചിരുന്നത് വെറും 49 കോടി രൂപ മാത്രമാണ്. ഇന്ത്യാ രാജ്യത്ത് ഒന്നാം പഞ്ചവൽസര പദ്ധതിക്കാലത്ത് ശുദ്ധജല വിതരണത്തിനുവേണ്ടിയുള്ള അടങ്കൽ തുക 49 കോടി രൂപയായിരുന്നു. രണ്ടാം പദ്ധതിയിലും മൂന്നാം പദ്ധതിയിലും ഒന്നും ഈ കാര്യത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല. എന്നാൽ 1981 മുതൽ 1990 വരെയുള്ള പത്തു വർഷക്കാലംകൊണ്ട്, അതായത് 1990 ആകുമ്പോഴേക്കും എല്ലാ ജനങ്ങൾക്കും ശുദ്ധജലം എത്തിക്കുക എന്ന ഐക്യരാഷ്ട്ര സംഘടനയുടെ പദ്ധതിയുടെ അടിസ്ഥാനത്തിൽ മൂന്നാം ലോകരാഷ്ട്രങ്ങളും മറ്റുള്ള രാജ്യങ്ങളും എല്ലാം അവരുടെ പദ്ധതിയുടെ ഒരു നല്ലഭാഗം ഈ പദ്ധതിക്കുവേണ്ടി, ശുദ്ധജലം എത്തിക്കുന്ന പദ്ധതിക്കുവേണ്ടി മാറ്റിവയ്ക്കുവാൻ തീരുമാനിക്കുകയുണ്ടായി. ഗവൺമെന്റിന്റെ ഔദ്യോഗിക കണക്കനുസരിച്ച് പട്ടണ പ്രദേശങ്ങളിൽ ജീവിക്കുന്ന 77.7 ശതമാനം ആളുകൾക്ക് മാത്രമേ പരിമിതമായി എങ്കിലും ശുദ്ധജലം എത്തിക്കുവാൻ സാധിച്ചിട്ടുള്ളു.

ഇപ്പോൾ ഈ പദ്ധതിയിൽ പറയുന്ന ഒരു കുടുംബത്തിന് 100 ലിറ്റർ എന്നുള്ള ആ മിനിമം സ്റ്റേജിൽ എത്താൻ കഴിഞ്ഞിട്ടില്ല. 77.7 ശതമാനം ആളുകൾക്ക് മാത്രമേ നമുക്ക് പരിമിതമായ തോതിലെങ്കിലും ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടുള്ളു. ഇന്ത്യയിൽ ഏറ്റവുമധികം ജനങ്ങൾ ജീവിക്കുന്ന ഗ്രാമപ്രദേശങ്ങളിൽ 31 ശതമാനം മേഖലയിൽ മാത്രമാണ് പൈപ്പ് പോയിട്ടുള്ളതെന്നാണ് കണക്കാക്കാൻ കഴിഞ്ഞിട്ടുള്ളത്. അത്രയും മോശപ്പെട്ട ഒരു സാഹചര്യമുള്ള ഈ രാജ്യത്ത് ഗവൺമെന്റിന്റെതന്നെ ഔദ്യോഗിക കണക്കനുസരിച്ച് ഇന്ത്യാ രാജ്യത്തുണ്ടാകുന്ന രോഗത്തിന്റെ 80 ശതമാനവും ശുദ്ധജലം

ലഭിക്കാത്തതുമൂലം ഉണ്ടാകുന്നതാണെന്നാണ്. 80 ശതമാനം രോഗവും ജലത്തിലെ കുഴപ്പങ്ങളുടെ ഫലമായി ഉണ്ടാകുന്നു എന്നുള്ളതുകൊണ്ട് ഗവൺമെന്റിന്റെയും യുണൈറ്റഡ് നേഷൻസിന്റെയും കണക്കനുസരിച്ച് ഒരു വർഷം 730 ലക്ഷം മനുഷ്യാധ്വാന ദിനങ്ങൾ നമ്മുടെ രാജ്യത്ത് നഷ്ടപ്പെടുകയാണ്. 730 ലക്ഷം മനുഷ്യാധ്വാന ദിനങ്ങൾ ഒരു രാജ്യത്ത് നഷ്ടപ്പെടുകയെന്നു പറഞ്ഞാൽ നിസ്സാരമായ കാര്യമല്ല. ഇങ്ങനെ 730 ലക്ഷം മനുഷ്യാധ്വാന ദിനങ്ങൾ നമുക്ക് നഷ്ടപ്പെടുന്നതിന്റെ ഫലമായി ചികിൽസക്കും അതുപോലെ ഉൽപ്പാദനക്കുറവുമെല്ലാംകൂടി 500 കോടി രൂപ ഒരു വർഷം നമുക്ക് നഷ്ടമുണ്ടെന്ന് ഇന്ത്യാ ഗവൺമെന്റ് കണക്കാക്കിയിരിക്കുന്നു. ഈ ഒരു പ്രധാനപ്പെട്ട പ്രശ്നം ഗവൺമെന്റിന്റെയും യുണൈറ്റഡ് നേഷൻസിന്റെയുമൊക്കെ മുമ്പിൽ വന്നതിന്റെ ഫലമായിട്ട് കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി 1981 മുതൽ 1990 വരെയുള്ള വർഷങ്ങളിൽ ശുദ്ധജല വിതരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള ഒരു നിർദ്ദേശമുണ്ടായി. ആറാം പഞ്ചവൽസര പദ്ധതിയായപ്പോൾ ഒന്നാം പഞ്ചവൽസര പദ്ധതിയുടെ കാലഘട്ടത്തിലുള്ള 49 കോടി രൂപയിൽനിന്നും 3,900 കോടി രൂപയായി ശുദ്ധജല വിതരണത്തിനുള്ള അടങ്കൽ വർദ്ധിച്ചു. 1981 മുതൽ 1990 വരെയുള്ള വർഷങ്ങളിലേക്ക് 14,700 കോടി രൂപയാണ് ഇപ്പോൾ മാറ്റിവയ്ക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുള്ളത്. 14,700 കോടി രൂപ ഈ പത്തു വർഷക്കാലംകൊണ്ട് ശുദ്ധജല വിതരണത്തിന് മാറ്റിവെയ്ക്കാൻ തീരുമാനിക്കുക എന്നു പറഞ്ഞാൽ ഇന്ത്യയിൽ കഴിഞ്ഞ വർഷങ്ങളിൽ എത്ര പണം ചെലവഴിച്ചിട്ടുണ്ടോ അതിന്റെ ഇരട്ടിയാണ്. ഇതിൽ 6,250 കോടി രൂപ നാട്ടിൻപുറങ്ങളിൽ ശുദ്ധജലം എത്തിക്കാൻ വേണ്ടിയാണ് നീക്കിവയ്ക്കുന്നത്. അങ്ങനെയൊരു പദ്ധതി ഇന്ത്യാരാജ്യത്ത് നടപ്പിലാക്കുന്നതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തും ശുദ്ധജല വിതരണ രംഗത്ത് കുറേ മാറ്റങ്ങൾ ഉണ്ടാക്കാൻ നിശ്ചയമായിട്ടും കഴിയണം. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചപ്പോഴും അദ്ദേഹത്തിന്റെ ഇതിനു മുമ്പുള്ള പ്രസംഗത്തിലും 1982-ൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ കാര്യങ്ങളൊക്കെ ചെയ്തിട്ടുണ്ടെന്ന് ആവർത്തിച്ച് പറയാറുണ്ട്. ഞാൻ ഈ പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ അദ്ദേഹത്തിന്റെ ഈ വാദമുഖങ്ങൾക്ക് യാതൊരടിസ്ഥാനവുമില്ല. ഇതിനുമുമ്പ് ഈ സംസ്ഥാനത്തിന്റെ പരിമിതമായ വിഭവ ശേഖരത്തിൽ നിന്ന്, ഇന്ത്യാ മഹാരാജ്യത്തിന്റെ പരിമിതമായ വിഭവശേഖരത്തിൽ നിന്ന് നമുക്ക് പലപ്പോഴും കൂടുതൽ പണം ഇതിനുവേണ്ടി നീക്കിവയ്ക്കാൻ കഴിഞ്ഞിട്ടില്ലാ എന്നുള്ളത് സത്യമാണ്. ഇതിനുമുമ്പ് മന്ത്രിമാരായിരുന്നവരെല്ലാം മോശക്കാരും ഇപ്പോൾ അദ്ദേഹം ഒരു നല്ല ആളും എന്ന അർത്ഥത്തിൽ പറയുന്നത് ശരിയാണോ? അങ്ങനെയാണെങ്കിൽ ആരായിരുന്നു സർ, മന്ത്രിമാർ? ശ്രീ. അഹമ്മദ് കുരിക്കൾ മന്ത്രി ആയിരുന്നു. നമ്മുടെ ഇന്നത്തെ ഉപമുഖ്യമന്ത്രിയും മന്ത്രിയായിരുന്നു. ദീർഘനാൾ അദ്ദേഹമായിരുന്നു പി. എച്ച്. ഇ. ഡി. വകുപ്പ് കൈകാര്യം ചെയ്തിരുന്നത്. അദ്ദേഹം മോശക്കാരനാണെന്ന് ഞാൻ പറയുകയില്ല. ശ്രീ. സി. എച്ച് മുഹമ്മദ് കോയ ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. അദ്ദേഹം മോശക്കാരനാണോ? അതിനുശേഷമുള്ള പരിമിതമായ സമയത്താണെങ്കിലും ബഹുമാന്യനായ ഇന്നത്തെ മുഖ്യമന്ത്രി ഈ വകുപ്പ് കൈകാര്യം ചെയ്തിട്ടുണ്ട്. അദ്ദേഹം മോശക്കാരനാണെന്ന് ആർക്കെങ്കിലും പറയാൻ കഴിയുമോ? ഇപ്പുറത്തിരിക്കുന്ന .....

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ പറയുന്നത് ശരിയാണെങ്കിലും ഈ മാന്യന്മാരെല്ലാം ഈ വകുപ്പ് കൈകാര്യം ചെയ്തപ്പോൾ ഇങ്ങനെയൊരു വകുപ്പുണ്ടെന്നും പൈപ്പ് ഇങ്ങനെ കോടിക്കണക്കിന് വാങ്ങാമെന്നും ആരും തെളിയിച്ചിട്ടില്ല. അതാണ് അദ്ദേഹത്തിന്റെ മേന്മ.

ശ്രീ. കാനം രാജേന്ദ്രൻ: ഞാൻ അതിലേക്കാണ് വരുന്നത്. ശ്രീ. ഷൺമുഖദാസും മന്ത്രിയായിരുന്നു. 1980 മുതൽ 1990 വരെയുള്ള വർഷത്തിൽ ഈ വികസന പ്രവർത്തനങ്ങൾ എങ്ങനെ നടത്തണമെന്നതിനെ സംബന്ധിച്ച് ഒരു പരിപാടിയുണ്ടാക്കുന്ന സമയത്ത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഗവൺമെന്റ് അധികാരത്തിലിരിക്കുന്ന സമയമാണ്. ആ സന്ദർഭത്തിൽ നെതർലാന്റുമായും മറ്റു പല രാജ്യങ്ങളുമായും വേൾഡ് ബാങ്കുമായുമെല്ലാം ഈ പദ്ധതി എങ്ങനെ പ്രയോഗികമാക്കണമെന്നതിനെക്കുറിച്ച് പ്രാരംഭ ചർച്ചകൾ നടത്തുകയും അതിനാവശ്യമായ തീരുമാനങ്ങളെടുക്കുകയും ചെയ്തിരുന്നു. അതിനു ശേഷം ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു കൂടുതൽ പണം ലഭിക്കണമെന്നുണ്ടെങ്കിൽ ധനകാര്യ സ്ഥാപനങ്ങളുടെ കയ്യിൽനിന്നും കൂടുതൽ സഹായം കിട്ടണമെന്നുണ്ടെങ്കിൽ ഇനിയിപ്പോൾ ഈ രീതിയിൽ ഉണ്ടായെങ്കിലേ പറ്റുകയുള്ളു എന്ന്. മദ്രാസിൽ മെട്രോപോളിറ്റൻ വാട്ടർ സപ്ലൈ ആന്റ് സീവേജ് ആക്ട് എന്ന് പറഞ്ഞ് 1978-ൽ ഒരു ആക്ടുണ്ട്. ആ ആക്ടും ഇതുമായിട്ട് ഞാൻ താരതമ്യപ്പെടുത്തിനോക്കി. അതുമിതുമായി വളരെ വലിയ അന്തരമുണ്ട്. ഇതിനെക്കുറിച്ച് വകുപ്പുതിരിച്ചുള്ള ചർച്ച വരുമ്പോൾ വിശദമായി പറയാം. ഒരു നിയമം കൊണ്ടുവന്നതിന്റെ ഫലമായി മാത്രം ഒരു നിയമംകൊണ്ടുവന്ന് എല്ലാം സ്വന്തം ചിറകിൻകീഴിൽ ഒതുക്കിയതുകൊണ്ടുമാത്രം നമ്മുടെ സംസ്ഥാനത്തെ ശുദ്ധജല ക്ഷാമവും പ്രശ്നവും പരിഹരിക്കുമെന്ന് ആർക്കെങ്കിലും വിശ്വസിക്കാൻ കഴിയുമോ?

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോഴും ശ്രീ. പി. കെ. വാസുദേവൻനായർ മുഖ്യമന്ത്രിയായിരുന്നപ്പോഴും ഇങ്ങനെയൊരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുകയും അതു നടപ്പിലാക്കുന്നതിനുവേണ്ടിയുള്ള ആലോചനകൾ നടത്തുകയും ചെയ്തു. എന്നിട്ട് ഇപ്പോൾ അങ്ങനെയൊരു സംവിധാനം ഉണ്ടാക്കിയതു ശരിയല്ല എന്ന അഭിപ്രായത്തിലാണോ അങ്ങ് സംസാരിക്കുന്നത്?

ശ്രീ. കാനം രാജേന്ദ്രൻ: ഒരു കാര്യത്തെക്കുറിച്ചാലോചിച്ചതിനു ശേഷം മാത്രമേ തീരുമാനമെടുക്കാവു എന്ന കാര്യത്തിൽ എനിക്ക് നിർബന്ധമുണ്ട്. ഇങ്ങനെ ആലോചിക്കുകയും മാറ്റിവയ്ക്കുകയും ചെയ്തതാണ്. അങ്ങനെ ആലോചിക്കുകയും മാറ്റിവയ്ക്കുകയും ചെയ്ത ഒരു കാര്യം.....

ശ്രീ. എം. എം. ഹസ്സൻ: ഒരു ഗൗരവമുള്ള കാര്യത്തെക്കുറിച്ച് ആലോചിക്കുകയും വീണ്ടും ആലോചിക്കുകയും അത് മാറ്റിവയ്ക്കുകയും ചെയ്ത് അങ്ങനെ ഒരു ഒച്ചിഴയുന്ന ആ സംവിധാനത്തിൽ നിന്ന് വ്യത്യസ്തമായി മുയൽ ഓടുന്ന വേഗതയിൽ നിയമമുണ്ടാക്കിയതിന് ശ്രീ. ഗംഗാധരനെ ക്രൂശിക്കുന്നത് ശരിയാണോ?

ശ്രീ. കാനം രാജേന്ദ്രൻ: ഞാൻ അദ്ദേഹത്തെ ക്രൂശിക്കാൻ ശ്രമിക്കുകയല്ല. ഇങ്ങനെ ഒരു കാര്യം ചർച്ച ചെയ്യുമ്പോൾ അതിന്റെ ഗുണദോഷങ്ങളെക്കുറിച്ചെല്ലാം ആലോചിക്കുമ്പോൾ അതിൽ തെറ്റുണ്ടെന്ന് തോന്നിയാൽ, അതിൽ എന്തെങ്കിലും അപാകതയുണ്ടെന്ന് തോന്നിയാൽ അത് മാറ്റിവയ്ക്കുന്നതിൽ യാതൊരപാകതയുമില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: മുയൽ ഓടുന്ന വേഗത്തിലാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിനെ സംബന്ധിച്ച് ഒരു കഥയുണ്ട് ആമയെപോലെ പോയാൽ എത്തും. ഇത് വാട്ടർ സപ്ലൈയാണ്.

ശ്രീ. ടി. എസ്. ജോൺ: അതിനു ശേഷമാണ് കേന്ദ്ര പാർലമെന്റിലെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയും നമ്മുടെ സംസ്ഥാനത്തെ എസ്റ്റിമേറ്റ്സ് കമ്മിറ്റിയും ഇങ്ങനെയൊരു ബില്ലുണ്ടാക്കണമെന്ന് ഗവൺമെന്റിനോടാവശ്യപ്പെട്ടതെന്ന കാര്യം അറിയാമോ?

ശ്രീ. കാനം രാജേന്ദ്രൻ: എന്റെ അറിവിൽപ്പെട്ടിടത്തോളം ഒരു എസ്റ്റിമേറ്റസ് കമ്മിറ്റിയും മന്ത്രി ചെയർമാനായി ഒരു അതോറിറ്റിയുണ്ടാക്കണമെന്ന് പറഞ്ഞിട്ടില്ല. അങ്ങനെയൊരു അതോറിറ്റിയുണ്ടാക്കികൊള്ളണമെന്നും മന്ത്രി ചെയർമാനായിരിക്കണമെന്നും ഏതെങ്കിലും ഒരു എസ്റ്റിമേറ്റ്സ് കമ്മിറ്റി പറഞ്ഞിട്ടുള്ളതായി ശ്രീ. ടി. എസ്. ജോണിന് തെളിയിക്കാൻ പറ്റുമെങ്കിൽ ഞാൻ സമ്മതിക്കാം. പക്ഷേ അങ്ങനെ പറഞ്ഞിട്ടില്ല. അങ്ങനെ എല്ലാം സ്വന്തം ചിറകിൻകീഴിൽ ഒതുക്കുന്നതിനു വേണ്ടിയുള്ള ഒരു അതോറിറ്റി രൂപീകരിച്ച്.....

ശ്രീ. കെ. ശങ്കരനാരായണ പിള്ള: വളരെ മിടുക്കനായ ഒരാളാണ് ശ്രീ. ഗംഗാധരൻ. അതുകൊണ്ട് അദ്ദേഹം ഇതിന്റെ ചെയർമാനാകാൻ യോഗ്യനാണെന്നാണ് ശ്രീ. ഹസ്സൻ പറഞ്ഞത്. അങ്ങനെയാണെങ്കിൽ ശ്രീ. ഗംഗാധരനെ അതിന്റെ ഫുൾടൈം ചെയർമാനാക്കുകയും പകരം ശ്രീ. എം. എം. ഹസ്സനെ മന്ത്രിയാക്കുകയും ചെയ്യുന്നതിനെക്കുറിച്ച് എന്താണ് അഭിപ്രായം?

ശ്രീ. കാനം രാജേന്ദ്രൻ: ശ്രീ. ഹസ്സൻ എന്റെ സുഹൃത്താണെങ്കിലും മുഖ്യമന്ത്രിയും ഹസ്സനുമായി അങ്ങനെയല്ല എന്നാണെന്റെ അറിവ്. അതുകൊണ്ട് അതിനുള്ള സാധ്യത കുറവാണ്.

ശ്രീ. എം. എം. ഹസ്സൻ: പിള്ളക്കാര്യത്തിൽ വലിയ വാശിയുള്ള അങ്ങ് ഇപ്പോൾ പിള്ളയ്ക്കുവേണ്ടി വഴങ്ങിയത് ശരിയാണോ?

ശ്രീ. കാനം രാജേന്ദ്രൻ: ഇത് ഇവിടെ ഓർഡിനൻസായി കൊണ്ടുവന്നു. ഇത്രയേറെ, മന്ത്രി ഇവിടെ പറഞ്ഞതുപോലെ വളരെ ഗൗരവമുള്ള ഒരു പ്രശ്നമാണെങ്കിൽ ഒരു നിയമംകൊണ്ടുവന്ന് ഈ സഭയുടെ അഭിപ്രായമറിഞ്ഞ് അതിന്മേൽ അവസാന

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനമെടുക്കാമായിരുന്നു. ഇതൊരു ഓർഡിനൻസായിട്ടാണ് കൊണ്ടുവന്നത്. എങ്ങനെയാണ് സർ, ഓർഡിനൻസായി കൊണ്ടുവരുന്നത്? കഴിഞ്ഞപ്രാവശ്യം അദ്ദേഹം ഇതിനെക്കുറിച്ച് പറഞ്ഞു. വേൾഡ് ബേങ്കുമായി ഉടനെതന്നെ ചർച്ച നടത്തേണ്ടതാണ്. നെതർലന്റുമായി ചർച്ച നടത്തേണ്ടതാണ്. അങ്ങനെ വേൾഡ് ബാങ്കും നെതർലാന്റുമായി ചർച്ച ചെയ്യുന്ന സമയത്ത് നമുക്ക് ഒരു അതോറിറ്റി ഉണ്ടായില്ലെങ്കിൽ പണം നമുക്ക് നഷ്ടപ്പെടുമെന്നു പറഞ്ഞു. എന്താണ് അവരുമായി ചർച്ച ചെയ്തപ്പോൾ അവർ പറഞ്ഞത്? വേൾഡ് ബാങ്കും നെതർലാന്റും കാണിച്ച ജനാധിപത്യ ബോധമെങ്കിലും നമ്മുടെ മന്ത്രി കാണിക്കണ്ടേ? എന്താണ് അവർ പറഞ്ഞത്? അദ്ദേഹം ഇന്നും സൂചിപ്പിച്ചല്ലോ ഓർഡിനൻസ് പോരാ, ഒരു അക്ടുമായിട്ട് വരാൻ പറഞ്ഞു. ഇനി ആക്ടുമായിട്ട് വന്നിട്ട് ഈ കാര്യത്തെക്കുറിച്ച് സംസാരിക്കാമെന്ന് പറഞ്ഞു. എന്തിനാണ് ഇത്ര ധൃതി? ഈ ധൃതി ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുന്നതിൽ മാത്രമാണോ ഉണ്ടായത്? നിയമത്തിന്റെ കാര്യത്തിൽ എന്താണ്? ഇവിടെ സൂചിപ്പിച്ച കാര്യം ഞാൻ വീണ്ടും ആവർത്തിക്കുന്നില്ല. നിയമനങ്ങളുടെ കാര്യത്തിലും ഇതേ കാര്യംതന്നെ. ഡയറക്ടർ ബോർഡ് കൂടുന്ന ദിവസംതന്നെ ക്വാളിഫിക്കേഷൻ നിശ്ചയിക്കുക, ഏതൊക്കെ പോസ്റ്റ് വേണമെന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കുക, ആരെ നിയമിക്കണമെന്നുള്ളതിനെക്കുറിച്ച് തീരുമാനിക്കുക, ഉടൻതന്നെ റെസല്യൂഷൻ പാസാക്കുക, അതിനുമുമ്പുതന്നെ നിയമിക്കപ്പെട്ട ആൾ അവിടെ ഹാജരാവുക, ഇതെല്ലാം ഈ ബോർഡിൽ നടന്നിട്ടുണ്ട് എന്ന കാര്യത്തിൽ തർക്കമില്ല. മന്ത്രി തന്നെ ഒരിക്കൽ ഒരു പത്രസമ്മേളനത്തിൽ പറഞ്ഞത് ഞാൻ വയിച്ചു. 25,000 അപേക്ഷകൾ കിട്ടി, മദ്രാസിലെ ഒരു പോസ്റ്റ് ബോക്സ് നമ്പർവച്ചാണ് അപേക്ഷിച്ചത്. കേരളത്തിലെ ഒരു പൊതുസ്ഥാപനത്തിന്, വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിക്ക് ഈ കേരള സംസ്ഥാനത്തിൽ അതിന്റെ അഡ്രസിൽ അപേക്ഷകൾ ക്ഷണിച്ചാൽ അതിൽ അപാകതയുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നില്ല. അദ്ദേഹം പറഞ്ഞു കൂടുതൽ രഹസ്യമായിരിക്കുന്നതിനുവേണ്ടി ഒരു പോസ്റ്റ് ബോക്സ് നമ്പർ വച്ച് മദ്രാസിലേക്ക് അപേക്ഷിച്ചു എന്ന്. 25,000 അപേക്ഷകൾ കിട്ടി. 25,000 അപേക്ഷകൾ കിട്ടിയപ്പോൾ 25,000 അപേക്ഷകളും നോക്കി തെരഞ്ഞെടുക്കുന്നതിന് കൂടുതൽ സമയം വേണമെന്നുള്ളതുകൊണ്ട് പുറത്തു നിന്നും 28 പേരെ നിയമിച്ചു. ഇങ്ങനെ എവിടെയെങ്കിലും കേട്ടിട്ടുണ്ടോ? 25,000 ആളുകളുടെ അപേക്ഷകൾ ക്ഷണിക്കുക, ക്ഷണിച്ചിട്ട് 25,000 അപേക്ഷകൾ നോക്കിയെടുക്കാൻ വളരെ സമയമെടുക്കുമെന്നുള്ളതുകൊണ്ട് 28 പേരെ അത്യാവശ്യമായിട്ട് നിയമിക്കുക. ആർക്കെങ്കിലും കുറ്റം പറയാൻ പറ്റുമോ അദ്ദേഹത്തിന്റെ ഉത്തരവാദിത്വബോധത്തെ? ഇതുപോലെയുള്ള നടപടികൾ ഈ അതോറിറ്റിയിൽ നടക്കുന്നു. അതുപോലെതന്നെ ചോദ്യങ്ങൾ എല്ലാം നേരത്തേ തയ്യാറാക്കി കൊടുക്കുകയാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്കൊന്നും സമയമില്ലാത്തതു കൊണ്ട് കടക്കുന്നില്ല. ജലസേചനവകുപ്പു മന്ത്രി ശ്രീ. എം. പി. ഗംഗാധരനും ഇലക്ട്രിസിറ്റി ബോർഡിലും ഇത്തരം കാര്യങ്ങൾ നടക്കുന്നുണ്ട്. ..... (ബഹളം) .....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ളക്കെതിരെ ഈ സമയം ഞാൻ ആരോപണം ഉന്നയിക്കണമെന്ന് അദ്ദേഹം നിർബന്ധിക്കുന്നത് ശരിയാണോ?

ശ്രീ. എം. വി. രാഘവൻ: ബഹുമാനപ്പെട്ട മെമ്പർ ശ്രീമാൻ ഗംഗാധരനെ മാത്രം പറഞ്ഞാൽ പോരാ ബലകൃഷ്ണപിള്ളയേയും കൂടെ പറഞ്ഞാൽ എന്ത് എന്നാണ് ചോദിക്കുന്നത്.

ജലസേചന വകുപ്പുമന്ത്രി (ശ്രീ. എം. പി. ഗംഗാധരൻ): ഇലക്ട്രിസിറ്റി ബോർഡിൽ ബഹുമാനപ്പെട്ട മെമ്പറുടെ മന്ത്രിമാർ ഭരിച്ചിരുന്ന കാലത്ത് നടന്ന നടപടികളെ കുറിച്ച് ഓർമിച്ച് പറയണം എന്നാണ് ഞാൻ പറഞ്ഞത്.

ശ്രീ. കാനം രാജേന്ദ്രൻ: അദ്ദേഹം ഈ സമയത്തും ബാലകൃഷ്ണപിള്ളക്കെതിരെ പറയണമെന്ന് നിർബന്ധിക്കുന്നതിൽ എന്താണർത്ഥം? അതുകൊണ്ട് ഈ നിയമനങ്ങളെ സംബന്ധിച്ചും അതുപോലെയുള്ള പ്രശ്നങ്ങളെ സംബന്ധിച്ചുമെല്ലാം ധാരാളം വാർത്തകൾ നമ്മുടെ സംസ്ഥാനത്തുണ്ട്. മാത്രമല്ല വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച് അദ്ദേഹം എപ്പോഴും ഈ നിയമസഭയിൽ പറയാറുണ്ട് ഞാൻ ജനക്ഷേമ പ്രവർത്തനങ്ങൾ നടത്തുമ്പോൾ പ്രതിപക്ഷം അതിനെ എതിർക്കുന്നുവെന്ന്. പൈപ്പ് വാങ്ങുന്നതിൽ കുറ്റം പറയുന്നു, പൈപ്പ് ഇല്ലാതെ വെള്ളം കൊടുക്കുവാൻ എങ്ങനെയാ കഴിയുക? ഇന്നും അദ്ദേഹം അതൊക്കെ പറഞ്ഞു. ഇനിയിപ്പോൾ ഉടൻ പൈപ്പ് വാങ്ങിക്കണമെന്നാണ് പറയുന്നത്. അദ്ദേഹം മന്ത്രിയായതിനു ശേഷം കേരളത്തിൽ വാങ്ങിച്ച പി. വി. സി. പൈപ്പുകളെല്ലാംകൂടി കൂട്ടിയിട്ടാൽ നമ്മുടെ സംസ്ഥാനത്തിനു ചുറ്റും ഒരു 'ചൈനീസ് വൻമതിൽ' കെട്ടാൻ സാധിക്കും.....(ബഹളം).....

ഒരു ചൈനീസ് മതിൽ കെട്ടാനുള്ള പി. വി. സി. പൈപ്പ് വാങ്ങിച്ചു. വെള്ളം ഇല്ല എന്നുള്ളതാണ് രണ്ടാമത്തെ പ്രശ്നം. ഇതിന്റെ പ്ലാനിംഗിനെക്കുറിച്ച് വെള്ളം ഉണ്ടോ എന്ന് പരിശോധിക്കുന്നതിനും.

ശ്രീ. എം. പി. ഗംഗാധരൻ: മെമ്പറുടെ അറിവിനുവേണ്ടി പറയാം. അതോറിറ്റി വന്നതിനുശേഷം പി. വി. സി. പൈപ്പ് വാങ്ങിയിട്ടേയില്ല.

ശ്രീ. കാനം രാജേന്ദ്രൻ: പി. വി. സി.യേക്കാൾ കൂടുതൽ ഗുണകരമായിട്ടുള്ള എച്ച്. ഡി. പി. പൈപ്പുകളാണ് സർ അതിനുശേഷം വാങ്ങിച്ചത്. ഹൈ ഡെൻസിറ്റി പോളിയെത്തിലീൻ പൈപ്പുകൾ വാങ്ങിച്ചിട്ടുണ്ട്. കോട്ടയത്തെ എക്സിക്യൂട്ടീവ് എഞ്ചിനിയർ നാലരക്കോടി രൂപയ്ക്കാണ് ഓർഡർ കൊടുത്തത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: 1280 കോടി രൂപ ആറാം പദ്ധതിക്കാലത്ത് വാട്ടർ സപ്ലൈയ്ക്കുവേണ്ടി ചെലവഴിക്കുമെന്ന് മെമ്പർ തന്നെ പറഞ്ഞു. അപ്പോൾപിന്നെ പൈപ്പ് ഇല്ലാതെ എങ്ങനെയാണ് ചെലവഴിക്കുന്നത്?

ശ്രീ. കാനം രാജേന്ദ്രൻ: കുഴൽ മാത്രം വാങ്ങിച്ചതുകൊണ്ട് വെള്ളം ആകുകയില്ല എന്നുള്ളതറിയാനുള്ള അറിവ് ശ്രീ. ടി. എസ്. ജോണിനുണ്ട് എന്ന് ഞാൻ വിശ്വസിക്കുന്നു. അതുകൊണ്ട് ഈ പൈപ്പ് വാങ്ങിച്ചുകൂട്ടിയതുകൊണ്ട് എന്താണ് കാര്യം.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: ശ്രീമാൻ ഗംഗാധരനെ മാത്രം കുറ്റം പറയുന്നത് ശരിയാണോ? മുഖ്യമന്ത്രിതന്നെ ഇവിടെ ഒരിക്കൽ പറഞ്ഞതാണ്. ഇതെല്ലാം എന്റെ അറിവോടുകൂടി, ഞാൻ നിർദ്ദേശം കൊടുത്തിട്ടാണ് മേടിച്ചതെന്ന് അദ്ദേഹം പറഞ്ഞിട്ടുള്ളത് അറിയാമോ?

ശ്രീ. കാനം രാജേന്ദ്രൻ: കൂട്ടുത്തരവാദിത്വവുള്ള ഒരു ഗവൺമെന്റാണിത്. അങ്ങനെയുള്ള ഒരു സാഹചര്യത്തിൽ.....

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട മെമ്പർ ഇവിടെ സംസാരിക്കുമ്പോൾ പറയുന്നു അതോറിറ്റി വന്നതിനുശേഷം കോടിക്കണക്കിന് പൈപ്പുകൾ ചൈനീസ് വൻമതിൽ കെട്ടത്തക്ക രീതിയിൽ കൂട്ടിയിടുന്നു എന്ന്. ഉത്തരവാദപ്പെട്ട വകുപ്പിന്റെ മന്ത്രി പറയുന്നു മേടിച്ചിട്ടില്ലെന്ന്. അദ്ദേഹം പറയുന്നു എക്സിക്യൂട്ടീവ് എഞ്ചിനിയർ മേടിച്ചിട്ടുണ്ടെന്ന്. മന്ത്രി പറയുന്നു മേടിച്ചിട്ടില്ലെന്ന്. അത് സഭയെ തെറ്റിദ്ധരിപ്പിക്കലല്ലേ?

ശ്രീ. കാനം രാജേന്ദ്രൻ: ഞാൻ പറഞ്ഞത് അദ്ദേഹം മന്ത്രിയായതിനു ശേഷം കേരള സംസ്ഥാനത്ത് വാങ്ങിയിട്ടുള്ള പൈപ്പിനെക്കുറിച്ചാണ്. അത് അങ്ങേക്കും നിഷേധിക്കാൻ പറ്റില്ല. ശ്രീമാൻ ഗംഗാധരൻ മന്ത്രിയായതിനുശേഷം നമ്മുടെ സംസ്ഥാനത്ത് ശുദ്ധജല വിതരണത്തിന്റെ പേരിൽ വാങ്ങിയിട്ടുള്ള പൈപ്പുകളുടെ കാര്യമാണ്. കോട്ടയത്തെ എക്സിക്യൂട്ടീവ് എഞ്ചിനിയർ 108 ഓർഡറുകൾ ഒരുമിച്ചാണ് കൊടുത്തത്, ഒരൊറ്റ മാസത്തിനുള്ളിൽ. ഒരു ദിവസം എത്ര ഓർഡർ കൊടുക്കുവാൻ കഴിയും. 108 ഓർഡർ ഒരുമിച്ചുകൊടുത്തിട്ട് മന്ത്രിതന്നെ പറയുന്നു മന്ത്രി അറിയാതെയാണെന്ന്. നാലരക്കോടിരൂപ ആദ്യം കൊടുത്തു. പിന്നീട് മൂന്നരക്കോടി രൂപ കൊടുത്തു.

ശ്രീ. എ. വി. താമരാക്ഷൻ: 16-1-1985-ൽ കൂടിയ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ബോർഡ് മീറ്റിംഗിൽ 65 കോടി രൂപ പൈപ്പുവാങ്ങിക്കാനായി അനുമതി കൊടുക്കുകയും അത് സംബന്ധിച്ച് എറ്റവും ലോവസ്റ്റായിട്ടുവന്ന തമിഴ്നാട് ഗവൺമെന്റിന്റെ റേറ്റിന് കൊടുക്കാതെ അതിനേക്കാൾ കൂടിയ റേറ്റ് കാട്ട് ചെയ്ത്, അതായത് എം. ഡി. യുടെ മകനുകൂടി ഷെയറുള്ള ഒരു പ്രൈവറ്റ് കമ്പനിയിൽനിന്നും 65 കോടി രൂപയുടെ പൈപ്പ് വാങ്ങിക്കാൻ അനുമതി കൊടുത്തത് അങ്ങേക്ക് അറിയുമോ?

ശ്രീ. കാനം രാജേന്ദ്രൻ: ഇതുപോലെ ധാരാളം പൈപ്പ് വാങ്ങലുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഈ സഭയിൽ തന്നെ വന്നിട്ടുണ്ട്.....(ബഹളം).....

ഞാൻ ഈ ബില്ലിന്റെ ചർച്ചാവേളയിൽ അത്തരം കാര്യങ്ങളെക്കുറിച്ചൊന്നും ആരോപണമുന്നയിക്കാൻ ആഗ്രഹിക്കുന്നില്ല. വ്യക്തിപരമായ ആരോപണം ഉന്നയിക്കാനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നില്ല.

ശ്രീ. എ. സി. ജോസ്: ശ്രീ. എ. വി. താമരാക്ഷൻ ഒരു ലക്ചറർ ആണെന്നാണ് അറിവ്. 6.5 എന്നതിലെ പോയിന്റ് മനസ്സിലാകാത്തതുകൊണ്ടാണ് അദ്ദേഹം 65 കോടി എന്നു പറഞ്ഞത്. ഞാൻ ചോദിക്കട്ടെ, ഇത് പൈപ്പ് അതോറിറ്റിയെക്കുറിച്ചുള്ള ഒരു ചർച്ചയാണോ? പൈപ്പിനെ കുറിച്ചല്ലാതെ ഈ ബില്ലിനെക്കുറിച്ച് ഇവിടെ സംസാരിക്കുന്നവരാരും സംസാരിച്ചുകേട്ടില്ല.

ശ്രീ. കാനം രാജേന്ദ്രൻ: ഞാൻ ആ വിവാദത്തിലേക്കൊന്നും കടക്കുന്നില്ല. സെപ്റ്റംബർ മാസത്തിൽ കൂടിയ ഡയറക്ടർ ബോർഡ് യോഗത്തിൽ ഈ ഓർഡർ കൊടുത്തുകഴിഞ്ഞശേഷം മന്ത്രിതന്നെ പറഞ്ഞിട്ടുണ്ട് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്റെ അറിവില്ലാതെ വാങ്ങിച്ചുകൂട്ടിയെന്ന്. വാങ്ങിച്ചുവെന്നുള്ള കാര്യം വളരെ ശരിയാണ്.

ശ്രീ. രമേശ് ചെന്നിത്തല: കോട്ടയത്ത് ഒരു എഞ്ചിനീയർ പൈപ്പ് വാങ്ങിയതിനെ പറ്റി പറഞ്ഞു. ആ എഞ്ചിനീയറുടെ പേരിൽ നടപടി എടുത്തിട്ടുണ്ടെന്ന വസ്തുത ബഹുമാനപ്പെട്ട മെമ്പർക്കറിയുമോ? ഒരൊറ്റ പൈപ്പും ഗവൺമെന്റ് വാങ്ങിയിട്ടില്ലെന്നുമുള്ള വിവരം മെമ്പർക്കറിയുമോ? ഏതെങ്കിലും ഒരു എഞ്ചിനീയർ വാങ്ങിയ പൈപ്പിന്റെ കാര്യത്തിൽ മന്ത്രിക്ക് എന്താണ് ഉത്തരവാദിത്വം? എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധികാര പരിധിയിൽപ്പെട്ടതാണ് പൈപ്പ് വാങ്ങുക എന്നത്. തെറ്റുകാണിച്ചവരുടെ പേരിൽ നടപടി എടുത്തില്ലേ?

ശ്രീ. കാനം രാജേന്ദ്രൻ: കോട്ടയത്ത് ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നടപടി സ്വീകരിച്ചുവെന്നുള്ളത് ശരിയാണ്. സസ്പെൻഷനുശേഷം എൻക്വയറി നടത്തുകയോ അദ്ദേഹം എന്തുകുറ്റം ചെയ്തുവെന്നുള്ളതിനെക്കുറിച്ച് നടപടി എടുക്കുകയോ മറ്റ് യാതൊരു നടപടികളും സ്വീകരിക്കുകയോ ചെയ്തിട്ടില്ല. അതുപോലെതന്നെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ചെയ്തതിന്റെ ഉത്തരവാദിത്വം ഗവൺമെന്റ് ഏറ്റെടുക്കണമോയെന്ന് ചോദിക്കുമ്പോൾ ഞാൻ സൂചിപ്പിക്കട്ടെ, 1983 മേയിൽ ചീഫ് എഞ്ചിനീയർ നൽകിയ റിപ്പോർട്ടിന് വിരുദ്ധമായി കോട്ടയം ജില്ലയിൽ മീനച്ചിൽ താലൂക്കിലെ നാല് പഞ്ചായത്തുകളിൽ 27 ലക്ഷം രൂപയുടെ പൈപ്പ് കുഴിച്ചിട്ടതും ഇതേ എക്സിക്യൂട്ടീവ് എഞ്ചിനീയർ തന്നെ. എസ്റ്റിമേറ്റില്ല, പ്ലാനില്ല, സർവ്വെ നടത്തിയിട്ടില്ല, ഭരണാനുമതിയില്ല. മന്ത്രി അന്വേഷിക്കുമോ? 27 ലക്ഷം രൂപയുടെ പൈപ്പ് എന്നു പറയുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയർ.....

ശ്രീ. എം. പി. ഗംഗാധരൻ: എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് പൈപ്പ് വാങ്ങാനുള്ള അധികാരമുണ്ട്. പഴയ ഗവൺമെന്റിന്റെ കാലത്തും എല്ലാ ഗവൺമെന്റിന്റെ കാലത്തും ഈ അധികാരമുണ്ട്. അവർക്കാണ് വാങ്ങിക്കാൻ അധികാരം.

LIBRARY ARCHIVES Kerala Legislative Assembly

ആ അധികാരം അവർ ഉപയോഗിക്കുന്നത് ആതൈസ്ഡ് വർക്കിനായിരിക്കണം. ബഡ്ജറ്റ് എമൗണ്ട് നോക്കിയിട്ടാകണം. കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ അതൊന്നും നോക്കാതെ ഈ പറഞ്ഞതുപോലെ തെറ്റായി പൈപ്പ് ഇടുകയും തെറ്റായി വാങ്ങുകയും പണമില്ലാതെ ഓർഡർ കൊടുക്കുകയും ചെയ്തത് ശ്രദ്ധയിൽപ്പെട്ടപ്പോൾ ഉടനെ ആ പൈപ്പുകളൊന്നും ഡെലിവറി ചെയ്യരുതെന്നും അയയ്ക്കരുതെനും പറഞ്ഞ് ആ ഓർഡറൊക്കെ ക്യാൻസലാക്കുകയും തെറ്റായി ചെയ്ത ആ ഉദ്യോഗസ്ഥന്റെ പേരിൽ നടപടി എടുക്കുകയും ചെയ്തിട്ടാണോ ഇത് പറയുന്നത്?

ശ്രീ. കാനം രാജേന്ദ്രൻ: ഒരാളിനെ സസ്പെന്റ് ചെയ്ത് പുറത്തു നിറുത്തിയത് കൊണ്ട് ആയില്ല. അതിന്റെ ബാക്കികാര്യംകൂടി പറയുമ്പോൾ അങ്ങേക്ക് മനസ്സിലാകും.....(ബഹളം).....

ശ്രീ. എം. വി. രാഘവൻ: മന്ത്രി പറയുന്നത് ഞാൻ അധികം വാങ്ങിയിട്ടില്ല യെന്നാണ്. പി. എച്ച്. ഇ. ഡി. മി. ഗംഗാധരൻ കൈകാര്യം ചെയ്യുന്നതിനു മുമ്പുള്ള 26 കൊല്ലത്തെ സ്ഥിതി പരിശോധിച്ചാൽ വെറും 20 ലക്ഷം രൂപയുടെ എച്ച്. ഡി. പി. പൈപ്പുകളാണ് വാങ്ങിയത്. മി. ഗംഗാധരൻ മാത്രം 10 കോടി രൂപയുടേത് വാങ്ങിയെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കാനം രാജേന്ദ്രൻ: അത് അദ്ദേഹത്തിന് അറിയുമെന്നാണ് എനിക്ക് തോന്നുന്നത്. അദ്ദേഹത്തിന്റെ ഇനിഷ്യൽതന്നെ എം. പി. എന്നാണ്. മാസ്റ്റർ ഓഫ് പൈപ്പ്സ്. കോട്ടയത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ കമ്മീഷൻ ചെയ്യാൻ സാധ്യമല്ലെന്നു പറഞ്ഞിട്ടും എഴുതി അയച്ചു. 27 ലക്ഷം രൂപയുടെ പൈപ്പു വാങ്ങിച്ച് കുഴിച്ചിട്ടു കഴിഞ്ഞശേഷം വൈക്കം വാട്ടർ സപ്ലൈ സ്കീമിൽ എ. എസ്. ഇല്ലാതെ, സർവ്വേ നടത്താതെ, എസ്റ്റിമേറ്റില്ലാതെ മീനച്ചിൽ താലൂക്കിലെ നാല് പഞ്ചായത്തുകൾക്ക് എക്സ്റ്റൻഷൻ കൊടുക്കാൻ തീരുമാനിച്ചു. വൈക്കത്തെ ആളുകൾക്ക് ആവശ്യത്തിനുള്ള വെള്ളം കൊടുക്കുവാൻ കഴിയുന്നില്ല. വൈക്കം വാട്ടർ സപ്ലൈ സ്കീം ശ്രീമാൻ ബെന്നി ബഹനാന്റെ പിറവം ഉൾപ്പെടെയുള്ള നിയോജകമണ്ഡലങ്ങൾ വരുന്നതാണ്. അവിടെയുള്ള ആളുകൾക്ക് വെള്ളം കിട്ടുന്നില്ല. 27 ലക്ഷം രൂപയുടെ പൈപ്പ് കുഴിച്ചിട്ട ശേഷം അത് കമ്മീഷൻ ചെയ്യണമെന്ന് വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി ആവശ്യപ്പെട്ടു. കമ്മീഷൻ ചെയ്യാൻ ആവശ്യപ്പെട്ടപ്പോൾ കോട്ടയത്തെ എക്സിക്യൂട്ടീവ് എഞ്ചിനീയർ ഇപ്പോൾ കമ്മീഷൻ ചെയ്യാൻ യാതൊരു മാർഗ്ഗവുമില്ലെന്നു പറഞ്ഞ് എഴുതി. അതിന് ഭരണാനുമതി ഇല്ല. സർവ്വേ നടത്തിയില്ല, എസ്റ്റിമേറ്റ് ഇല്ല. ആരോ കൊണ്ടുവന്ന് കുഴിച്ചിട്ടുവെന്നുള്ളതുകൊണ്ട് വെള്ളം കൊടുക്കാൻ കഴിയില്ല. അങ്ങനെ എഴുതിക്കഴിഞ്ഞശേഷം നിർബന്ധമായും അതിന്റെ എസ്റ്റിമേറ്റ് എടുക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച് സൂപ്രണ്ടിംഗ് എഞ്ചിനീയർ എസ്റ്റിമേറ്റ് എടുത്തിരിക്കുകയാണ്. എത്രയാണെന്നോ 171 ലക്ഷം രൂപയ്ക്കാണ്, ഇങ്ങനെ ഒരു സാഹചര്യം ഉണ്ടോ? ഇനി 42 ലക്ഷം രൂപയുടെ പൈപ്പ് വാങ്ങിക്കാതെ 27 ലക്ഷത്തിന്റെ കൂടെ ഇടാൻ കഴിയില്ല. ഇനി 42 ലക്ഷം രൂപയുടെ പൈപ്പുകൂടി വാങ്ങിക്കണം. അതും ഭരണാനുമതിയില്ലാതെ,

LIBRARY ARCHIVES Kerala Legislative Assembly

സർവ്വേയില്ലാതെ, എസ്റ്റിമേറ്റില്ലാതെ ഇത്തരം നടപടികൾ സ്വീകരിച്ച ആളിന്റെ പേരിൽ നടപടിയെടുത്തിട്ടുണ്ട്. ഞാൻ അദ്ദേഹത്തെ സസ്പെന്റ് ചെയ്തിട്ടുണ്ട് എന്നു പറയാൻ നാണമുണ്ടോ ബഹുമാനപ്പെട്ട മന്ത്രിക്ക്? അന്വേഷണം നടത്തുമോ? അന്വേഷണം നടത്തി എന്തെങ്കിലും നടപടി സ്വീകരിക്കാൻ തയ്യാറുണ്ടോ? ഞാൻ സസ്പെന്റ് ചെയ്തിട്ടുണ്ട് എന്നാണ് പറയുന്നത്. ഇതുപോലുള്ള നടപടികൾ ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയർ മാത്രം അറിഞ്ഞ് ചെയ്യുമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കഴിഞ്ഞകാലത്ത് ഇതുപോലുള്ള എത്രയോ സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്? വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിക്ക് ലോക ബാങ്കിന്റെ പ്രത്യേകമായ സഹായങ്ങൾ നൽകുന്നത് സ്വീവേജ് പദ്ധതികൾക്കു വേണ്ടിയാണ്, മലിനജലം ഒഴുക്കിക്കളയുന്നതിന് വേണ്ടിയാണ്. മലിനജലം എന്ന പേര് ചേർത്തിട്ടില്ലെങ്കിൽ ലോകബാങ്ക് പിണങ്ങും എന്നുള്ളതുകൊണ്ട് പേര് ചേർക്കുന്നു എന്ന് മന്ത്രി ഇവിടെ പറയുകയുണ്ടായി അങ്ങേക്കറിയാമല്ലോ, കൊച്ചിയിലെ പദ്ധതികൾ. ടെന്റർ ചെയ്തതിനുശേഷം ഗിരി നഗറിലെ പദ്ധതികൾ നിർത്തിവച്ചില്ലേ? എറണാകുളത്ത് ആ വിധത്തിലുള്ള നിരവധി സ്കീംസ് നിർത്തിവച്ചതിനുശേഷം ആ പണം ഡൈവർട്ട് ചെയ്തിട്ടല്ലേ അവിടെ ഒരു എയർകണ്ടീഷൻ ഗസ്റ്റ് ഹൗസ് പണിതിരിക്കുന്നത്? അങ്ങും കണ്ടിട്ടുള്ളതല്ലേ? വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി ഗസ്റ്റ്ഹൗസ് പണിയുന്നതിനോ മന്ത്രിക്കോ ഉദ്യോഗസ്ഥൻമാർക്കോ താമസിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടാക്കുന്നതിനോ ഞാൻ എതിരല്ല, പക്ഷേ ഇങ്ങനെ നീക്കിവച്ചിരിക്കുന്ന പണം എന്തിനുവേണ്ടി നീക്കിവെച്ചിരിക്കുന്നുവോ ആ പണം ഡൈവർട്ട് ചെയ്തിട്ട് മറ്റ് പല കാര്യങ്ങൾ ചെയ്യുകയാണ്. തിരുവനന്തപുരത്തും ഒന്ന് പണിയാൻ പോകുന്നു എന്നാണ് കേട്ടത്. 13 ലക്ഷം രൂപയ്ക്ക് കോഴിക്കോട്ട് ഒന്ന് പണിയാൻ പോകുന്നു എന്നും കേൾക്കുന്നു. എന്തിനാണ് സർ ഈ ഗസ്റ്റ്ഹൗസ് എല്ലാം? ഈ ഗസ്റ്റ്ഹൗസ് എല്ലാം ഉള്ളതുകൊണ്ട് മലിനജലം പൂർണമായി ഒഴിഞ്ഞുകിട്ടുമോ?

<u>ശ്രീ. എം. എം. ഹസ്സൻ:</u> അരുവിക്കരയിൽ പണ്ട് ഒരു ഗസ്റ്റ്ഹൗസ് ഉണ്ടാക്കി, അന്ന് ശ്രീ. അച്യുതമേനോൻ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് എന്നാണ് എന്റെ ഓർമ്മ. അന്ന് ഗസ്റ്റ്ഹൗസ് ഉണ്ടാക്കിയതിന് അങ്ങ് ഇപ്പോഴും എതിർക്കുന്നുവോ?

<u>ശ്രീ. കാനം രാജേന്ദ്രൻ:</u> ഒരു ഗസ്റ്റ്ഹൗസ് ഉണ്ടാക്കുന്നതിൽ ഞാൻ എതിരല്ല, എറണാകുളം നഗരത്തിൽ ഗവൺമെന്റ് ഒരു ഗസ്റ്റ്ഹൗസും ടൂറിസ്റ്റ് ബംഗ്ലാവും, പി. എച്ച് ഇ. ഡി. യുടെ ക്യാമ്പ്ഷെഡും ഉള്ളിടത്ത് അതിനപ്പുറത്ത് ഒരു ഏയർകണ്ടീഷൻ റൂമുകളോടുകൂടിയ ഒരു ഗസ്റ്റ്ഹൗസ് പണിയണമോ എന്നുള്ളതാണ് എന്റെ ചോദ്യം ശ്രീ. ഹസ്സൻ എന്തു പറയുന്നു? അത് ആവശ്യമുണ്ടെങ്കിൽ.....പറയൂ.

<u>ശ്രീ. എം. എം. ഹസ്സൻ:</u> ശുദ്ധജലം കൊടുക്കാൻ വേണ്ടി പൈപ്പ് വാങ്ങിയതിനെ എതിർക്കുന്ന അങ്ങ് മലിനജലം ഒഴുക്കാൻ വേണ്ടിയും പൈപ്പ് വാങ്ങിയാൽ അതുതന്നെയല്ലേ വീണ്ടും പറയുകയുള്ളു. അപ്പോൾ അത് രണ്ടും ചെയ്യാൻ പറ്റുകയില്ലല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: മലിനജലം ഒഴുക്കുന്നത് ശ്രദ്ധിക്കാൻ വേണ്ടിയാണ് അവിടെ ഒരു ഗസ്റ്റ്ഹൗസ് ഉണ്ടാക്കിയത് എന്ന് അറിയാമോ? ഏതായലും ഈ കാര്യങ്ങളെ സംബന്ധിച്ച് വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങളിൽ ധാരാളം ക്രമക്കേടുകൾ നടക്കുന്നുണ്ട് എന്നുള്ളത് ഇന്ന് നമ്മുടെ നാട്ടിൽ പ്രചരിച്ചിട്ടുണ്ട്. ഈ നിയമസഭാ വേദിയിൽതന്നെ എത്രയോ മെമ്പർമാർ എഴുതിക്കൊടുത്ത ആരോപണങ്ങളായി ഉണയിക്കുന്നുണ്ട്. ഈ പ്രാവശ്യം പ്രധാനമന്ത്രി വന്നപ്പോൾ പ്രതിപക്ഷ നേതാക്കൾ ഈ ആവശ്യം ഉന്നയിക്കുകയുണ്ടായി. ഗംഗാജലം ശുദ്ധീകരിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക ഗംഗാ ഡെവലപ്പമെന്റ് അതോറിറ്റി രൂപീകരിച്ച് ശ്രീ. രാജീവ്ഗാന്ധി ഈ ഗംഗാധരനെയും ശുദ്ധീകരിക്കാൻ എന്തെങ്കിലും ചെയ്യും എന്നുള്ള പ്രതീക്ഷയിലാണ് ഞങ്ങൾ മെമ്മോറാണ്ടം കൊടുത്തത്. അതിനെക്കുറിച്ച് ഒരു അന്വേഷണം നടത്താമോ? വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി നിയമനങ്ങളെക്കുറിച്ചും ഉന്നയിക്കപ്പെട്ടിട്ടുണ്ട്, ആക്ഷേപങ്ങൾ. ആ അക്ഷേപങ്ങളുടെ വെളിച്ചത്തിലുള്ള ഈ നിയമം, ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം ഞാൻ ചില പ്രശ്നങ്ങൾ ഉന്നയിച്ചത് നമ്മൾ പണം കൊടുക്കുന്ന, ലെജിസ്ലേച്ചർ വോട്ട് ചെയ്ത് പണം കൊടുക്കുന്ന ഗവൺമെന്റിന് വാങ്ങിക്കാനുള്ള അധികാരമുണ്ടോ എന്ന് തുടങ്ങിയുള്ള പ്രശ്നങ്ങളെ സംബന്ധിച്ച് ശ്രീ. ആർ. എസ്. ഉണ്ണി പറഞ്ഞു. ഈ പണം കൊടുത്താൽ എങ്ങനെ ചെലവഴിക്കുന്നുവെന്നുള്ളത് പരിശോധിക്കാൻ എന്തെങ്കിലും മാർഗ്ഗമുണ്ടോ?. ഈ നിയമത്തിൽ നാം നമ്മുടെ രാജ്യത്തിന്റെ പണം സംസ്ഥാന ഗവൺമെന്റിന്റേയോ കേന്ദ്ര ഗവൺമെന്റിന്റേയോ ലോകബാങ്കിന്റെയോ ആരുടെയെങ്കിലും ആയിക്കോട്ടെ, പണം ചെലവക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതിന് ഈ നിയമസഭയുടെ നിയന്ത്രണം ഈ കാര്യത്തിൽ കൊണ്ടുവരുന്നതിന് യാതൊരു കാര്യങ്ങളും ഇതിൽ കാണാനില്ല.

ഇലക്ട്രിസിറ്റി ബോർഡിന്റെയും സെൻട്രൽ ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് തന്നെ എല്ലാ സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡുകളും അവരുടെ വരവു ചെലവു കണക്കുകളെ സംബന്ധിച്ച്, അവരുടെ പദ്ധതിയെക്കുറിച്ച്, അവരുടെ ബഡ്ജറ്റിനെ കുറിച്ച് ഒക്കെ നിയമസഭയ്ക്ക് മുമ്പാകെ അവതരിപ്പിക്കേണ്ടതാണ്.

അതുപോലെ തന്നെ പൊതുമേഖലാ സ്ഥാപനങ്ങളുടെ മേൽ പരിശോധിക്കാനും നിയന്ത്രണങ്ങൾ നടത്തുവാനുമുള്ള സൗകര്യങ്ങൾ ഇന്ന് ഉണ്ട്. എന്നാൾ ഈ നിയമസഭയുടെ നിയന്ത്രണം ഈ നിയമസഭയുടെ പരിശോധനയ്ക്ക് വിധേയമായി ഈ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി പ്രവർത്തിക്കണം എന്ന് ഈ ബില്ലിൽ വിഭാവന ചെയ്തപ്പോൾ തോന്നാതിരുന്നതിന്റെ കാരണമെന്താണ്? നിസ്സാരമായിട്ട് എനിക്ക് തോന്നുന്നില്ല. നിയമസഭയുടെ കൺട്രോളില്ല, ബഡ്ജെറ്ററി കൺട്രോൾ യാതൊരുതരത്തിലും വരാത്ത വിധം ഫൈനാൻഷ്യൽ ഡിസിപ്ലിൻ ഉണ്ടാകണമെന്നുള്ളതിനെക്കുറിച്ച് യാതൊരു വ്യഗ്രതയുമില്ലാതെ മന്ത്രി ചെയർമാനും റിട്ടയർ ചെയ്തവരും അല്ലാത്തവരുമായിട്ടുള്ള ആളുകളെയെല്ലാംകൂടി ഡയറക്ടർ ബോർഡ് മെമ്പർമാരുമൊക്കെയാക്കിയിരിക്കുകയാണ്. പിന്നെ ചില നോൺ ഓഫീഷ്യൽ മെമ്പർമാർ-അവർക്ക് എന്താണ് പരിചയമെന്ന് എന്നിക്ക് അറിയില്ലാ-സി. രാമൻ മലപ്പുറം ഡി. സി. സി. കോൺഗ്രസ്

LIBRARY ARCHIVES Kerala Legislative Assembly

ഐ-സെക്രട്ടറിയാണ്. അദ്ദേഹത്തിന്റെ യോഗ്യത എന്താണെന്ന് ഞാൻ അന്വേഷിച്ചു. ശ്രീ പന്തളം സുധാകരന് എതിരായി കഴിഞ്ഞ തിരഞ്ഞെടുപ്പിൽ റിബലായി അദ്ദേഹത്തെ കൊണ്ട് നോമിനേഷൻ കൊടുപ്പിച്ചു. മറ്റൊരാൾ ശ്രീ. പി. ജി. കുമാരൻ എനിക്കും അറിയാവുന്ന ഒരാളാണ്. അദ്ദേഹത്തിന്റെ കഴിവുകളെ കുറിച്ച് എനിക്കറിയാം. ഇതുപോലെ ഈ ബോർഡിലേക്ക് ആളുകളെ അരെയെങ്കിലും എടുത്തുകൊള്ളട്ടെ, സാങ്കേതിക വൈദഗ്ദ്ധ്യമുള്ള ആളുകളെ, ഈ കാര്യങ്ങളെക്കുറിച്ച് മനസ്സിലാക്കാൻ കഴിവുള്ള ആളുകളെ ഈ ബോർഡിൽ വെയ്ക്കട്ടെ. അതുപോലെതന്നെ സാമ്പത്തിക നിയന്ത്രണം-പണം വളരെ അധികം ചെലവഴിക്കാൻ പോകുന്ന ഒരു അതോറിറ്റിയാണ്. ഇനി വരുന്ന വർഷങ്ങളിൽ 1990-വരെ ശ്രീ. ഗംഗാധാരൻ മന്ത്രിയായാലും അല്ലെങ്കിലും 1990-വരെ കേന്ദ്ര ഗവൺമെന്റിന്റെയും, ലോക ബാങ്കിന്റെയും യുണൈറ്റഡ് നാഷന്റെയും മറ്റു പല ഏജൻസികളുടെയും സഹായം വളരെക്കൂടുതൽ ഈ മേഖലയിൽ കിട്ടാൻപോകുകയാണ്. അങ്ങനെ കിട്ടുന്ന ഒരു സന്ദർഭത്തിൽ ഇതിൻമേൽ യാതൊരു നിയന്ത്രണവും ഇല്ലാതെ ആർക്കും എന്തും ചെയ്യാൻ ഒരു സാഹചര്യം വരുത്തി വെയ്ക്കുന്നത് ശരിയല്ല; എന്നുള്ളതുകൊണ്ട് മൗലികമായി ഈ നിയമത്തിൽ വളരെ അധികം മാറ്റങ്ങൾ വരുത്തണം. അതുകൊണ്ടാണ് നിയമവിരുദ്ധമായി ഒരു ഓർഡിനൻസ് വഴി കൊണ്ടുവരേണ്ടതല്ല ഇത്രയേറെ പ്രാധാന്യമുള്ള ഒരു പ്രശ്നം എന്ന നിലയിൽ ഒരു ഓർഡിനൻസ് വഴി വരുന്നതിനു പകരം ഒരു ബില്ല് ആയി കൊണ്ടുവന്ന് എല്ലാ ഭാഗത്തെയും ചർച്ചകൾക്കുശേഷം ആവശ്യമെങ്കിൽ നമുക്ക് തീരുമാനം എടുക്കാം-ആവശ്യമുണ്ട് എന്ന തോന്നൽ എനിക്ക് ഇപ്പോഴുമില്ല-എങ്കിലും പ്രവർത്തനങ്ങളെയാകെ ക്രോഡീകരിക്കത്തക്കവിധം വിവിധ അഭിപ്രായങ്ങൾ കേട്ടതിനുശേഷം ഒരു തീരുമാനം എടുക്കുന്നതിനു പകരം ഏകപക്ഷീയമായി ചില നിർദ്ദേശങ്ങളുമായി ഇപ്പോൾ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വന്നിരിക്കുകയാണ്. അതുകൊണ്ടാണ് ഈ ഓർഡിനൻസിനെ ഞങ്ങൾ എതിർക്കുന്നു. ഈ ഓർഡിനൻസ് റിജക്റ്റ് ചെയ്യണമെന്നും ആവശ്യപ്പെടുന്നു. ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ ശ്രീ. രാഘവൻ പൊഴക്കടവിൽ)

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇവിടെ ആദ്യം ഈ ബില്ലിനെ സംബന്ധിച്ച് സംസാരിക്കേണ്ടത് ഞാനായിരുന്നു. എന്നാൽ ഈ ബിൽ നിരാകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒരു പ്രമേയം കൊടുക്കുകയും അതിനെ പിൻതാങ്ങുകയും ചെയ്തുകൊണ്ട് ശ്രീ. ആർ. എസ്. ഉണ്ണിയും ശ്രീ. കാനം രാജേന്ദ്രനും പ്രസംഗത്തിന്റെ പൊരുൾ പൂർണമായും മനസ്സിലാക്കിയപ്പോൾ ഈ അതോറിറ്റിക്ക് അവർ എതിരല്ല എന്ന് എനിക്ക് മനസ്സിലായി. മറിച്ച് ആദ്യം പ്രസംഗിക്കാൻ വേണ്ടിയുള്ള ഒരു സൂത്രമായിരുന്നു അതെന്നാണ്

LIBRARY ARCHIVES Kerala Legislative Assembly

മനസ്സിലായത്. ഞാൻ പ്രസംഗിക്കുന്നതിന് മുമ്പായി പ്രസംഗിക്കാൻ ഉള്ള ഒരു സൂത്രം, ഒരു വേല എന്നുള്ളതിൽ കവിഞ്ഞ ഒരു സംവിധാനം ഉണ്ടാക്കുന്നതിന്.....

ശ്രീ. ആർ. എസ്. ഉണ്ണി: ഇന്നത്തെ ഈ സംവിധാനം, ഇന്നത്തെ ഈ ബോർഡ് അത് ജനങ്ങൾക്ക് ആപത്താണ്. ഈ രാജ്യത്തിന്റെ ആപത്താണ്. നമ്മുടെ രാജ്യത്തിന്റെ ആവശ്യം ഇതുകൊണ്ട് നടക്കുന്നില്ല.

ശ്രീ. മണ്ണിമംഗലത്തു കുട്ട്യാലി: ആ വാദം, അങ്ങയുടെ വാദം കൊണ്ടുതന്നെ അത് പൊളിഞ്ഞുപോയിരിക്കുന്നു, കാരണം അങ്ങ് വാദിച്ചു വന്നത്.....

ശ്രീ. കാനം രാജേന്ദ്രൻ: ഒരു പോയിന്റ് ഓഫ് ഓർഡർ. ഭരണഘടനയ്ക്കാനു സൃതമായിട്ടുള്ള ഒരവകാശം, ഒരു ഓർഡിനൻസ് നിയമവിരുദ്ധമായി തെറ്റായ രീതിയിൽ ഒരു ഓർഡിനൻസ് കൊണ്ടുവരുമ്പോൾ ആ ഓർഡിനൻസ് റിജക്ട് ചെയ്യണമെന്ന ഒരു മോഷൻ കൊണ്ടുവരാനുള്ള ഭരണഘടനാപരമായ അവകാശം ഞങ്ങൾ ഉപയോഗിച്ചത് ഒരു സൂത്രമായി കരുതുന്നത് ശരിയാണോ?

ശ്രീ. മണ്ണിമംഗലത്തു കുട്ട്യാലി: വാദം തെളിയിക്കാൻ കഴിഞ്ഞില്ല. ഭരണഘടനയിലെ പ്രത്യേകമായ ഒരു ക്ലാസ്സ് ഉദ്ധരിച്ച് കൊണ്ട് ഈ ബിൽ നിരാകരിക്കണമെന്ന് പറയാനുള്ള വാദം പൂർണ്ണമായില്ല. അതാണ് ഞാൻ പറഞ്ഞത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ഇത് റിജക്ട് ചെയ്യാൻ നിയമസഭക്ക് അവകാശമുണ്ട്. ആ അവകാശം ഉപയോഗിക്കണം എന്നുള്ള ഒരു റസല്യൂഷനാണ് അവർ അവതരിപ്പിച്ചത്. അങ്ങനെ ഒരു റസല്യൂഷൻ അവതരിപ്പിക്കുമ്പോൾ അത് ആദ്യം പ്രസംഗിക്കാൻവേണ്ടിയാണ് എന്ന് പറയുന്നത് ഓർഡറിലാണോ? അത് പിൻവലിക്കണ്ടേ?

ശ്രീ. എ. സി. ഷൺമുഖദാസ്: അങ്ങനെയാണെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഇത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്നാണ് പറഞ്ഞിരിക്കുന്നത്. ശ്രീ. കുട്ട്യാലി ഇത് സെലക്ട് കമ്മിറ്റിക്ക് വിടണമെന്നും പറയുന്നു. അത് പ്രസംഗിക്കാനുള്ള സൂത്രമാണോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ഞാൻ പറഞ്ഞത് ഈ ബില്ലിന്റെ അവതരണം കഴിഞ്ഞ ഉടനെ ഇത് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതിയാണ് ഞാൻ അവതരിപ്പിക്കുന്നത്. പകരം ഈ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ഇത് നിരാകരിക്കണമെന്ന് പറഞ്ഞ, ഭരണഘടനയനുസരിച്ച് നോട്ടീസ് കൊടുത്ത ബഹുമാനപ്പെട്ട അർ. എസ്സ്. ഉണ്ണിക്ക് തെളിയിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ഇത് ഒരു വേലയായിരുന്നുവെന്നാണ് ഞാൻ പറഞ്ഞത്. അവതരിപ്പിക്കാൻ അവകാശമില്ലെന്നോ, ഭരണഘടനാപരമായി അദ്ദേഹത്തിന്റെ അവകാശത്തെയോ ഞാൻ ചോദ്യം ചെയ്തതല്ല. അങ്ങനെ തെളിയിക്കാൻ ബഹുമാനപ്പെട്ട ആർ. എസ്സ്. ഉണ്ണിക്ക് സാധിച്ചില്ല എന്ന് പറയാനുള്ളകാരണം അദ്ദേഹം പറഞ്ഞ്കൊണ്ടുവന്നത് ഇവിടെ രണ്ട് ബോർഡ് വേണമെന്നാണ്. മറ്റ് പല സംസ്ഥാനങ്ങളിലേയും കണക്ക് അദ്ദേഹം ഉദ്ധരിച്ചുകൊണ്ടാണ് രണ്ട് ബോർഡ് വേണമെന്ന് പറഞ്ഞത്. ഞാൻ അതിലേക്ക് കടക്കുന്നില്ല. ഞാൻ ഒരു പോയിന്റ് പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ഒരു മനുഷ്യന്റെ ജീവിതത്തിന് അത്യാവശ്യമായ രണ്ടാമത്തെ ഘടകമാണ് വെള്ളം. ആദ്യത്തെ ഘടകം വായുവാണ്, വെളിച്ചം, വിശ്രമം, വെള്ളം, വ്യായാമം വായു, ഭക്ഷണം എന്നാണ് പറഞ്ഞിരിക്കുന്നത്. പ്രഗൽഭന്മാരായ പല ബഹുമാനപ്പെട്ട അംഗങ്ങളും അപ്പുറത്തിരിപ്പുണ്ട്. കേരള സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം അതി രൂക്ഷമായ ശുദ്ധജലത്തിന്റെ അപര്യാപ്തതകൊണ്ട് വിഷമിക്കുന്ന 27 ശതമാനത്തോളം വരുന്നയാളുകൾ കടൽ തീരത്താണ് താമസിക്കുന്നതെന്നുള്ള കാര്യം നാം ഓർമ്മിക്കേണ്ടതാണ്. കേരളത്തിലെ 27 ശതമാനത്തോളം വരുന്ന കോസ്റ്റൽ ബെൽറ്റിൽ താമസിക്കുന്ന ആളുകൾക്ക് ശുദ്ധജലം കൊടുക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കണമെന്ന് ആദ്യമായി ഈ സംസ്ഥാനത്ത് ആവശ്യപ്പെട്ടത് ഇന്ത്യൻ നാഷനൽ കോൺഗ്രസ്സ് നേതൃത്വം കൊടുക്കുന്ന കേരള സ്റ്റേറ്റ് മൽസ്യത്തൊഴിലാളി കോൺഗ്രസ്സ് ആണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി ഈ സംസ്ഥാനത്ത് ഭരിച്ചിരുന്ന കാലത്ത് ശുദ്ധജലവിതരണ വകുപ്പിന്റെ മന്ത്രിയായിരുന്ന ബഹുമാനപ്പെട്ട എ. സി. ഷൺമുഖദാസിന്റെ അടുക്കൽ ഈ ആവശ്യങ്ങൾക്കുവേണ്ടി നിവേദനങ്ങളുമായി പല പ്രാവശ്യം പോകുകയും തിരിച്ചു പോരുകയും ചെയ്ത ദുഃഖകരമായ അനുഭവം എനിക്ക് ഉണ്ട്. ഞാൻ അതിനെപ്പറ്റി പറഞ്ഞ് അദ്ദേഹത്തെ വിഷമിപ്പിക്കുന്നില്ല അദ്ദേഹത്തെക്കൊണ്ട് അതിന്കൊള്ളുകയില്ല എന്ന് എനിക്ക് അറിയാം. അതുകൊണ്ട് അതിനെ സംബന്ധിച്ച് പറയേണ്ട. ഇവിടെ ഇപ്പോൾ നടക്കുന്ന ശുദ്ധജലവിതരണ സ്കീം മൂപ്പരുടെ കാലത്ത് ഉണ്ടാക്കിയ താണെന്നാണ് അദ്ദേഹം പറയുന്നത് അങ്ങനെയല്ല. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഈ സംസ്ഥാനത്തിലെ ശുദ്ധജലക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാനുള്ള ആത്മാർത്ഥമായ ശ്രമം നടത്തുകയുണ്ടായി. ബഹുമാനപ്പെട്ട എം. പി. ഗംഗാധരൻ ഇവിടെ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് നടത്തിയ ആമുഖ പ്രസംഗത്തിൽ അതിന്റെ വിശദാശങ്ങളിലേക്ക് കടന്നുപോകാതെ സംക്ഷിപ്തമായി ചില കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. അച്യുതമേനോൻ, പി. കെ. വാസുദേവൻനായർ, ആന്റണി മുതലായവർ മുഖ്യമന്ത്രിയായിരുന്ന കാലത്ത് അതിന് കഴിഞ്ഞില്ല. കഴിഞ്ഞ പത്തിരുപത് വർഷക്കാലമായി, ഈ സംസ്ഥാനം നിലവിൽ വന്നതിനുശേഷം ഇവിടെയുള്ള രൂക്ഷമായ ശുദ്ധജലക്ഷാമത്തിന് പരിഹാരം ഉണ്ടാക്കാൻ നടത്തിയ ശ്രമങ്ങളൊന്നും തന്നെ അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ വിജയിപ്പിക്കാൻ അന്നത്തെ സർക്കാരുകൾക്ക് സാധിച്ചിട്ടില്ല.

ശ്രീ. എം. വി. രാഘവൻ ഒരു കാര്യം ചോദിച്ചു. അദ്ദേഹം ശ്രീ. സി. എച്ച് മുഹമ്മദ്കോയ, അഹമ്മദ് കുരിക്കൾ, ശ്രീ. കരുണാകരൻ ഇങ്ങനെയുള്ള പലരേയും സംബന്ധിച്ച് ഇവിടെ പരാമർശിച്ചു. അവരൊന്നും കഴിവില്ലാത്തവരായിരുന്നുവെന്നുള്ള അഭിപ്രായം എനിക്കില്ല. അതിൽ പൂജ്യമായിപ്പോയ മന്ത്രിയുണ്ടെങ്കിൽ അവിടെയിരിക്കുന്ന ശ്രീ. ഷൺമുഖദാസ് മാത്രമാണ്. പൂജ്യം മാർക്ക് നേടിയ ഒരേ ഒരു മന്ത്രി ഉണ്ടായിരുന്നത് അദ്ദേഹം മന്ത്രിയായിരുന്ന കാലത്തായിരുന്നു. കാരണം ഒരു മില്ലിമീറ്റർ നീളത്തിൽപ്പോലും പൈപ്പ് ഇട്ട് വെള്ളം കൊടുക്കാൻ അദ്ദേഹത്തിന്റെ ഭരണകാലത്ത് സാധിച്ചില്ല. അതാണ് ഞാൻ പറഞ്ഞത്. 27 കൊല്ലക്കാലത്തെ പ്രവർത്തനം കാര്യക്ഷമമായിട്ടില്ല എന്നതിന്റെ തെളിവാണ് ഇത്. ഈ കാലങ്ങളിൽ 20, 22 ലക്ഷം രൂപക്ക്

LIBRARY ARCHIVES Kerala Legislative Assembly

മാത്രമല്ല പൈപ്പ് വാങ്ങിച്ചുവെന്നുള്ളതിന്റെ തെളിവാണ്. സ്ഥിതിവിവരക്കണക്കുകൾ അറിയാമോ? 1957 മുതൽ 1985 വരെ കേരള സംസ്ഥാനത്തിൽ ശുദ്ധജല വിതരണം നടത്തിയതുകൊണ്ട് അനുഭവം ഉണ്ടായത് 40 ലക്ഷം ആളുകൾക്കാണ്. മറിച്ച് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 1982 മുതൽ 1984 വരെയുള്ള കാലഘട്ടങ്ങളിൽ ശുദ്ധജല വിതരണം നടത്തിയതിന്റെ ഗുണഭോക്താക്കളായത് 45 ലക്ഷം ആളുകളാണ്. കഴിഞ്ഞ 25 വർഷം കൊണ്ട് 40 ലക്ഷം ആളുകൾക്ക് മാത്രമേ ശുദ്ധജലം വിതരണം നടത്താൻ സാധിച്ചിട്ടുള്ളു എന്നതാണ് ഗവൺമെന്റ് പറയുന്ന കണക്ക്. എന്നാൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഉള്ള മുന്ന് വർഷക്കാലംകൊണ്ട് 45 ലക്ഷം ആളുകൾക്ക് ശുദ്ധജലവിതരണം നടത്താൻ സാധിച്ചു. ഇത് അംഗീകരിക്കാമെങ്കിൽ ഈ ഗവൺമെന്റ് പ്രവർത്തിക്കുന്ന ഒരു ഗവൺമെന്റാണ് എന്നുള്ളതിന് ഒരു തെളിവാണ് ഇത്. അതിന്റെ അടിസ്ഥാനത്തിലാണ് ഒരു ഓട്ടോണമസ് ബോഡിയെ ശുദ്ധജലവിതരണത്തിനും മലിനജലം ഒഴുക്കിക്കളയുന്നതിനുംവേണ്ടി രൂപീകരിക്കണമെന്ന നിർദ്ദേശം ഗവൺമെന്റിന്റെ സജീവമായ പരിഗണനയിൽ വന്നത്. അത് ഇന്ന് തുടങ്ങിയതല്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പരശുരാമൻ മഴു എറിഞ്ഞാണ് കേരളം ഉണ്ടായത് എന്നാണ് സങ്കല്പം. പരശുരാമന്റെ കാലം മുതൽ മലയാട്ട് പുലയാട്ട് ഗംഗാധരന്റെ കാലം വരെ എന്നു പറഞ്ഞാൽ എം. പി. ഗംഗാധരന്റെ പേര് മലയാട്ട് പുലയാട്ട് ഗംഗാധരൻ എന്നാണ്. അന്ന് മുതൽ ഈ കാലംവരെ ആരും വെള്ളം കുടിച്ചിട്ടില്ല എന്നാണോ കുട്ട്യാലി സാഹിബ്ബ് പറയുന്നതിന്റെ അർത്ഥം.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: സർ, ആ ചോദ്യം ഉത്തരം അർഹിക്കാത്ത ചോദ്യമായതുകൊണ്ട് ഞാൻ അത് തള്ളിക്കളയുന്നു. ഞാൻ പറഞ്ഞത് അതല്ല. പൈപ്പ് വാങ്ങിച്ചതും അതോറിട്ടി രൂപീകരിച്ചതുമെല്ലാം ശ്രീ. എം. പി. ഗംഗാധരന്റെ തലയിൽ കെട്ടിവയ്ക്കുന്നത് ശരിയല്ല. ശ്രീ. എം. പി. ഗംഗാധരൻ ഈ വകുപ്പിന്റെ ചുമതല ഏറ്റെടുത്തതിനുശേഷം ഈ വകുപ്പിന്റെ സ്ഥിതി എന്താണ്? ബഹുമാനപ്പെട്ട കാനം രാജേന്ദ്രനോ മറ്റോ സംസാരിച്ചപ്പോൾ പറഞ്ഞു കാലാകാലങ്ങളിൽ നമ്മുടെ സ്റ്റേറ്റ് ബഡ്ജറ്റിൽ ഇതിനുവേണ്ടി തുക നീക്കിവച്ചിരിക്കുന്നു, അത് അപര്യാപ്തമാണ് എന്ന്. ഇൻഡ്യാ ഗവൺമെന്റിൽ നിന്ന് കിട്ടുന്ന തുകയും വളരെ അപര്യാപ്തമാണ്. ഈ തുക വച്ചുകൊണ്ട് കേരളത്തിലെ രൂക്ഷമായ ഈ പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കാൻ സാധിക്കുകയില്ല. കേരളം ഒറ്റനോട്ടത്തിൽ സസ്യശ്യാമളമായ പ്രദേശമാണ്. ഇവിടെ 47 നദികളുണ്ട് 46 നദികൾ പടിഞ്ഞാറോട്ടും ഒരു നദി കിഴക്കോട്ടുമാണ് ഒഴുകുന്നത്. 47 ചെറുതും വലുതുമായ പുഴകളടക്കം അങ്ങനെയുള്ള നമ്മുടെ സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങൾക്ക് മുൻപ് രൂക്ഷമായ ഒരു വരൾച്ചയുണ്ടായി. കിണറുകളും കായലുകളും റിസർവോയറുകളുമെല്ലാം വറ്റി വരണ്ടു. വെള്ളത്തിന്റെ പ്രശ്നം എന്നു പറയുന്നത് രൂക്ഷമായ ഒരു പ്രശ്നമാണ്. ഇൻഡ്യാ രാജ്യത്ത് മൊത്തത്തിലുള്ള ഒരു സ്ഥിതിയാണ് ഇത്. ശ്രീ. കാനം രാജേന്ദ്രൻ പറഞ്ഞല്ലോ 14,800 കോടി രൂപയാണ് ഈ വർഷത്തിൽ ശുദ്ധജലത്തിനുവേണ്ടി മാത്രം കേന്ദ്ര ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. എന്ന്, ഏഷ്യാ വൻകരയിലെ എറ്റവും രൂക്ഷമായ ശുദ്ധജലക്ഷാമം അനുഭവിക്കുന്ന രാജ്യമാണ് നമ്മുടെ രാജ്യം.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇടതുപക്ഷമുന്നണി ഗവൺമെന്റ് ഭരിക്കുന്ന പശ്ചിമബംഗാളിൽ ശുദ്ധജല ക്ഷാമം അനുഭവപ്പെട്ട പാവപ്പെട്ട ഒരു കുട്ടി മരുഭൂമി പോലെയുള്ള ഒരു സ്ഥലത്ത് വെള്ളത്തിനുവേണ്ടി അവന്റെ അനുജന്റെ കൈയ്യിൽ പിടിച്ചുകൊണ്ട് നിൽക്കുന്ന ചിത്രം മാതൃഭൂമിയിലോ മനോരമയിലോ ഉണ്ടായിരുന്നു. അതിനെ സംബന്ധിച്ച് എന്റെ കൈയ്യിൽ ധാരാളം കണക്കുകളുണ്ട്. ഉത്തർപ്രദേശിലെ ഒന്നു രണ്ട് പട്ടണങ്ങളിൽ ഞാൻ പോയിട്ടുണ്ട്. തീവണ്ടിയിലിരിക്കുമ്പോൾ പല സ്ഥലങ്ങളിലും ആളുകൾ വെള്ള ത്തിനുവേണ്ടി ഒരു പ്രത്യേക സ്ഥലത്ത് തിങ്ങിക്കൂടി നിൽക്കുന്നത് കാണാം. ഇന്ത്യ യിൽ വളരെ രൂക്ഷമായ ശുദ്ധജലക്ഷാമം ഉണ്ട്. അതിന്റെ പരിഹാരത്തിനുവേണ്ടി ശ്രമി ച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ് ഇന്ത്യ. കേരളത്തിൽ കഴിഞ്ഞ വരൾച്ചക്കാലത്ത് വീപ്പയിലും ലോറിയിലുമൊക്കെയാണ് ശുദ്ധജലം വിതരണം ചെയ്തത്. എന്നിട്ടും പ്രതിപക്ഷക്കാർ അതിനെതിരായി പ്രസംഗിച്ചിരുന്നു. രൂക്ഷമായ വരൾച്ചയുണ്ടായപ്പോൾ ആളുകൾക്ക് വീപ്പയിലും ലോറിയിലുമൊക്കെ വെള്ളം കൊണ്ടുചെന്നു കൊടുത്തപ്പോൾ ശ്രീ. ഷൺമുഖദാസിന്റെ പാർട്ടിയടക്കമുള്ള മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ആളുകൾ പറഞ്ഞത് കരുണാകരന്റെ വെള്ളം വരുന്നു വാങ്ങിക്കുടിച്ചോ എന്നാണ്. കരുണാകരന് വോട്ട് ചെയ്തിട്ട് അധികാരത്തിലാക്കിയില്ലേ കരുണാകരന്റെ വെള്ളം ലോറിയിൽ വരുന്നു എന്നു പറഞ്ഞു പരിഹസിച്ചവരാണ് അപ്പുറത്തിരിക്കുന്ന ആളു കൾ. ഇപ്പോൾ അവർ അതിന്റെ രൂക്ഷതയെപ്പറ്റി പറയുന്നു.

ശ്രീ. സി. കെ. തങ്കപ്പൻ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ശ്രീമാൻ ഷൺമുഖദാസിനെപ്പോലെയുള്ള ആളുകൾ ഉൾപ്പെടുന്ന മാർക്സിസ്റ്റ് പാർട്ടിയെന്നാണ് ശ്രീമാൻ കുട്ട്യാലി ഇവിടെ വിശേഷിപ്പിച്ചത്. അദ്ദേഹത്തിന് അതിനെപ്പറ്റി ഒരു ധാരണ യുമില്ലാതെയാണോ ഇവിടെ വന്നു പ്രസംഗിക്കുന്നത്? ഇത് ഓർഡറിലാണോ?

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, ശ്രീ. തങ്കപ്പന് ചെവിടു കേൾക്കുന്നതിനു ഒരു യന്ത്രം വച്ചാൽ തരക്കേടില്ല. ശ്രീ. ഷൺമുഖദാസിന്റെ പാർട്ടിയുൾപ്പെടെ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി ഉൾപ്പെടെ എന്നാണ് പറഞ്ഞത്. വളരെ ക്ലിയറായിട്ട് 2 പാർട്ടിയെന്നാണ് പറഞ്ഞത്. നിങ്ങൾക്കതു മനസ്സിലാകാത്തതിന് ഞാൻ ഉത്തരവാദിയല്ല.

ശ്രീ. വി. ദിനകരൻ : സർ, ഇവിടെ പ്രതിപക്ഷത്തുനിന്ന് സംസാരിച്ച പ്രതിപക്ഷ മെമ്പർമാർ, ശ്രീ. കാനം രാജേന്ദ്രനടക്കം ശുദ്ധജലം ലഭിക്കുന്നില്ലായെന്ന് പറയുകയും ശുദ്ധജല ദൗർലഭ്യംമൂലമുണ്ടാകാവുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് വളരെ വിശദമായി പറയുകയും അതേസമയം ഒരു സ്റ്റാറ്റ്യൂട്ടറി ബോർഡ് രൂപീകരിച്ചുകൊണ്ട് എൽ. ഐ. സി. പോലെയുള്ള സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് ശുദ്ധജലം നൽകാനുള്ള ധീരമായ നടപടിയുമായി മുന്നോട്ടു പോകാൻ ശ്രമിക്കുന്ന ശ്രീ. എം. പി. ഗംഗാധരന്റെ ശ്രമങ്ങളെ ദുർവ്യാഖ്യനം ചെയ്യുകയും ചെയ്യുന്നു. വാട്ടർ ആന്റ് വെയിസ്റ്റ് വാട്ടർ അതോറിറ്റി എന്ന പേരിനെ ദുർവ്യാഖ്യനം ചെയ്യാതെ for the welfare of the working class എന്ന രീതിയിൽ സദുദ്ദേശത്തോടുകൂടി കാണുവാനും ഈ പരിപാടികളുമായി സഹരിക്കുവാനും തയ്യാറാകണം. മന്ത്രിതന്നെ ഇതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ചെയർമാനായിരുന്നാൽ ചുവപ്പുനാട ഒഴിവാക്കാൻ ഏറ്റവും സൗകര്യമായിരിക്കുമെന്നു ഞാൻ കരുതുന്നു.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : അതിലേക്ക് ഞാൻ വരികയാണ്. ഒന്നാമത് എനിക്ക് ആ ചോദ്യം മനസ്സിലായില്ല. ഇടക്കിടക്ക് ഇങ്ങനെ ചോദ്യം ചോദിച്ചാൽ ഞാൻ പറഞ്ഞു കൊണ്ടുവരുന്ന പോയിന്റ് മറന്നുപോകും. അതുകൊണ്ട് എന്നെയിങ്ങനെ ബുദ്ധിമുട്ടിപ്പിക്കരുതെന്ന് നിർദ്ദേശിക്കണം.

മി. ചെയർമാൻ : ആരും ചോദ്യം ചോദിച്ച് അദ്ദേഹത്തെ ബുദ്ധിമുട്ടിപ്പിക്കരുത്.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തിൽനിന്നും കിട്ടുന്ന സാമ്പത്തിക വിഹിതത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പ്രശ്നം പരിഹരിക്കാൻ സാദ്ധ്യമല്ലാത്തതുകൊണ്ടാണ് എൽ. ഐ. സി., വേൾഡ്ബാങ്ക് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും നെതർലാന്റ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായം ലഭ്യമാക്കാൻ പഴയ ഗവൺമെന്റുകൾ തീരുമാനിച്ചു മുന്നോട്ടു പോയപ്പോൾ ഇവിടത്തെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ ഒരു ഓട്ടോണമസ് ബോഡി അനിവാര്യമാണെന്ന് അവർ സൂചിപ്പിക്കുകയുണ്ടായി. ശ്രീ. അച്ച്യുതമേനോൻ ഗവൺമെന്റും പി. കെ. വി. ഗവൺമെന്റും എ. കെ. ആന്റണി ഗവൺമെന്റുമെല്ലാം ഈ പ്രശ്നം ആലോചിച്ചിട്ട് മാറ്റിവെച്ചതാണ്. ഇപ്പോൾ ചോദിക്കുന്നത് ചിന്തിച്ച് മാറ്റിവെച്ച പ്രശ്നം പിന്നെ എന്തിനാണ് എടുത്തതെന്നാണ്? അങ്ങനെയാണെങ്കിൽ ബ്രിട്ടീഷ് ഗവൺമെന്റിന്റെ കാലത്ത് പ്രോഫിറ്റബിൾ അല്ലെന്നു പറഞ്ഞ് മലമ്പുഴ അണക്കെട്ടിന്റെ പണി മാറ്റിവച്ചത് കോൺഗ്രസ് ഗവൺമെന്റ് വന്നതിനുശേഷം പുനഃപരിശോധിച്ച് ആ അണക്കെട്ട് കെട്ടിയില്ലേ? അങ്ങനെ ഭഗീരഥ പ്രയത്നം ചെയ്തുകൊണ്ടാണ് ഇവിടെ ഭക്ഷ്യസുഭിക്ഷത ഉണ്ടായില്ലേ? അങ്ങനെ മാറ്റിവച്ചത് പുനഃപരിശോധന നടത്തിയത് തെറ്റാണെന്ന കാനം രാജേന്ദ്രന്റെ വാദം എങ്കിൽ ഇങ്ങനെ മാറ്റിവച്ച എത്ര ഫയലുകൾ അപ്പുറത്തിരിക്കുന്നവർ ഭരിച്ചപ്പോൾ പുനഃപരിശോധന നടത്തി നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ഏകദേശം രണ്ടേമുക്കാൽ കോടി ആളുകളിൽ ഏകദേശം ഒരു കോടിയോളം ആളുകൾക്ക് മാത്രമാണ് ശുദ്ധജല വിതരണ സൗകര്യം ഇപ്പോഴുള്ളത്. ബാക്കിയുള്ള ആളുകൾക്ക്കൂടി ശുദ്ധജല വിതരണം നടത്തുന്നതിന് വേണ്ടിയാണ് ശ്രീ. ഗംഗാധരൻ ഈ പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുന്നത്. ഏകദേശം 1400-ഓളം പ്രോബ്ലം വില്ലേജുകളുള്ളതിൽ ഏകദേശം 800-ഓളം വില്ലേജുകൾക്ക് ശുദ്ധജലം എത്തിക്കാൻ സാധിച്ചിട്ടുണ്ട്. പ്രതിപക്ഷ എം. എൽ. എ. മാരുടെ നിയോജകമണ്ഡലങ്ങളിൽ പോയി നോക്കിയാൽതന്നെ ഇത് മനസ്സിലാക്കാൻ സാധിക്കും. കോഴിക്കോട് നിയോജകമണ്ഡലത്തിൽതന്നെ പല സ്ഥലങ്ങളിലും രാഷ്ട്രീയാവശ്യങ്ങൾക്കുവേണ്ടി പോയിട്ടുള്ളപ്പോൾ എനിക്കിതു മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ട്. കറുമൂസത്തണ്ടിൽ കൂടിയോ ഓടക്കുഴലിൽ കൂടിയോ മുളംതണ്ടിൽ കൂടിയോ വെള്ളം എത്തിക്കാൻ കഴിയില്ല. ഒരു സ്കീം എന്നു പറഞ്ഞാൽ എന്താണ്? പീതാംബരൻ മാസ്റ്ററോട് ഞാൻ ചോദിക്കാൻ ആഗ്രഹിക്കുകയാണ്. കുമ്പളങ്ങി എന്നു പറയുന്ന സ്ഥലത്തും 30-ൽ ചിലാനം ലക്ഷം ഉറുപ്പികയുടെ സ്കീമിനെപ്പറ്റി എന്തു പറയുന്നു ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പീതാംബരൻ മാസ്റ്റർ : സർ, ഒരു ചോദ്യം.

മി. ചെയർമാൻ : അങ്ങ് വഴങ്ങുന്നുണ്ടോ? ഇല്ല അദ്ദേഹം വഴങ്ങുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഇരിക്കണം.....(ബഹളം).....

ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഒരു ബില്ലിന്റെ ചർച്ച എന്നു പറയുമ്പോൾ അതിന്റെ കുറ്റങ്ങളും കുറവുകളുമൊക്കെ തിരുത്തി വിവിധ ഭാഗങ്ങളെക്കുറിച്ച് ചർച്ച ചെയ്തുവേണം മുന്നോട്ട് പോകാൻ. ബില്ലന്റെ ചർച്ചയിൽ ഇങ്ങനെ വഴങ്ങില്ല എന്നു പറയുന്നത് ഓർഡറിലാണോ?

മി. ചെയർമാൻ : അങ്ങനെ വഴങ്ങണമെന്നൊന്നുമില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : സർ, കുമ്പളങ്ങിയിലെ സ്കീമെടുക്കാം. 33 ലക്ഷം രൂപയിലേറെ മുടക്കുള്ള ഒരു സ്കീമാണ്. 33 ലക്ഷം രൂപയുടെ ഒരു സ്കീം തയ്യാറായി വരുമ്പോൾ പൈപ്പില്ലാതെ എങ്ങിനെയാണ് വെള്ളം കൊടുക്കാൻ കഴിയുക? ഡ്രില്ലിംഗ് മെഷ്യൻ ഉപയോഗിച്ച് കിണറു കുഴിച്ചു കഴിഞ്ഞാൽ അതിൽ നിന്നുള്ള ജലം പൈപ്പില്ലാതെ എങ്ങനെയാണ് ജനങ്ങൾക്ക് എത്തിച്ചുകൊടുക്കാൻ കഴിയുക. പൈപ്പില്ലാതെ കറുമൂസാതണ്ടിൽക്കൂടി വെള്ളം കൊടുക്കാൻ പറ്റുമോ? ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിൽ ശുദ്ധജല വിതരണ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എ. സി. ഷൺമുഖദാസ് ഒരു മില്ലീലിറ്റർ വെള്ളവും കൊടുത്തിട്ടില്ല. അതുകൊണ്ട് അതിനെപ്പറ്റി പറഞ്ഞിട്ട് കാര്യമില്ല. നിങ്ങളാണ് ഭരിക്കുന്നുവെങ്കിൽ വെള്ളം കൊടുക്കാൻവേണ്ടി പൈപ്പ് മേടിക്കില്ലേ? ഇവിടെ ബഹു. മന്ത്രി പറഞ്ഞു. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ നേതൃത്വത്തിൽ ഒരു രൂപയുടെ പൈപ്പുപോലും വാങ്ങിച്ചിട്ടില്ലായെന്ന്. പിന്നെയും നിങ്ങൾ പറയുന്നത് മേടിച്ചു, മേടിച്ചു എന്നാണ്. ശ്രീ. എം. പി. ഗംഗാധരൻ പൈപ്പ് മേടിച്ചിരിക്കുന്നു; കേരളം മുഴുവൻ വേലി കെട്ടാൻ മാത്രം വേണ്ട പൈപ്പ് മേടിച്ചിരിക്കുന്നുവെന്ന്. ഇങ്ങനെയൊരു പ്രചരണം നടത്തിയിട്ട് ഇതിനെ തകർക്കാൻ ശ്രമിക്കുകയാണ്. 100 കോടി രൂപയിൽ കൂടുതൽ വരുന്ന ഒരു സ്കീമിന് ലോക ബാങ്ക് സഹായം നൽകാൻ തയ്യാറാണെന്ന് വന്നപ്പോൾ അവരുമായി ഒരു ഉടമ്പടി വച്ചുകൊണ്ട് നമ്മൾ മുമ്പോട്ട് പോവുകയാണ്. അതിനുവേണ്ടിയാണ് ഈ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ചത്. അതിന്റെ ഘടനയെ സംബന്ധിച്ച്, അപ്പോയിന്റ്മെന്റിനെ സംബന്ധിച്ച്, അതിൽ വരുത്താൻ പോവുന്ന മാറ്റങ്ങളെ സംബന്ധിച്ച് അല്ലെങ്കിൽ ബില്ലിലെ വ്യവസ്ഥകളെ സംബന്ധിച്ച് ഒക്കെ നമുക്ക് അഭിപ്രായ വ്യത്യാസം ഉണ്ടാകുന്നത് സ്വാഭാവികമാണ്. എനിക്കും അഭിപ്രായ വ്യത്യാസമുണ്ട്. അത് ഞാൻ പിന്നീടു പറയാം.

ഇവിടെ പറഞ്ഞു വരുന്നത് കഴിഞ്ഞ കാലത്തെ ബഡ്ജറ്റിലും, ഈ കാലത്തെ ബഡ്ജറ്റിലും പി. എച്ച്. ഇ. ഡി. യുടെ ഡിമാന്റിന്റെ ചർച്ചാവേളയിലും ഒക്കെ ശ്രീ. ആർ. എസ്. ഉണ്ണിയും അപ്പുറത്തിരിക്കുന്ന രണ്ടുമൂന്നംഗങ്ങളും ഈ പ്രശ്നത്തെപ്പറ്റി വിശദമായ ഒരു ചർച്ച നടത്തുകയുണ്ടായി. ശ്രീ. വക്കം പുരുഷോത്തമൻ സ്പീക്കറായി

LIBRARY ARCHIVES Kerala Legislative Assembly

രുന്ന കാലത്ത് ഇതൊരു വലിയ ഭരണഘടനാ പ്രശ്നം തന്നെയായി മാറുകയുണ്ടായി. അദ്ദേഹം അതിന്റെ എല്ലാ വിശദാംശങ്ങളും പരിശോധിച്ചുകൊണ്ട് അങ്ങനെയൊരു ഡിമാന്റ് അവതരിപ്പിക്കുന്നതിൽ അപാകതയില്ലായെന്ന് അന്ന് റൂളിംഗ് കൊടുക്കുകയുണ്ടായി. അതേ പ്രശ്നം തന്നെ ഞാൻ വീണ്ടും എടുത്തു പറയുന്നു. ഇതിനെല്ലാം ബഹു. എം. പി. ഗംഗാധരൻ മറുപടി കൊടുത്തതാണ്. ഇതെല്ലാം ഒരു പ്രചരണമാണ്. അപഹസിക്കാനുള്ള ഒരു ശ്രമം ആണ്.

ഇവിടെ ഇതു രൂപീകരിച്ചതിന്റെ നിയമവശങ്ങളിലേക്ക് ഞാൻ കടക്കാൻ ആഗ്രഹിക്കുന്നില്ല. ബഹുമാനപ്പെട്ട മറ്റു അംഗങ്ങളെപ്പോലെ തന്നെ വ്യക്തിപരമായ അഭിപ്രായങ്ങൾ എനിക്കുണ്ട്. ഞാൻ ഇപ്പോൾ അതിലേക്ക് കടക്കുന്നില്ല. ഈ അതോറിറ്റി രൂപീകരിച്ച് കഴിഞ്ഞതിനുശേഷം സംസ്ഥാന ഗവൺമെന്റ് ഇതിനെ മൂന്ന് മേഖലകളാക്കി തിരിച്ചു. ഉത്തര-മദ്ധ്യ-ദക്ഷിണ മേഖലകളാക്കി. ഓരോ മേഖലകളിലും ഓരോ ചീഫ് എഞ്ചിനീയറെ പോസ്റ്റ് ചെയ്തുകൊണ്ട് ഇങ്ങനെ ഉദ്യോഗസ്ഥൻമാരെ വച്ചുകൊണ്ട് ഓരോ സ്കീമുകളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. എന്റെ നിയോജകമണ്ഡലത്തിലെ കാര്യം എനിക്കറിയാം. ശ്രീ. എ. സി. ഷൺമുഖദാസ് പഴയ ഡി. സി. സി. പ്രസിഡണ്ടായിരുന്ന കാലത്ത് ഞങ്ങൾ ഒരുമിച്ച് അവിടങ്ങളിൽ പൊതുയോഗങ്ങളിൽ പ്രസംഗിച്ചിട്ടുണ്ട്. കിടഞ്ഞിക്കുന്നിന്റെ മുകളിൽ വെള്ളം എത്തിക്കുകയെന്നു വന്നാൽ അതു സാധിക്കുമോ? ശ്രീ. എ.സി. ഷൺമുഖദാസിനറിയാം അതെവിടെയാണെന്ന്. അവിടെ വെള്ളമെത്തിക്കുകയെന്നുള്ളത് പ്രയാസമുള്ള കാര്യമാണ്. കോമത്തുകര, കക്കാട്ടുകുന്ന്, വരക്കുന്ന്, നെടുവായൂർ കോളനി, മൊയെലൂർക്കുന്ന് (മൂടാടി) തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളമെത്തിക്കുന്ന കാര്യത്തെക്കുറിച്ച് അദ്ദേഹത്തിനറിയാം. എനിക്കും അന്ന് ഒരു ഐഡിയ ഉണ്ടായിരുന്നില്ല. അതോറിറ്റി രൂപീകരിക്കുകയും അതിന്റെ വർക്കുകൾ മുമ്പോട്ടു പോവുകയും ചെയ്തപ്പോൾ 300/400 ആളുകൾക്ക് പ്രൊട്ടക്ടഡ് വാട്ടർ സപ്ലൈ സ്കീമിന്റെ ആഭിമുഖ്യത്തിൽ ഇപ്പോൾ വെള്ളം കൊടുത്തുകൊണ്ടിരിക്കുന്നു. ഉള്ള്യേരി പഞ്ചായത്തിലെ കണയങ്കോട് ഭാഗത്ത് വെള്ളം കൊടുക്കുന്നു. ഇത് നേട്ടമല്ലേ. കോട്ടമെന്ന് പറയാൻ ആർക്കെങ്കിലും സാധിക്കുമോ? പൈപ്പ് മേടിച്ചുകൊണ്ടു തന്നെയാണ് വെള്ളം കൊടുക്കുന്നത്. അതിൽ അപാകതകൾ നടന്നിട്ടുണ്ടോയെന്നുള്ളതാണ് പ്രശ്നം. കമ്മീഷൻ വിളിച്ചിട്ടുണ്ടോയെന്ന് നോക്കണം. അപാകതകൾ എന്താണെന്ന് തെളിയിക്കാൻ സാധിച്ചിട്ടില്ല. ഈ നിയമസഭയിലെ അപ്പുറത്തിരിക്കുന്ന ആളുകൾ ആയിരം തവണ പ്രസംഗിച്ചു. ഒരു വസ്തുതയും തെളിയിക്കാൻ സാധിച്ചിട്ടില്ല. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി അപ്പുറത്തെങ്ങും പ്രചരണം നടത്തുന്നു.

ഇത് പഞ്ചായത്തിന്റെ അധികാരത്തിൽ കൈകടത്തലാണെന്ന് ആരോ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കഴിഞ്ഞ 27 കൊല്ലക്കാലമായി നമ്മുടെ പഞ്ചായത്തിന്റെ സ്ഥിതിയെന്താണ്? പഞ്ചായത്തിന്റെ വരുമാനംകൊണ്ട് അവിടുത്തെ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ? സ്പെഷ്യൽ ഗ്രാന്റ് ഗവൺമെന്റിൽനിന്നും കിട്ടിയതുകൊണ്ടല്ലേ പഞ്ചായത്തു റോഡുകളുടെ മെയിന്റനൻസ് വർക്കുകൾപോലും നടത്തിക്കൊണ്ടുപോകുന്നത്. കൂടുതൽ നികുതി പിരിക്കാൻ മാത്രം നമ്മുടെ ജനങ്ങൾ സാമ്പത്തികമായി സമ്പന്നരല്ല. ഇങ്ങനെയുള്ള

LIBRARY ARCHIVES Kerala Legislative Assembly

സ്ഥിതിയിൽ പഞ്ചായത്തിന്റെ ശുദ്ധജല വിതരണത്തിന്റെ അവകാശം വിട്ടുകൊടുക്കുന്നത് അഭികാമ്യമാണോ? പഞ്ചായത്തിൽ നിന്നും വ്യത്യസ്തമായ മറ്റൊരു ബോഡി ചെയ്യുകയെന്നുള്ളതല്ലേ കുറച്ചു കൂടി ബുദ്ധി? ആ ബുദ്ധിയേ പ്രയോഗിച്ചുള്ളൂ.

ഇപ്പോൾ ഉദാഹരണത്തിന് തിരുവനന്തപുരം ജില്ലയിൽ വെള്ളം കൊടുക്കുന്നതിന് അരുവിക്കര, പേപ്പാറ ഡാമിനെയാണ് ആശ്രയിക്കുന്നത്. ഇതെല്ലാം ഏതെങ്കിലും ഒരു പഞ്ചായത്തിൽ പെട്ടതായിരിക്കും. എന്നാൽ അതിന്റെ ഫിൽറ്റർ പ്ലാന്റ് വേറെ വല്ല പഞ്ചായത്തിലുമായിരിക്കും. ഇത് നടത്തിക്കൊണ്ടുപോകുന്നതു വേറൊരു പഞ്ചായത്തിലായിരിക്കും. അങ്ങനെ നാലഞ്ചു പഞ്ചായത്തുകളെ കവർ ചെയ്യുന്ന ഒരു വർക്ക് ഏറ്റെടുത്തു നടത്തുന്നതിന് ഒരു പഞ്ചായത്ത് സമിതിയെ ഏൽപ്പിക്കുന്നതാണോ ബുദ്ധി, അതല്ല എല്ലാംകൂടി ഒന്നിച്ച് ഓട്ടോണമസ് ബോഡി ഏറ്റെടുത്ത് നടത്തുന്നതായിരിക്കുമോ നല്ലത്?

ഇലക്ട്രിസിറ്റി ബോർഡിന്റെ കഥ നമുക്കറിയാം. പഞ്ചായത്ത് തലത്തിൽ ഒരു കമ്മിറ്റി, ഡിസ്ട്രിക്ട് തലത്തിൽ വേറൊന്ന്. അതാണോ നല്ലത് സ്റ്റേറ്റ് മുഴുവൻ മൊത്തത്തിലുള്ള ഒരു ബോർഡാണോ നല്ലത്? അതുകൊണ്ട് അത്തരം കൊച്ചു കൊച്ചു ബാലിശമായ വാദങ്ങൾ ഉന്നയിച്ചുകൊണ്ട് വെറുതെ ഈ പ്രശ്നത്തെ വഷളാക്കാൻ ശ്രമിക്കുന്ന ഒരു സമീപനം ശരിയല്ലായെന്നാണ് എന്റെ അഭിപ്രായം. എന്നാൽ ശുദ്ധജല വിതരണ പദ്ധതികളുടെ പ്രവർത്തനം ഏറ്റെടുത്ത് നടത്തിയിരുന്നത് പഞ്ചായത്തുകളായിരുന്നില്ല., മറിച്ച് പഞ്ചായത്തുകളുടെ കാര്യസ്ഥൻമാർ എന്നുള്ള നിലയിൽ പി. എച്ച്. ഇ. ഡി. യിലെ കുറച്ച് ഉദ്യോഗസ്ഥൻമാരും എഞ്ചിനീയർമാരും മാത്രമായിരുന്നു. ഇങ്ങനെയൊരു ഡിപ്പാർട്ടുമെന്റുണ്ടെന്നറിഞ്ഞത് ശ്രീ. എ. സി. ഷൺമുഖദാസിന്റെ കാലത്താണോ? ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് എന്നൊരു ഡിപ്പാർട്ടുമെന്റ് ഉണ്ടെന്നറിഞ്ഞത് ആരുടെ കാലത്താണ്? ബഹുമാനപ്പെട്ട അംഗങ്ങൾക്കറിയാമല്ലോ. ശ്രീ. എ. സി. ഷൺമുഖദാസിന്റെ കാലത്ത് ഇങ്ങനെയൊരു ഡിപ്പാർട്ടുമെന്റിനെക്കുറിച്ച് ആർക്കെങ്കിലും അറിയാമായിരുന്നോ?

ശുദ്ധജല വിതരണം നടത്തിയ വകയിൽ പി. എച്ച്. ഇ. ഡി.- ക്ക് കൊടുക്കുവാൻ വേണ്ടി 23 കോടി രൂപയോളം പഞ്ചായത്തിന് കുടിശ്ശിക കിടക്കുകയാണ്. ബഹുജനങ്ങളിൽനിന്നും പിരിച്ചെടുക്കേണ്ട നികുതി പിരിച്ചെടുക്കാതെ വന്ന കുടിശ്ശികയാണിത്. അതുകൊണ്ട് ഇത് നേരിട്ടൊരു ബോഡിയുടെ നിയന്ത്രണത്തിൽ നടത്തുകയും, ശുദ്ധജല വിതരണം നടത്തുകയും, യഥാസമയം നികുതി പിരിക്കുകയും , ഏതാനും പദ്ധതികളുമായി മുമ്പോട്ടു പോവുകയും, ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കാനുള്ള കരാറുകളിൽ ഒപ്പിടുകയും, ആ സാമ്പത്തിക സഹായം സ്വരൂപിച്ച് പ്രോബ്ലം വില്ലേജുകൾക്ക് കൂടുതൽ കാര്യക്ഷമമായി ശുദ്ധജല വിതരണം നടത്തിക്കൊണ്ട് പോവുകയും ഒക്കെ ചെയ്യുന്ന ഒരു തീരുമാനം എടുത്തതാണോ തെറ്റ് എന്ന് ചോദിക്കുന്നതിന് ഞാൻ ആഗ്രഹിക്കുന്നു. അതിനെക്കുറിച്ച് ഇനിയൊന്നും പറയുന്നില്ല.

സർ, മറ്റൊരു പ്രധാന കാര്യം എനിക്ക് പറയാനുള്ളത്, കേരള വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയിലെ നിയമനത്തെക്കുറിച്ച് ഇവിടെ പറഞ്ഞതിനെപ്പറ്റിയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ കേരള ചരിത്രത്തിൽ നിലവിലിരുന്ന ഏതെങ്കിലുമൊരു ബോർഡ് അതിന്റെ സ്കെലിറ്റൻ സ്റ്റാഫിനെ രൂപപ്പെടുത്തുമ്പോൾ നിയമനം ചെയ്ത സ്റ്റാഫിന്റെ ഒരു ശതമാനമെങ്കിലും വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയിലെ നിയമനത്തിൽ നടത്തിയിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. പ്രധാനപ്പെട്ട പോസ്റ്റുകൾ മുഴുവൻതന്നെ ക്യാബിനറ്റിന്റെ അംഗീകാരത്തോടുകൂടി നടത്തേണ്ടതും നടത്തുന്നതുമാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിട്ടുള്ളത്. ഒന്നുരണ്ട് ലോവർ ഡിവിഷൻ ക്ലാർക്കുമാരും ഒന്നോ രണ്ടോ ടൈപ്പിസ്റ്റുകളേയും ഒന്നോ രണ്ടോ പി. എ. മാരേയും നിയമിച്ചിട്ടുണ്ട്. അത് മാത്രമല്ല ഹൈക്കോടതിയിൽ കൊടുത്ത റിട്ട് പെറ്റീഷന്റെ അടിസ്ഥാനത്തിൽ 1984 ഏപ്രിൽ മാസം ഒന്നാം തീയതിക്കുശേഷം ഉണ്ടാകുന്ന എല്ലാ നിയമനങ്ങൾക്കും നിയമപ്രാബല്യം കൊടുക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഗംഗാധരൻ, നാരായണൻ നായരെ നിയമിച്ചതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. അർഹതയുള്ളവനാണോ അല്ലയോ എന്നതാണ് ഇവിടെ നോക്കേണ്ടത്. എന്റെ മകന് നാളെ ഒരു ജോലി കിട്ടിയാൽ അത് കുട്ട്യാലിയുടെ മകനായതുകൊണ്ട് എതിർക്കുന്നത് എന്തിനാണ്? അവന് യോഗ്യതയുണ്ടോയെന്നാണ് നോക്കേണ്ടത്, മനസ്സിലാക്കേണ്ടത്. അങ്ങയുടെ മകന് നാളെ ഒരു ജോലി കിട്ടിയാൽ, ഏതെങ്കിലുമൊരു മന്ത്രിയുടെ മക്കൾക്ക് ജോലി കിട്ടിയാൽ, ഒരു സന്തതസഹചാരിക്കോ അല്ലെങ്കിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ആർക്കെങ്കിലുമോ ഒരു ജോലി കിട്ടിയാൽ ഇന്നാരുടെ മകനെന്നുള്ള പേരിൽ എതിർക്കുന്നത് ശരിയല്ല. അതിന് അർഹതയുണ്ടോ ക്വാളിഫിക്കേഷനുണ്ടോ, അതിന്റെ ഓർഡറിൽത്തന്നെയാണോ നിയമനം നടത്തിയിരിക്കുന്നത് എന്നീ കാര്യങ്ങളാണ് നോക്കേണ്ടത്. കേരളാ വാട്ടർ അന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ നടന്ന നിയമനങ്ങളിൽ എവിടെയെങ്കിലും നിയമവിരുദ്ധമായി ആരെയെങ്കിലും നിയമിച്ചതായി തെളിയിക്കാൻ അപ്പുറത്തിരിക്കുന്ന ഏതെങ്കിലുമൊരാളിന് സാധിച്ചിട്ടുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. നേരായ മാർഗ്ഗത്തിൽക്കൂടി തന്നെയാണ് ഇതിൽ നിയമനം നടത്തിയിട്ടുള്ളത്. ശ്രീ. എം. എൻ. ഗോവിന്ദൻ നായർ ഇലക്ട്രിസിറ്റി ബോർഡിന്റെ ചാർജു വഹിച്ചിരുന്ന കാലത്ത് രണ്ടായിരത്തിൽ ചില്വാനം ആളുകളെയാണ് കടലാസിൽക്കൂടി നിയമിച്ചത്. അത് നിങ്ങൾക്കറിയാമോ? അതിന്റെ വിശദാംശങ്ങളിലേക്ക് പോകേണ്ട. അതുകൊണ്ടാണല്ലോ ശ്രീ. ബാലകൃഷ്ണപിള്ളക്കെതിരായിട്ട് ആരോപണങ്ങൾ മുഴുവനും ഉന്നയിച്ചത്. അദ്ദേഹം ഈ വകുപ്പ് കൈകാര്യം ചെയ്യാൻ തുടങ്ങിയതിനുശേഷം ഇത്തരം കുത്തേൻകളിക്ക് ഒന്നും അദ്ദേഹം വിട്ടുകൊടുത്തിട്ടില്ല. സി. പി. ഐ. ക്കാരുടെ കുടുംബ സ്വത്തുപോലെ കൊണ്ടു നടന്നിരുന്ന ഇലക്ട്രിസിറ്റി ബോർഡ് ശ്രീ. ബാലകൃഷ്ണപിള്ള വന്നപ്പോൾ അത് കുത്തകയാക്കിവയ്ക്കാൻ സമ്മതിച്ചില്ലായെന്നുള്ള ഒറ്റക്കാരണം കൊണ്ടാണ് അവർ അദ്ദേഹത്തെ എതിർത്തത്. .....(ബഹളം).....സഖാവ് ഇമ്പിച്ചി ബാവ കെ.എസ്.ആർ.ടി.സി. യുടെ മന്ത്രിയായിരുന്ന കാലത്ത് സിഗരറ്റ് കവറിന്റെ പുറത്ത് എഴുതിക്കൊടുത്ത് നിയമനം നടത്തിയതായി ഈ നിയമസഭയിൽ ആരോപണം വന്നിട്ടുണ്ട്. ഇമ്പിച്ചിബാവ ഭരിച്ചിരുന്ന കാലത്ത് ഇങ്ങനെ നിയമനം നടത്തിയത് തെറ്റാണോയെന്ന് ബഹുമാനപ്പെട്ട നായനാരോട് ചോദിക്കണം. ശ്രീ. കെ. പി. പ്രഭാകരനോട് ഞാൻ ചോദിക്കുകയാണ്,

LIBRARY ARCHIVES Kerala Legislative Assembly

സി. പി. ഐ. ക്കാരുടെ കാലത്ത് ഇലക്ട്രിസിറ്റി ബോർഡിൽ നിയമനം നടത്തിയിരുന്നത് ഓർഡറിൽത്തന്നെയാണോ?

ശ്രീ. കെ. പി. പ്രഭാകരൻ: പി.എസ്.സി. വഴിയല്ലാതെ നിയമനങ്ങളൊന്നും നടത്തിയിട്ടില്ല.

ശ്രീ. മണിമംഗലത്തു കുട്ട്യാലി : ഏതെങ്കിലും ഭരണകാലത്ത് ആരുടെയെങ്കിലും ഔദാര്യം കൊണ്ട് ആർക്കെങ്കിലും ജോലി കിട്ടിയിട്ടുണ്ടെങ്കിൽ അത് തെറ്റാണെന്ന അഭിപ്രായം എനിക്കില്ല. മറിച്ച് അവർ ക്വാളിഫൈഡാണോ, ശരിക്കുള്ള ഓർഡറിൽ തന്നെയാണോ, ശരിക്കുള്ള വഴിയിൽക്കൂടിയാണോ എന്നേ പരിശോധിക്കേണ്ടതുള്ളൂ. ഇവിടെ അങ്ങനെ തെറ്റ് വന്നുവെന്ന്. എനിക്കഭിപ്രായമില്ല.

ഏകദേശം 60 കോടി രൂപയുടെ പദ്ധതിയുമായിട്ടാണ് ഇന്ന് വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി മുന്നോട്ട് പോകുന്നത്. പൈപ്പ് വേണമെങ്കിൽ വാങ്ങണം. അതിന് കാനം രാജേന്ദ്രന്റെ ശുപാർശയൊന്നും വേണ്ട. ഇനിയും പൈപ്പുകൾ വാങ്ങും. പദ്ധതികൾ നടപ്പിലാക്കണമെങ്കിൽ നടപ്പിലാക്കും. ഈ സ്റ്റേറ്റിലെ ശുദ്ധജലത്തിന് വേണ്ടി ദാഹിക്കുന്ന ആളുകൾക്ക് പരിഹാരമുണ്ടാക്കി കൊടുക്കാൻ ആവശ്യമായ എല്ലാ നടപടിയുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകും. അതിനുവേണ്ടിയാണ് ഈ ബില്ല് ഇന്നിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ ബില്ലിനെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ട് കാര്യങ്ങൾ പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കാം.

ഇവിടെ ഈ ബില്ലിൽ അംഗം എന്നാൽ അധികാര സ്ഥാനത്തിരിക്കുന്ന അംഗം എന്ന അർത്ഥമാകുന്നുവെന്നുള്ള ഒരു ഡഫനിഷനെ സംബന്ധിച്ചിടത്തോളം ചില അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ട്. അതുപോലെ പേജ് നമ്പർ (7) (എം)-സർക്കാർ നിയമിക്കുന്ന, സംസ്ഥാനത്തെ തദ്ദേശ സമിതികളെ പ്രതിനിധാനം ചെയ്യുന്ന ഒരംഗം എന്നുള്ളതിനെ സംബന്ധിച്ച്, അത് ഡിഫൈൻ ചെയ്യണം. അതുപോലെ ആ പേജിൽത്തന്നെ (ബി)യിൽ 'അവിമുക്ത നിർദ്ധനൻ ആയിരിക്കുകയോ' എന്നതിനെ സംബന്ധിച്ചും ഒന്ന് ചർച്ച നടത്തേണ്ടതാണ്. അതുപോലെ (ഡി) 'ആറും ഏഴും വകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, അധികാരസ്ഥാനത്തിന്റെ കീഴിൽ ആദായകരമായ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ' എന്നുള്ളതിനെക്കുറിച്ചും ആലോചിക്കണം. അതുപോലെ അധികാരസ്ഥാനം ശാശ്വതപിൻതുടർച്ചയും ഒരു പൊതു മുദ്രയും, ഉള്ളതും ജംഗമവും സ്ഥാവരവുമായ വസ്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും, കയ്യൊഴിയുകയും ചെയ്യാനും, കരാറിലേർപ്പെടാനും ഉള്ള അധികാരത്തോടുകൂടിയും-ആ കരാർ എന്താണെന്ന് ഒരു പുനഃപരിശോധന ആവശ്യമാണ്. അതുപോലെ പൊതുജനാരോഗ്യ എൻജിനീയറിംഗ് യോഗ്യതയുള്ളയാളും ജല മലിന ജല പദ്ധതികളുടെ മാനേജ്മെന്റിലും കാര്യനിർവ്വഹണത്തിലും പരിചയമുള്ള ആളുമായ സർക്കാർ നിയമിക്കുന്ന ഒരു മാനേജിംഗ് ഡയറക്ടറായിരിക്കണം എന്ന ബഹുമാനപ്പെട്ട ആർ എസ്. ഉണ്ണിയുടെ നിർദ്ദേശത്തോട് എനിക്ക് യോജിപ്പുണ്ട്. കാരണം ഒരു ടെക്നിക്കൽ ഹാന്റ് ആവശ്യമാണ്. മാത്രമല്ല, ധനകാര്യ സ്ഥാപനങ്ങളുമായോ മറ്റു

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളുമായോ കരാറിൽ ഒപ്പ് ഇടുമ്പോൾ 25 ലക്ഷം രൂപയ്ക്ക് മേലുള്ള കരാറുകളോ 25 ലക്ഷം രൂപയ്ക്ക് താഴെയുള്ള വർക്കുകളോ ഏറ്റെടുക്കുന്ന കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു പുനഃപരിശോധന വേണമെന്നാണ് എന്റെ അഭിപ്രായം. ഇത് വിശദമായ ഒരു ചർച്ചയ്ക്ക് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിച്ചുകൊണ്ട് ഞാനീ ബില്ലിനെ പിൻതാങ്ങുന്നു.

Shri K. Sankaranarayana Pillai :Sir, I move that the Kerala Water and Waste Water Bill, 1984 be circulated for eliciting public opinion till 1-10-1985. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം തുടക്കത്തിൽത്തന്നെ ബഹുമാനപ്പെട്ട ഇരവിപുരം മെമ്പർ ഒരു disapproval resolution-ന്റെ ചർച്ച തുടങ്ങിവച്ചുകൊണ്ട് വിശദമായ കാര്യങ്ങൾ ഇവിടെ പ്രസ്താവിക്കുകയുണ്ടായി. എന്നാൽ വെളുക്കുവോളം രാമായണം വായിച്ചിട്ട് സീതയുടെ ഭർത്താവാരാണെന്ന് ചോദിക്കുന്നതു പോലെയാണ് ബഹുമാനപ്പെട്ട കൊയിലാണ്ടി മെമ്പർ തൊട്ടു മുമ്പ് പ്രസംഗിച്ചപ്പോൾ ചോദിച്ചത്. പ്രസംഗിക്കാനുള്ള ഒരു സൂത്രം എന്നുള്ള നിലയിലാണെന്നു പറഞ്ഞു. പറഞ്ഞതിലൊന്നും കാര്യമില്ലെന്ന് അദ്ദേഹം പറഞ്ഞതാണ്. അദ്ദേഹം ഇപ്പോൾ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയം നൽകിയിട്ടുണ്ട്. ആ പ്രമേയത്തിൽ അദ്ദേഹം ഉറച്ചു നിൽക്കുമെങ്കിൽ എന്റെ പ്രമേയം പിൻവലിക്കാൻ തയ്യാറാണ്. അതല്ല അദ്ദേഹം അത് പിൻവലിക്കുമെന്നുണ്ടെങ്കിൽ അതും ഒരു സൂത്രമാണെന്ന് പറയേണ്ടി വരും. നിയമസഭയുടെ പവിത്രതയെ നശിപ്പിക്കുന്ന, നടപടിച്ചട്ടങ്ങളെ കീഴ്മേൽ മറിക്കുന്ന ഒരു നിയമം-അത് പാസ്സാക്കിത്തരണമെന്ന അഭ്യർത്ഥനയുമായി അത് സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന അഭ്യർത്ഥനയുമായാണ് ബഹുമാനപ്പെട്ട മന്ത്രി നമ്മുടെ മുമ്പിൽ നിൽക്കുന്നത്. ഈ നിയമം ഒരു ഓർഡിനൻസിന്റെ രൂപത്തിൽ അവതരിപ്പിച്ച ഒരു നിയമമാണ്. ഇത് ഓർഡിനൻസ് ഭരണമാണെന്ന് നമുക്കറിയാം. നിരവധി ഓർഡിനൻസുകൾ നമ്മുടെ മുമ്പിലുണ്ട്. ഈ സമ്മേളനം തന്നെ ചേരുന്നത് ഈ ഓർഡിനൻസുകൾ റീപ്ലേസ് ചെയ്യാൻ വേണ്ടിയാണ്. പക്ഷെ ഈ ഓർഡിനൻസ് വ്യവസ്ഥ എന്തിന് വേണ്ടിയാണ്? ഒഴിവാക്കാനാകാത്ത സാഹചര്യത്തിൽ ഈ നിയമസഭ സമ്മേളിക്കാതിരിക്കുമ്പോൾ, അത്യാവശ്യമായി ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നതിന് വേണ്ടിയാണ് ഈ ഓർഡിനൻസ് സംവിധാനം. അങ്ങനെ ഒരു പ്രാധാന്യം ഇതിനുണ്ടോ? ഗാന്ധിജി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് വേണ്ടി ഓർഡിനൻസ് ഇവിടെ നേരത്തെ വന്നു. വിശദമായ ചർച്ചയ്ക്കുശേഷം സ്ഥാപിക്കേണ്ട സ്ഥാപനങ്ങൾ ഒരു ഓർഡിനൻസിന്റെ മറവിൽക്കൂടി സ്ഥാപിക്കുകയെന്നു പറയുമ്പോൾ അത് നിയമസഭയുടെ പവിത്രതയോടുള്ള അവഹേളനമെന്നതിനുപരി അത് സൃഷ്ടിക്കുന്ന പ്രായോഗികമായ ബുദ്ധിമുട്ടുകൾ അനവധിയല്ലേ? ആ ബുദ്ധിമുട്ടുകൾ നേരിടേണ്ടി വന്നില്ലേ ശ്രീ. ഗംഗാധരന്. കഴിഞ്ഞ വർഷം ഏപ്രിൽ 1-ാം തീയതി ഈ ഓർഡിനൻസ് കൊണ്ടുവന്നു. അന്നു മുതൽ ഈ നിയമസഭയിൽ തലകുനിച്ച് നിൽക്കേണ്ട എത്രയോ അനുഭവങ്ങൾ ശ്രീ. ഗംഗാധരന് ഉണ്ടായി. ചെയറിന്റെ സൗമനസ്യം കൊണ്ടുമാത്രമാണ് ഡിമാന്റുകൾ പാസാക്കാനും ബില്ല് കൊണ്ടുവരാനും അദ്ദേഹത്തിന് കഴിഞ്ഞത്. ആദ്യമായിത്തന്നെ ഈ ഓർഡിനൻസുമായി വന്നപ്പോൾ പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റിന്റെ ഡിമാന്റിനുവേണ്ടി കഴിഞ്ഞ ബഡ്ജറ്റ് കാലത്ത് അദ്ദേഹം പണം ചോദിക്കുകയുണ്ടായി. അന്ന് ഞങ്ങൾ അത് ചൂണ്ടിക്കാണിച്ചു. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിക്കുവേണ്ടി ഒരു ബഡ്ജറ്റ്, ഇല്ലാത്ത പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെന്റിനു വേണ്ടി ഒരു ബഡ്ജറ്റ്. അന്ന് ചെയറിന്റെ സൗമനസ്യം കൊണ്ട് പിന്നീട് അതിന് പരിഹാരം കണ്ടുകൊള്ളും എന്നു പറഞ്ഞുകൊണ്ട് അദ്ദേഹം രക്ഷപ്പെട്ടു പോയി എങ്കിലും ആ വകുപ്പിന്റെ സപ്ലിമെന്ററി ഡിമാന്റ് വന്നപ്പോൾ വീണ്ടും അതേ ദയനീയാവസ്ഥയിൽ ഈ സഭയെ അഭിമുഖീകരിക്കേണ്ട ഒരു അവസ്ഥ അദ്ദേഹത്തിനുണ്ടായി. നേരത്തെ സൂചിപ്പിച്ചതുപോലെ ഒരു ധനകാര്യ സ്റ്റേറ്റുമെന്റുപോലും കിട്ടിയിട്ടില്ല എന്നതാണ് വസ്തുത. അതുപോലെ നിയമസഭാംഗങ്ങളെ കബളിപ്പിക്കാൻവേണ്ടി എസ്.ആർ. ഒ. ആയി കൊണ്ടുവരേണ്ട ചട്ടങ്ങൾ ഒരു സാധാരണ ഗവൺമെന്റ് ഉത്തരവായി കൊണ്ടുവന്ന് അതിന് വേണ്ടതായ ചർച്ചയിൽ അദ്ദേഹം കുരുങ്ങി. പക്ഷെ ഇത്തവണ ചെയറിന്റെ സൗമനസ്യം അദ്ദേഹത്തിന് കിട്ടാത്തതുകൊണ്ട് ആ എസ്.ആർ. ഒ. ഇപ്പോഴും നമ്മുടെ പരിഗണനയിൽ ഇരിക്കുകയാണ്. എന്തിനാണ് ഇതെല്ലാം ഉണ്ടാക്കി വച്ചത്? നിയമനിർമ്മാണ പ്രക്രിയയെ സംബന്ധിച്ച് ചട്ടങ്ങളും കീഴ്വഴക്കങ്ങളും ഉണ്ട്. ഭരണഘടനാ വ്യവസ്ഥകളുണ്ട്. ഇതെല്ലാം മാറ്റിമറിച്ചുകൊണ്ട് മന്ത്രി താൽക്കാലികാവശ്യം നിറവേറ്റുന്നതിനുവേണ്ടി ഓർഡിനൻസു കൊണ്ടുവരിക എന്നു പറഞ്ഞാൽ അത് ന്യായീകരിക്കാവുന്ന കാര്യമല്ല. എന്തുകൊണ്ടാണ് ഞങ്ങൾ ഇതിനെ എതിർക്കുന്നത്? ഇവിടെ ബഹുമാനപ്പെട്ട കൊയിലാണ്ടി മെമ്പർ പറഞ്ഞു, വെള്ളം കൊടുക്കുന്നത് ഇഷ്ടമില്ലാത്തതുകൊണ്ടാണെന്ന്. അദ്ദേഹം ഒരുപാട് കാര്യങ്ങൾ പറഞ്ഞു. മുമ്പ് പല മന്ത്രിമാർ ഇവിടെ ഭരിച്ചിട്ടില്ലേ? അവർ എന്തൊക്കെ ചെയ്തു? എന്നു ചോദിച്ച ശ്രീ. എ. സി. ഷൺമുഖദാസ് ഇവിടെ പൂജ്യമാണെന്ന് അദ്ദേഹം പറഞ്ഞു. അത് ശ്രീ. കുട്ട്യാലി പറയാൻ പാടില്ല. കാരണം, കൊയിലാണ്ടി നിയോജക മണ്ഡലത്തിൽ മുഴുവനും ബാധകമാകുന്ന വാട്ടർ സപ്ലൈ പദ്ധതിക്ക് രൂപം കൊടുത്ത ആളാണ് ശ്രീ. എ. സി. ഷൺമുഖദാസ്. 21 മാസക്കാലത്തെ ഒരു മന്ത്രി എന്ന നിലയിൽ പരിപൂർണ്ണമാക്കാൻ കഴിഞ്ഞിട്ടില്ലായെന്നു വരാം. പക്ഷെ ശ്രീ. ഗംഗാധരനെ സംബന്ധിച്ചിടത്തോളം ഡ്രൗട്ട് റിലീഫിന്റെ പേരിൽ പൈപ്പ് വാങ്ങിച്ച് അത് കുഴിച്ചിടുന്നതിലുപരി ഒരു ഒറിജിനൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കാൻ കഴിഞ്ഞോ? ശ്രീ. എ. സി. ഷൺമുഖദാസിന്റെ കാലത്ത് ആവിഷ്കരിച്ചതുതന്നെയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിനപ്പുറം ഒന്നും അദ്ദേഹത്തിന് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

ശ്രീ. എ. വി. താമരാക്ഷൻ : ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്ന കാലഘട്ടത്തിൽ വേൾഡ്ബാങ്കും അതുപോലെതന്നെ ധനകാര്യ സ്ഥാപനങ്ങളുമായി ചർച്ച നടത്തി, അന്നുണ്ടാക്കിയ പദ്ധതികളല്ലേ, അതിന് തറക്കല്ലിടലും ഉൽഘാടനവും ഒക്കെയല്ലേ ശ്രീ. എം. പി. ഗംഗാധരൻ നടത്തിക്കൊണ്ടുവരുന്നത്?

ശ്രീ. കെ. ശങ്കരനാരായണപിള്ള : അതു മാത്രമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പുനലൂർ പദ്ധതി, പാലക്കാട് പദ്ധതി, മലമ്പുഴ പദ്ധതി, അങ്ങനെ എത്രയോ പദ്ധതികൾ ചൂണ്ടിക്കാണിക്കാൻ കഴിയും. ഒരു പ്രസംഗത്തിന്റെ ചാതുര്യത്തിനുവേണ്ടി ശ്രീ. കുട്ട്യാലി അങ്ങനെ പറഞ്ഞുവെന്നു മാത്രമേ ഞാൻ അതിനെ കരുതുന്നുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. തങ്കച്ചൻ : ശ്രീ. ഷൺമുഖദാസിന്റെ കാര്യം പറഞ്ഞത് എനിക്കറിയാം. താങ്കളുടെ നേതാവാണ്, ഇങ്ങനെയൊക്കെ പറയുമെന്നത് ഞങ്ങൾക്കറിയാം. എറണാകുളം ജില്ല, തൃശ്ശൂർ ജില്ല എന്നിവിടങ്ങളിൽ ഒക്കെ ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്ന കാലഘട്ടത്തിൽ ഒരു പദ്ധതിക്കും രൂപം കൊടുത്തിട്ടില്ല. ശ്രീ. ഗംഗാധരൻ വന്നതിനു ശേഷമാണ് ഇതൊക്കെ നടന്നിട്ടുള്ളത്.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ : എറണാകുളം ജില്ലയിലെ കൊച്ചിൻ കോർപ്പറേഷൻ പരിസരത്തെ ആലുവ, കളമശ്ശേരി, കുമ്പളങ്ങി, ചെല്ലാനം, പള്ളുരുത്തി എന്നിവിടങ്ങളിൽ സമഗ്രമായ സ്കീമുകൾ ഉണ്ടാക്കി വേൾഡ് ബാങ്കിന് അംഗീകാരത്തിന് കൊടുത്തതും , ഈയിടെ അംഗീകാരം കിട്ടിയതും ഒക്കെ ശ്രീ. തങ്കച്ചന്റെ സ്ഥലത്ത് ഉൾപ്പെട്ടതുമായ സ്കീമുകൾ ഉണ്ടാക്കിയത് ശ്രീ. ഷൺമുഖദാസിന്റെ ഭരണ കാലത്താണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ശ്രീ. എ. സി. ഷൺമുഖദാസ് മന്ത്രിയായിരുന്ന കാലത്ത് വാട്ടർ സപ്ലൈ സ്കീമുകൾക്കുവേണ്ടി പരിശ്രമിക്കാത്ത ഒരാളാണ് ശ്രീ. തങ്കച്ചൻ. അതുകൊണ്ട് അതിനെക്കുറിച്ച് ഒന്നും പറയാൻ അദ്ദേഹത്തിന് കഴിയുകയില്ല. പിന്നെ ശ്രീ. ഷൺമുഖദാസ് പൂജ്യമായിരുന്നുയെന്ന് പറയുന്നത് ശരിയാണ്. കാരണം മന്ത്രിസ്ഥാനം കഴിഞ്ഞപ്പോൾ അദ്ദേഹത്തിന്റെ ബാങ്ക് ബാലൻസ് പൂജ്യമായിരുന്നു. ഇപ്പോഴത്തെ മന്ത്രിയുടെ കാര്യം ഞാൻ പറയേണ്ട കാര്യമില്ല. അത് അംഗീകരിക്കാനും തയ്യാറാണോ? ഏതായാലും ഇങ്ങനെ ഒരു നിയമത്തെക്കുറിച്ചുള്ള ആലോചന ശ്രീ. അച്ചുതമേനോന്റെ കാലത്തു വന്നു, ശ്രീ. നായനാരുടെ കാലത്തു വന്നു, ശ്രീ. ആന്റണിയുടെ കാലത്തു വന്നു. ശ്രീ. പി. കെ. വാസുദേവൻ നായരുടെ കാലത്തു വന്നു എന്നു പറഞ്ഞല്ലോ? എന്തുകൊണ്ട് അത് നടപ്പാക്കിയില്ല. അവരെല്ലാം ശ്രീ. കരുണാകരനേക്കാളും ശ്രീ. ഗംഗാധരനേക്കാളും മോശക്കാരായതുകൊണ്ടാണോ? അല്ല അതിന് തർക്കമുണ്ടായിരുന്നു. ശുദ്ധജല വിതരണത്തെ സംബന്ധിച്ചിടത്തോളം അടിസ്ഥാനപരമായ തർക്കമുണ്ട്.അതെന്താണ്? അധികാരമില്ല എന്ന സങ്കൽപ്പത്തെക്കുറിച്ച് ഐക്യ ജനാധിപത്യ മുന്നണിക്കും സർക്കാരിനും ഉള്ള താൽപ്പര്യമെന്താണെന്ന് നമുക്കറിയാം. കാരണം ജില്ലാ ഭരണം, അത് പൂഴ്ത്തിവച്ചിരിക്കുന്ന ഒരു സർക്കാരാണ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തെരഞ്ഞെടുപ്പ് സമയത്തു നടത്തുന്നവർ ഞങ്ങളെ സംബന്ധിച്ചിടത്തോളം സിവിക് അമിനിറ്റീസ് (Civic Amenities) ജനങ്ങൾക്കാവശ്യമായ സിവിൽ സൗകര്യങ്ങൾ, അതെല്ലാംതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്ന അഭിപ്രായമുള്ളവരാണ്. അതുകൊണ്ടാണ് ശുദ്ധജല വിതരണവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്നു പറഞ്ഞത്. അതുകൊണ്ട് കൊല്ലങ്ങൾക്ക് മുമ്പുള്ള ഗവൺമെന്റുകളുടെ കാലഘട്ടം തൊട്ടേ ഈ വകുപ്പുകൾ തമ്മിൽ തർക്കമുണ്ടായിരുന്നു. പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റ് കൈകാര്യം ചെയ്യുന്ന വിഭാഗവും അതുപോലെ തദ്ദേശ സ്വയംഭരണ വിഭാഗവും തമ്മിൽ തർക്കമുണ്ടായിരുന്നു. അത് ആരോഗ്യകരമായ തർക്കമായിട്ടാണ് ഞാൻ കണക്കാക്കുന്നത്. അതുകൊണ്ട് അത് പഠിക്കേണ്ട വിഷയമാണെന്ന് പറഞ്ഞ് മാറ്റിവച്ചു. ഇപ്പോൾ എന്താണ് സംഭവിച്ചത്? വളരെ നിരപരാധിയായ ശ്രീ. സുന്ദരം തദ്ദേശ സ്വയം

ഭരണ മന്ത്രിയായിരുന്നപ്പോൾ അദ്ദേഹത്തിനെ കളിപ്പിച്ച് ഈ കാര്യത്തെ സംബന്ധിച്ചി ടത്തോളം ഇന്നലെവരെ തദ്ദേശ സ്വയംഭരണ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ത്.....

ശ്രീ. എ. സി. ജോസ് : സർ, നിർഗുണനെന്നുള്ള ഒരു പരാമർശം മന്ത്രിയെപ്പറ്റി ഇവിടെ നടത്തിയത് ഓർഡറിലല്ല. അത് നടപടികളിൽ നിന്ന് നീക്കം ചെയ്യണം.

ശ്രീ. ശങ്കരനാരായണപിള്ള : ആ പരാമർശനം ഞാൻ പിൻവലിച്ചിരിക്കുന്നു. ഇവിടെ നമ്മുടെ സുന്ദര സ്വാമിക്കുവേണ്ടി ശ്രീ. ഗംഗാധരനെ അതിക്രമിച്ച കാര്യത്തെ ഇന്ന് ലോബിയിലും ഞങ്ങളുടെ അടുത്തുമെല്ലാം പറഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ?

ശ്രീ. ശങ്കരനാരായണപിള്ള : ശ്രീ. ഗംഗാധരനെ അതിക്രമിച്ച കാര്യത്തെപ്പറ്റി യൊന്നുമല്ല. ഇവിടെ ചെയർമാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുപ്പ് നടന്നപ്പോൾ.....

ശ്രീ. രമേശ് ചെന്നിത്തല : നമ്മുടെ സംസ്ഥാനത്തുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക്, പഞ്ചായത്തുകൾക്ക് മെയിന്റനൻസ് നടത്താനും മറ്റും യാതൊരു നടപടികളും ഈ ശുദ്ധജല വിതരണത്തിൽ നടത്താൻ കഴിയാത്ത സാഹചര്യങ്ങളാണ് വർഷങ്ങളായി ഇവിടെ നിലനിൽക്കുന്നത് എന്ന് അങ്ങേക്കറിയാവുന്ന കാര്യങ്ങളാ ണല്ലോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ബഹുമാനപ്പെട്ട രമേശ് ചെന്നിത്തല, പഞ്ചാ യത്തിന്റെ ചുമതല ഏൽപ്പിച്ചു കൊടുത്താൽ പഞ്ചായത്തിന്റെ ഓൺ ഫണ്ടിൽ നിന്നാണ് ഇതൊക്കെ ചെയ്യുന്നത് എന്ന ഒരു തെറ്റിദ്ധാരണ ഉണ്ടായതുകൊണ്ടാണ് ഇങ്ങനെ പറയുന്നത്. ഗംഗാധരന്റെ സ്വന്തം ഫണ്ടിൽ നിന്നല്ലല്ലോ അതോറിറ്റിയും ചെലവാക്കുന്നത്. ഇതിനുവേണ്ടി ചെലവാക്കുന്ന ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങൾ വഴി റൂട്ട് ചെയ്യണമെന്നാണ് ഇങ്ങനെ പറയുന്നതിന്റെ അർത്ഥം.

ശ്രീ. എ. സി. ഷൺമുഖദാസ് : സർ, കറാച്ചി പ്രമേയത്തിലും ബൽവന്ത്റോയി മേത്താ കമ്മിറ്റിയുടെ റിപ്പോർട്ടിലും ശുദ്ധജല വിതരണത്തിനുവേണ്ടിയുള്ള പരിപാടിക ളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിട്ടുകൊടുക്കണമെന്നുള്ള ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ പ്രഖ്യാപിത നയത്തെ സംബന്ധിച്ചിടത്തോളം കോൺഗ്രസ് (ഐ) ക്ക് എന്താണ് പറയാനുള്ളത്?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഇന്ത്യൻ നാഷണൽ കോൺഗ്രസുമായി കോൺഗ്രസ് (ഐ)ക്ക് എന്തെങ്കിലും ബന്ധമുണ്ടെങ്കിലല്ലേ എന്തെങ്കിലും പറയാൻ കഴി യുകയുള്ളൂ.

ശ്രീ. എ. സി. ജോസ് : ബഹുമാനപ്പെട്ട ഷൺമുഖദാസ് പറഞ്ഞ അതേ പ്രമേ യത്തിൽ തന്നെ വൈദ്യുതി സംബന്ധമായ കാര്യങ്ങളും നഗരസഭകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നടത്തണമെന്നുള്ള പ്രമേയത്തെക്കുറിച്ചുള്ള കാര്യങ്ങളെക്കു റിച്ചും നമുക്കറിയാമല്ലോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ : കറാച്ചി കോൺഗ്രസിന്റെ തീരുമാനം നിലനിൽക്കത്തന്നെ ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മാറ്റി ഒരു ഓട്ടോണമസ് ബോഡി ഉണ്ടാക്കുവാനുള്ള സംവിധാനത്തിന് ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്നപ്പോൾ ശ്രമിക്കുകയും ശ്രീ. ആർ. എസ്. ഉണ്ണി അതിനെ ശക്തിയായി എതിർക്കുകയും ചെയ്ത സന്ദർഭത്തിൽ അത് നടക്കാതിരിക്കുകയും ചെയ്ത കാര്യം ശ്രീ. ഷൺമുഖദാസ് നിഷേധിക്കുമോ?

ശ്രീ. എ. സി. ഷൺമുഖദാസ് : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ കാര്യത്തിലുള്ള അവകാശം ഉറപ്പിച്ചെടുക്കാനുള്ള കാര്യം പരിശോധിക്കുന്നതിനായി മാറ്റിവച്ചു.

ശ്രീ. കെ. ശങ്കരനാരായണപിള്ള : അങ്ങനെ മാറ്റിവച്ച ഒരു കാര്യം വളരെ മിടുക്കനായ ശ്രീ. എം. പി. ഗംഗാധരൻ ഒരു ദിവസം രാവിലെ ഓർഡിനൻസായി കൊണ്ടുവന്നു. ആ വർഷം ഫിനാൻസ് ഡിപ്പാർട്ടുമെന്റ് ബഡ്ജറ്റ് തയ്യാറാക്കി. പബ്ലിക്ക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനുള്ള തുക നിശ്ചയിച്ച് എല്ലാം തീരുമാനിച്ചശേഷം കേരളത്തിലെ ജനങ്ങൾക്ക് വെള്ളം കൊടുക്കാനുള്ള അതിയായ താൽപ്പര്യം കൊണ്ടാണ് കൊണ്ടുവന്നത് എന്ന് കരുതാൻ കഴിയുകയില്ല.

ശ്രീ. എ. സി. ജോസ് : തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് മാറ്റാനും ഓർഡിനൻസ് ഇറക്കുവാനും അതോറിറ്റികൾ ഉണ്ടാക്കുവാനും ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ഉൾപ്പെടുന്ന ക്യാബിനറ്റ് എടുത്ത തീരുമാനമല്ലേ നടപ്പിലാക്കുന്നത്?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഇപ്പോഴത്തെ തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയുടെ സ്ഥിതി നമുക്കറിയാമല്ലോ?

ശ്രീ. എം. പി. ഗംഗാധരൻ: അത് പറഞ്ഞത് ശരിയല്ല. ക്യാബിനറ്റിന്റെ യുനാനിമസ് ഡിസിഷനാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ക്യാബിനറ്റിന്റെ യുനാനിമസ് ഡിസിഷൻ ഞങ്ങൾക്കറിയാം. പോളിടെക്നിക്ക് കൊടുക്കാൻ ക്യാബിനറ്റ് തീരുമാനിക്കും. അവസാനം അവരുടെ സംഘടനകൾ എല്ലാംകൂടി സമരം ചെയ്യും. അതാണ് ക്യാബിനറ്റിന്റെ ഡിസിഷൻ. സർക്കാർ പൊളിഞ്ഞുപോകുമെന്നുള്ളതുകൊണ്ട് ഏതു മന്ത്രി എന്തു തോന്ന്യാസം ചെയ്താലും കൂടിയിരുന്ന് പാസ്സാക്കിക്കൊടുക്കുകയാണെന്ന കാര്യം ശ്രീമാൻ ജോസ് അംഗീകരിക്കാൻ തയ്യാറുണ്ടോ. ഈ ഗവൺമെന്റ് ക്യാബിനറ്റിൽ എടുക്കുന്ന തീരുമാനങ്ങളെല്ലാം നൂറു ശതമാനം ശരിയാണെന്ന് വിശ്വാസമുണ്ടോ? അദ്ദേഹം തന്നെ നേതൃത്വം കൊടുക്കുന്ന എത്രയോ ട്രേഡ് യൂണിയനുകൾ എടുത്തിട്ടുള്ള തീരുമാനങ്ങൾക്ക് തെളിവല്ലേ. കൂട്ടുത്തരവാദിത്വം എന്ന് പറയുന്നത് ഗവൺമെന്റിന്റെ ദുർഗതിയാണ്. ഓരോ മന്ത്രിക്കും താൻ തീരുമാനിക്കുന്നത് ചെയ്യാം.

ശ്രീ. എ. കെ. പത്മനാഭൻ : തദ്ദേശസ്വയംഭരണ മന്ത്രി അദ്ദേഹത്തിന്റെ വകുപ്പിന് വേണ്ടത്ര സംഖ്യ ക്യാബിനറ്റ് അനുവദിക്കുന്നില്ല എന്ന് സബ്ജക്റ്റ് കമ്മിറ്റിയിൽ പറഞ്ഞ കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ശ്രീ. ജോസിനെപ്പോലെയുള്ള മെമ്പർമാരോടും പറഞ്ഞുകാണും. കൂട്ടുത്തരവാദത്തെപ്പറ്റിപറയാതിരിക്കുകയാണ് നല്ലത്. സർക്കാർ പൊളിയുമെന്ന് കണ്ടാൽ ക്യാബിനറ്റിലെ എല്ലാ മന്ത്രിമാരും തലകുലുക്കിക്കൊടുക്കും എന്നിട്ട് വെളിയിൽ ഇറങ്ങി അതെക്കുറിച്ച് പരാതി പറയും. അതല്ലെ ഇവിടത്തെ സ്ഥിതി. വയനാടൻ കമ്പനി ക്യാബിനറ്റ് പാസ്സാക്കിയെന്ന് ഈ നിയമസഭയിൽ പറഞ്ഞില്ലേ? അതുപോലെ എന്തെല്ലാം പാസ്സാക്കി.

ശ്രീ. പി. പി. തങ്കച്ചൻ: കേരളത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ മുനിസിപ്പാലിറ്റിയുടെ ഒരു ബോഡിയുണ്ട്. അതുപോലെ പഞ്ചായത്തിലുമുണ്ട്. രണ്ടുകൂട്ടരും യോഗം കൂടി വളരെ അടിയന്തിരമായി ഇങ്ങനെയൊരു ബോർഡ് ഉണ്ടാക്കണമെന്നും കാലതാമസം ഒഴിവാക്കണമെന്നും ഐകകണ്ഠ്യേന പ്രമേയം പാസാക്കിയതായിട്ട് അറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ശ്രീ. തങ്കച്ചൻ പറയുന്നത് ശരിയല്ല. അതിനെ ശക്തിയായി എതിർക്കുകയാണ് ചെയ്തത്. ശ്രീ. കുട്ട്യാലി പറഞ്ഞു ആർ. എസ്. ഉണ്ണി രണ്ട് ബോർഡ് വേണമെന്ന് പറഞ്ഞു എന്ന്. ഇൻസ്റ്റിറ്റ്യൂഷണൽ ഫിനാൻസ് വേണമെങ്കിൽ ചില സംവിധാനങ്ങൾ വേണം. അതിന് ഞങ്ങൾ എതിരല്ല. ശ്രീ. എം. പി. ഗംഗാധരന് തോന്നുന്നവരെ നിയമിക്കാനും അവിടെ ചെയർമാനായിട്ടിരുന്ന് ഭരിക്കാനും വേണ്ടി ബോർഡ് ഉണ്ടാക്കണമോയെന്നുള്ളതാണ് പ്രശ്നം. ഒന്നും വേണ്ടെന്ന് പറയുന്നില്ല. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് കിട്ടുന്നതിനുവേണ്ടി എന്തെങ്കിലും സംവിധാനം വേണമെങ്കിൽ ആകാം. ശുദ്ധജല വിതരണ പദ്ധതി പഞ്ചായത്തുകളെ ഏൽപ്പിക്കുകയെന്ന ആശയം ഇരിക്കുമ്പോൾ അതിനെ തകിടം മറിക്കുന്ന വിപുലമായ അധികാരത്തോടുകൂടി കേരളത്തിലെ വാട്ടർ സപ്ലൈ സംബന്ധമായ എല്ലാ അവകാശങ്ങളേയും കൈവയ്ക്കുന്ന ഒരു അതോറിറ്റി ഉണ്ടാക്കിയത് ശരിയല്ലെന്നാണ് ഞങ്ങളുടെ അഭിപ്രായം.

ശ്രീ. എ. വി. താമരാക്ഷൻ : ധനകാര്യ സ്ഥാപനം ശുദ്ധജലവിതരണപദ്ധതികൾക്ക് പണം തരുന്നത് കടമായിട്ടാണ്. പലിശയടക്കം തിരിച്ച് കൊടുക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങൾക്കുവേണ്ടിയുള്ള പദ്ധതിയാണ്. അംഗീകാരം ഫിസിബിലിറ്റി നോക്കിയിട്ടേ തരികയുള്ളൂവെന്നുള്ളതുകൊണ്ട് അത്തരം പദ്ധതികൾക്ക് പണം നൽകണമെങ്കിൽ വെള്ളത്തിന്റെ വില പെട്രോളിന്റെ വിലയേക്കാൾ കൂടുതലായി ഗ്രാമപ്രദേശത്തെ ജനങ്ങളിൽനിന്ന് ഗ്രാമങ്ങൾക്ക് ഇത്തരം ബോർഡ് ഉണ്ടാക്കിയാൽ വാങ്ങിക്കേണ്ടിവരുമെന്നുള്ള കാര്യം അറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : അതാണ് സംഭവിക്കാൻ പോകുന്നത്. വാട്ടർ ആന്റ് വെയിസ്റ്റ് വാട്ടർ അതോറിറ്റി വന്നപ്പോൾ ഒന്നാമത്തെ രക്തസാക്ഷി തിരുവനന്തപുരത്തുകാർ ആയില്ലേ ? അത് വരും. കുറച്ചുനാൾ കഴിയുമ്പോൾ ധൂർത്ത്

LIBRARY ARCHIVES Kerala Legislative Assembly

എല്ലാം കഴിയുമ്പോൾ വെള്ളത്തിന് പെട്രോളിനേക്കാൾ വില കൂടും. ആ ദുരന്തം ഒഴിവാക്കുന്നതിനുവേണ്ടിയാണ് പറയുന്നത്. അങ്ങനെയാണ് ബില്ല് കൊണ്ടുവന്നിരിക്കുന്നത് അരുവിക്കര ട്രീറ്റുമെന്റ് പ്ലാന്റ് പഞ്ചായത്തിനെ ഏൽപ്പിക്കണമെന്ന് അങ്ങ് പറഞ്ഞു. ഒരാശയം പറഞ്ഞാൽ അത് എന്താണെന്ന് മനസ്സിലാക്കണം.

ശ്രീ. എം. എം. ഹസ്സൻ : ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വേണം. അത് വാങ്ങിക്കേണ്ടി വരും അതിനെ എതിർക്കുന്നില്ലെന്ന് പറഞ്ഞു. എന്നാൽ ഇങ്ങനെയൊരു ഓട്ടോണമസ് ബോഡി ഉണ്ടാക്കുന്നതിനെ എതിർക്കുകയും ചെയ്യുന്നു. ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് ലഭിക്കാൻ ഇങ്ങനെയുള്ള സംവിധാനം അനിവാര്യമാണെന്നിരിക്കെ ഇതിന് മറുനിർദ്ദേശം പറയാനുണ്ടോ ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : പഞ്ചായത്തുകൾക്കുള്ള വാട്ടർ സപ്ലൈസ് ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് വാങ്ങിക്കുന്നതിന് നേരത്തെ സംവിധാനം ഉണ്ടായിരുന്നുവെന്ന് ശ്രീ. ഹസ്സൻ അറിയാമോ ? റൂറൽ ഡെവലപ്മെന്റ് ബോർഡിൽ നിന്നാണ് പണം കിട്ടിക്കൊണ്ടിരുന്നത്. അതിന് ബുദ്ധിമുട്ടില്ല. പേപ്പാറ ഡാം പണിയാനോ അരുവിക്കര ട്രീറ്റുമെന്റ് പ്ലാന്റ് പണിയാനോ കൺസ്ട്രക്ഷൻ കോർപ്പറേഷൻ പോലെ ഉണ്ടാക്കിയാൽ ഈ ഉദ്ദേശം നടക്കും.

ശ്രീ. എ. സി. ജോസ് : വേൾഡ് ബാങ്ക് പറഞ്ഞു നമ്മൾ ഇപ്പോൾ ഈടാക്കിക്കൊണ്ടിരിക്കുന്ന വാട്ടർ ചാർജ്ജ് കുറവാണ് അത് കൂട്ടണമെന്ന്. നോർമ്മലായിട്ടുള്ള ഇൻക്രീസ് മാത്രമേ വരുത്തിയിട്ടുള്ളൂ.

ശ്രീ. കെ. ശങ്കരനാരായണപിള്ള : തിരുവനന്തപുരത്ത് വാട്ടർ ചാർജ്ജ് കൂട്ടി. വേൾഡ് ബാങ്കിനെക്കുറിച്ച് ഞാൻ പറയുന്നില്ല. വേൾഡ് ബാങ്കിനും ഐ.എം.എഫിനും വേണ്ടി രാജ്യത്തെ വിറ്റുകൊണ്ടിരുന്ന ഇന്ദിരാഗാന്ധിയുടെ ഭരണത്തെക്കുറിച്ചും വിറ്റുകൊണ്ടിരിക്കുന്ന ശ്രീ. രാജീവ് ഗാന്ധിയുടെ ഭരണത്തെക്കുറിച്ചും പ്രസംഗിക്കേണ്ടിവരും. വേൾഡ് ബാങ്ക് എന്നു പറഞ്ഞ് ഉമ്മാക്കി കാണിക്കണ്ട. പാവപ്പെട്ടവന്റെ പേരിൽ ഇലക്ട്രിസിറ്റി താരിഫ് വർദ്ധിപ്പിക്കുന്ന, ബസ് ചാർജ്ജ് വർദ്ധിപ്പിക്കുന്ന, വെള്ളക്കരം വർദ്ധിപ്പിക്കുന്ന എല്ലാം ഐ. എം. എഫിന്റെയും വേൾഡ് ബാങ്കിന്റെയും കീഴിലാണെന്ന് സമ്മതിക്കണം. അവർ പറയുന്നത് അനുസരിച്ചാണ് ഭരണം. ഈ ഏർപ്പാട് വേണ്ടെന്ന് പറഞ്ഞവരാണ് ഞങ്ങൾ. നാളെ വീണ്ടും കൂടും. ഈ വ്യവസ്ഥയുടെ ഫലം അതാണ്. ഇന്ന് എന്താണ് സ്ഥിതി? വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി വന്നു. പൈപ്പ് വാങ്ങിക്കാൻ താൽപ്പര്യമുണ്ട്. വാട്ടർ സോഴ്സ് ഡവലപ്പ് ചെയ്യാൻ താൽപ്പര്യമില്ല. റിഗ്ഗ് വാങ്ങിക്കാൻ താൽപ്പര്യമുണ്ട്. റോഡ് നീളെ കുഴിക്കും. കുഴിക്കുന്ന സ്ഥലത്തൊന്നും വെള്ളമില്ല. എത്രയോ സ്ഥലത്ത് കുഴിച്ചു. ഒരു തുള്ളി വെള്ളം പോലുമില്ലാത്ത സ്ഥലം കാണിച്ചുതരാം. വാട്ടർ മാനേജ്മെന്റ് ഉണ്ട്. അതനുസരിച്ചാണോ കുഴിക്കുന്നത്? റോഡ് നീളെ കുഴിച്ചു. വാങ്ങിച്ചതിന് എല്ലാം

LIBRARY ARCHIVES Kerala Legislative Assembly

ജോലിചെയ്തുവെന്ന് കാണിക്കണ്ടേ? വെള്ളം ഉണ്ടോയെന്ന് പരിശോധിച്ച് വെള്ളം കിട്ടുമോയെന്ന് പരിശോധിച്ചിട്ടല്ല കുഴിക്കുന്നത്. കുറെ പൈപ്പ് വാങ്ങിച്ചു. ഡ്രോട്ട് റിലീഫിൽ നിന്ന് കുറച്ച് പണം കിട്ടി. പൈപ്പ് വാങ്ങിച്ചു. മുമ്പുള്ള മന്ത്രിമാരെ വെല്ലുവിളിക്കുന്നു. ഇപ്പോഴത്തെ സ്ഥിതി എന്താണ്. ഓരോ പഞ്ചായത്തിലും പതിനഞ്ച് കി. മീറ്റർ, പത്തു കി. മീറ്റർ നീളത്തിൽ പൈപ്പ് ഇട്ടു. വെള്ളമില്ല.

ശ്രീ. ടി. ഭാസ്കരൻ: കുടിവെള്ള പദ്ധതി കുടുംബങ്ങളെ സഹായിക്കുക എന്നുള്ള പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള: കൊടുത്തിട്ടുണ്ടെന്നാണ് എന്റെ അറിവ്. കുടിവെള്ള പദ്ധതി മാത്രമല്ല ഏതൊരു പദ്ധതിയും കുടുംബങ്ങളെ സഹായിക്കുന്നതിനുവേണ്ടിയുള്ളതാണെന്ന് എല്ലാവർക്കും അറിയാം.

ഓരോ സ്ഥലത്തും അഞ്ച് കി. മീറ്റർ, പത്തു കി. മീറ്റർ നീളത്തിൽ പൈപ്പിട്ടു. എക്സ്റ്റൻഷൻ പദ്ധതിയനുസരിച്ച് പൈപ്പ് ഇട്ടുവെന്ന് പറയുന്നു. ഈ സ്ഥലങ്ങളിൽ വെള്ളം കിട്ടുന്നില്ല. ആയിരമായിരം ഉദാഹരണങ്ങൾ ഞാൻ പറയാം. പല സ്ഥലങ്ങളിലും ഇവർ പൈപ്പിട്ടു.

ശ്രീ. രമേശ് ചെന്നിത്തല : നിലവിലിരിക്കുന്ന സ്കീമുകൾക്ക് കപ്പാസിറ്റിയുണ്ടെങ്കിൽ ആ കപ്പാസിറ്റിയുള്ള സ്കീമിൽ നിന്ന് ലൈൻ എക്സ്റ്റൻഷൻ കൊടുക്കുന്നത് തെറ്റാണെന്നാണോ മെമ്പറുടെ അഭിപ്രായം?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ചോദ്യം ചോദിക്കുന്നത് പ്രസംഗം കേട്ടിട്ടായിരിക്കണം. ശ്രീ. എം. പി. ഗംഗാധരൻ അധികാരമേറ്റെടുത്തതിനുശേഷം നിലവിലുള്ള വാട്ടർ സപ്ലൈയുടെ കപ്പാസിറ്റി വർദ്ധിപ്പിച്ചിട്ടില്ലെന്ന് അറിയാമോ ? തിരുവനന്തപുരത്തെ സ്ഥിതി അറിയാമോ? ശ്രീ. ഗംഗാധരൻ അധികാരം ഏറ്റെടുക്കുമ്പോൾ ഒരു ശ്രദ്ധക്ഷണിക്കൽ പ്രമേയം ഞാൻ കൊണ്ടുവന്നു. അത് മണക്കാട്, കൊഞ്ചിറവിള, കുര്യാത്തി പ്രദേശങ്ങളിൽ വെള്ളം കിട്ടുന്നില്ലെന്ന് പറഞ്ഞാണ്. എന്നാൽ ഇപ്പോഴേ ഇവിടെനിന്ന് അര കി. മീറ്റർ അകലെയുള്ള തമ്പാനൂർ പ്രദേശത്ത് പകൽ വെള്ളം കിട്ടുന്നില്ല. പൈപ്പ് കുഴിച്ചിട്ടുവെന്ന് പറയുന്നു. ജനങ്ങൾക്ക് വെള്ളം കൊടുക്കുന്നതിൽ നിങ്ങൾക്ക് താൽപ്പര്യമില്ല. അരുവിക്കര ട്രീറ്റുമെന്റ് പ്ലാന്റിന്റെ കാര്യം പറഞ്ഞു. എന്തായി? എത്ര കാലമായി പണി നടക്കുന്നു. അത് പൂർത്തിയാക്കാൻ താൽപ്പര്യമുണ്ടോ? താൽപ്പര്യമില്ല. വാട്ടറിന്റെ സോഴ്സ് ഡെവലപ്പുമെന്റിൽ താൽപ്പര്യമില്ലാതെ മെറ്റീരിയൽസ് വാങ്ങിച്ചത് എവിടെയെങ്കിലും കുഴിച്ചിടുന്നു. അതെല്ലാം ടാർജറ്റാണെന്നാണ് പറയുന്നത്. ഒരു മുനിസിപ്പാലിറ്റിയിൽ പോയി നൂറ് ടാപ്പ് ഇടും. നൂറ് ടാപ്പിൽ നിന്ന് പതിനായിരം പേർ വെള്ളം കുടിച്ചുവെന്ന് കണക്കാക്കും അങ്ങനെയല്ലെ കണക്ക്. പക്ഷെ ഒരു തുള്ളി

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം പോലും പൈപ്പിൽകൂടി വന്നില്ലെങ്കിൽ ആരാണ് ഉത്തരവാദി. അതാണ് സ്ഥിതി. പൈപ്പിൽ വെള്ളമില്ല. അശാസ്ത്രീയമായ പരിപാടികളാണുള്ളത്. വാട്ടർ മാനേജുമെന്റ് ഇല്ലാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. ഞാൻ അതിലേക്ക് കട ക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രിയാണ് ഇതിന്റെ ചെയർമാൻ. ശ്രീ. ഹസ്സൻ ചോദിച്ചു ലാംഗ്വേജ് ഇൻസ്റ്റിറ്റ്യൂട്ടിൽ അങ്ങനെയില്ലേയെന്ന്? ലിറ്ററി ആക്ടിവിറ്റീസ് അല്ലെങ്കിൽ സാഹിത്യ പ്രവർത്തനം തുടങ്ങിയ ചില പ്രവർത്തനങ്ങൾ ആണ് അവിടെയൊക്കെ ഉള്ളത്. ഇതുപോലെ ആയിരക്കണക്കിന് ജീവനക്കാരും കൺസ്ട്രക്ഷൻ പരിപാടികളും മെറ്റീരിയൽസ് പർച്ചേസും ഇല്ലാത്ത സ്ഥാപനമാണ്. ആ സ്ഥാപനത്തിൽ ഒരു നയമെ ന്നുള്ള നിലയിൽ മുഖ്യമന്ത്രിയോ വിദ്യാഭ്യാസ മന്ത്രിയോ ചെയർമാനായിരിക്കും. അതു പോലെയാണോ റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലും വാട്ടർ ആന്റ് വേയ്സ്റ്റ് വാട്ടർ അതോറിറ്റിയിലും. ഖാദി ബോർഡിന്റെ ചെയർമാൻ വ്യവസായ മന്ത്രിയാണ്. അതുകൊണ്ട് ശ്രീ. ഗംഗാധരൻ ചെയ്യുന്നതുപോലെ വ്യവസായമന്ത്രി അവിടെ പോയി ദൈനംദിന ഭരണം നടത്തുന്നുണ്ടോ? അവിടെ ഒരു വൈസ് ചെയർമാനുണ്ട്. ഈ സഭയിലെ അംഗമാണ് വൈസ് ചെയർമാൻ. വൈസ് ചെയർമാനാണ് കാര്യങ്ങൾ നടത്തുന്നത്.

ശ്രീ. ടി. പി. പീതാംബരൻമാസ്റ്റർ : ഈ മാനദണ്ഡം അംഗീകരിക്കുകയാണെ ങ്കിൽ കെ.എസ്.ആർ.ടി.സി. യിൽ ശ്രീ. സുന്ദരൻ നാടാരും ഇലക്ട്രിസിറ്റി ബോർഡിൽ ശ്രീ. ബാലകൃഷ്ണപിള്ളയോ, ശ്രീ. മാണിയോ ചെയർമാനാകരുതല്ലോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഇലക്ട്രിസിറ്റി ബോർഡിലെ ചെയർമാൻ ആരാകണമെന്നുള്ളത് തർക്കവിഷയമായതുകൊണ്ട് ഇപ്പോൾ തീരുമാനിക്കാൻ പറ്റുകയില്ല.

ശ്രീ. എം. കെ. കേശവൻ : കേരളത്തിൽ വിശേഷിച്ചും തിരുവനന്തപുരം പട്ടണ ത്തിൽ ശുദ്ധവായു കിട്ടാൻ ബുദ്ധിമുട്ടാണ്. ജീവജാലങ്ങൾക്കും മനുഷ്യനും പ്രാഥമിക ആവശ്യം ശുദ്ധവായുവാണ്. അതുകൊണ്ട് വായു സംഭരണ വിതരണ അതോറിറ്റി രൂപീകരിച്ച് അതിന്റെ ചെയർമാനായി ശ്രീ. ബാലകൃഷ്ണപിള്ളയെ നിയമിക്കാൻ നടപടി സ്വീകരിച്ചാൽ അങ്ങ് സ്വീകരിക്കുമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : അതിനുവേണ്ടി ചിലപ്പോൾ എന്തെങ്കിലും ബില്ലോ ഓർഡിനൻസോ കൊണ്ടുവരും. ഈ ബോർഡിന്റെ സ്ഥിതി എന്താണ്. സാധാരണ പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ് സെക്രട്ടേറിയറ്റിലുള്ള ഏതെങ്കിലുമൊരു സെക്രട്ടറിയുടെ നിയന്ത്രണത്തിലായിരിക്കും, കാരണം ചെക്കും, കൗണ്ടർ ചെക്കും ആവശ്യമാണ് ഏത് ഡിപ്പാർട്ടുമെന്റും പ്രവർത്തിക്കാൻ. ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ മുകളിൽ ട്രാൻസ്പോർട്ട് സെക്രട്ടറി ഉണ്ടായിരിക്കും. ഇലക്ട്രിസിറ്റി ബോർഡിൽ അതിന്റെ മുകളിൽ വാട്ടർ ആന്റ് പവ്വർ സെക്രട്ടറി ഉണ്ടായിരിക്കും.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സിപീക്കർ)

ഇതിന്റെ സെക്രട്ടറി ആരാണ്? ഒരു സെക്രട്ടറിയുണ്ട്. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗിന്റെ ചുമതല വഹിക്കുന്ന ഗവൺമെന്റ് സെക്രട്ടറി. ആ സെക്രട്ടറിക്ക് എന്തു ചെയ്യാൻ കഴിയും? മന്ത്രിയാണ് ചെയർമാൻ. മന്ത്രി ചെയർമാനാണെന്നു മാത്രമല്ല ഇതിനകത്ത്. ഒരു ഡെലിഗേഷൻ ക്ലാസുണ്ട്. അപ്പോൾ മന്ത്രി ഒരു നാം കെ വാസെ ചെയർമാനാണെന്നു നമുക്ക് പറയാൻ കഴിയുകയില്ല. അതിനകത്തുള്ള ഡെലി ഗേഷൻ എന്താണ്? Subject to the provisions of this Act, the Authority may, by general or special order, delegate either unconditional or subject to such conditions as may be specified in the order to any committee appointed by it or to the Chairman. എന്നു പറഞ്ഞാൽ ബോർഡ് കൂടി ചെയർമാനെ ചുമതലപ്പെടുത്താം. ചെയർമാൻ ആരാണ്? മന്ത്രി. വാട്ടർ ആന്റ് വേയ്സ്റ്റ് വാട്ടർ അതോറിറ്റി കൂടി അതിന്റെ ചെയർമാനായ ശ്രീ. എം. പി. ഗംഗാധരനെ ചുമതലപ്പെടുത്തുന്നു. ശ്രീ. എം. പി. ഗംഗാധരനെ ചുമതലപ്പെടുത്തിക്കഴിഞ്ഞാൽ ഇവിടത്തെ പേരന്റ് ഡിപ്പാർട്ടുമെന്റിന് അത് ചോദ്യം ചെയ്യാൻ ഒക്കുമോ? പരിശോധിക്കാനൊക്കുമോ? വേണമെങ്കിൽ വ്യവസ്ഥയുണ്ട്. ശ്രീ. എം. പി. ഗംഗാധരൻ മുഖ്യമന്ത്രിയുടെ ചിറകിന്റെ കീഴിൽ സുരക്ഷിതനായതുകൊണ്ട് ഭയമില്ല. പക്ഷേ വേണമെങ്കിൽ അദ്ദേഹം ചെയർമാനാകുന്നതോടുകൂടി ഇദ്ദേഹമൊരു സർക്കാർ ഉദ്യോഗസ്ഥന്റെ ലെവലിലാണ്. കാരണം ഇതിൽ പ്രോസിക്യൂഷൻ ക്ലാസുണ്ട്. സെക്ഷൻ 58. അതിനകത്ത് പറഞ്ഞിട്ടുള്ളത് പബ്ലിക് സർവന്റ് ആണെന്നാണ്. പബ്ലിക്മാൻ അല്ല. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി ചെയർമാൻ എന്ന നിലയിൽ ശ്രീ. എം. പി. ഗംഗാധരൻ പബ്ലിക് മാൻ അല്ല, പബ്ലിക് സർവന്റ് ആണ്. ഒരു സർക്കാർ ഉദ്യോഗസ്ഥന്റെ ലവലിൽ അദ്ദേഹം താഴ്ന്നിരിക്കുന്നു. പക്ഷെ ഇത് എഴുതിവച്ചാലും ആ മന്ത്രിക്ക് എതിരായി വിജിലൻസ് ഡിപ്പാർട്ട്മെന്റിന് അന്വേഷിക്കാൻ പറ്റുമോ? ചെയ്യുമോ? അതിന്റെ മുകളിൽ ആണ് എം. പി. ഗംഗാധരൻ എന്ന മന്ത്രി. എം. പി. ഗംഗാധരൻ എന്ന ചെയർമാന്റെ മുകളിൽ ഇതിന്റെ ചുമതല വഹിക്കുന്ന സെക്രട്ടറി. അതിന്റെ മുകളിൽ ശ്രീ. എം. പി. ഗംഗാധരനെന്ന ജലസേചന വകുപ്പുമന്ത്രി. എന്ത് വികൃതമാണ്. വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ നടപടികൾ നിയന്ത്രിക്കാനും പരിശോധിക്കാനും തെറ്റുണ്ടെങ്കിൽ ചൂണ്ടിക്കാണിക്കാനും ഈ സെക്രട്ടേറിയറ്റിലെ ഏതെങ്കിലും ഉദ്യോഗസ്ഥന് ധൈര്യമുണ്ടാകുമോ? അധികാരം ഉണ്ടെന്ന് വേണമെങ്കിൽ പറയാം. പക്ഷെ ധൈര്യമുണ്ടാകുമോ? അങ്ങനെ ഉണ്ടായാൽത്തന്നെ അതിന് മുകളിൽ മന്ത്രിയിരിക്കുന്നു. ഫലത്തിൽ ഇതൊക്കെ ഏകാധിപത്യമാണ്. എം. പി. ഗംഗാധരൻ എന്നു പറയുന്ന വ്യക്തി അദ്ദേഹം മന്ത്രി സ്ഥാനത്തു നിന്നും മാറുന്നിടത്തോളം വരെ അദ്ദേഹത്തിന് ഏകാധിപത്യം കൽപ്പിക്കുന്ന ഒരു വകുപ്പ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കൃഷ്ണൻകുട്ടി : ചിലതൊക്കെ അനുഭവത്തിൽനിന്നാണല്ലോ തീരുമാനമെടുക്കുന്നത്. ബിവറേജ് കോർപ്പറേഷൻ ഉണ്ടാക്കുമ്പോൾ അതിലൊരു പുതിയ ചെയർമാനെ ഉണ്ടാക്കിയിട്ട്, വിദേശമദ്യം വാങ്ങുന്നതിലുംമറ്റും ശരിയായ കൺട്രോൾ കിട്ടുന്നില്ലായെന്നും കമ്മീഷൻ ശരിക്ക് എത്തുന്നില്ലായെന്നുമുള്ളതൊക്കെ മനസ്സിലാക്കിയിട്ടാണ് വേറൊരാൾ വേണ്ട മന്ത്രിതന്നെ ആയാൽ മതിയെന്ന് തീരുമാനിച്ചത് എന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : അറിയാവുന്ന കാര്യമാണെങ്കിലും പറയുന്നത് ഉചിതമല്ലാത്തതുകൊണ്ട് പറയുന്നില്ല.

ശ്രീ. വി. ദിനകരൻ : ബഹുമാനപ്പെട്ട വകുപ്പുമന്ത്രിതന്നെ അതോറിറ്റിയുടെ ചെയർമാൻ ആയതിലാണല്ലോ വിഷമം. നേരിട്ടുതന്നെ മന്ത്രിക്ക് നിയന്ത്രിക്കാനും അതിൽ നടക്കുന്ന അഴിമതികൾ നിയന്ത്രിക്കാൻ അവസരമുണ്ടാകുന്നതിനും, അപ്പീൽ അതോറിറ്റി മന്ത്രിതന്നെ ആയതുകൊണ്ട് ചുവപ്പ് നാടയുടെ കുരുക്ക് വേഗത്തിൽ അഴിക്കാൻ സാധിക്കുമെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : ശ്രീ. എം. പി. ഗംഗാധരൻ അഴിമതിയെക്കുറിച്ച് അന്വേഷിക്കുമെന്ന് പറയുന്നത് ഈ വർഷത്തെ ഏറ്റവും വലിയ ഫലിതമായതുകൊണ്ട് ഞാൻ അതിന് മറുപടി പറയുന്നു അതാണ് സ്ഥിതി.

സർ, ഇതിന്റെ ഘടനയെക്കുറിച്ച് പറഞ്ഞു.

ശ്രീ. ജി. കാർത്തികേയൻ : ബഹുമാനപ്പെട്ട അംഗം സംസാരിച്ച് സംസാരിച്ച് ഡെമോക്രസിയേക്കാൾ ബ്യൂറോക്രസിക്ക് സ്ഥാനം കൊടുക്കുന്ന നിലയിലേക്കാണല്ലോ വരുന്നത്.

ശ്രീ. കെ. ശങ്കരനാരായണപിള്ള : ഡെമോക്രസി ബ്യൂറോക്രസിയെ നിയന്ത്രിക്കുന്നതാണ് ഒറിജിനൽ ഡെമോക്രസി. ഡെമോക്രസിയുടെ പേരിൽ ബ്യൂറോക്രസിയുടെ കൂടെയിരുന്ന് കക്കുന്നതല്ല ഡെമോക്രസി. അത് ആദ്യം മനസ്സിലാക്കണം. ഡെമോക്രസി ബ്യൂറോക്രസിയെ നിയന്ത്രിക്കണമെങ്കിൽ ഡെമോക്രസി അൽപ്പം അകലെയിരിക്കണം. അല്ലാതെ ഡെമോക്രസിയും ബ്യൂറോക്രസിയും കൂടി അടുത്തടുത്ത് രണ്ട് കസേരകളിലിരുന്ന് പങ്ക് വച്ചാൽ ഡെമോക്രസി വിജയിക്കുകയില്ല.

ഇതിന്റെ ഘടനയെക്കുറിച്ച് പറഞ്ഞു. വേൾഡ് ബാങ്കിനെ തൃപ്തിപ്പെടുത്താൻ ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷനെ തൃപ്തിപ്പെടുത്താൻ വേണ്ടി ഘടന ഉണ്ടാക്കി. ബോർഡിന്റെ ഘടന കണ്ടാൽ വേൾഡ് ബാങ്കുകാർ കാശ് തരുകയില്ല. ഇലക്ട്രിസിറ്റി ബോർഡിൽ അക്കൗണ്ട്സ് മെമ്പറുണ്ട്, ടെക്നിക്കൽ മെമ്പർ ഉണ്ട്. നമ്മുടെ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മറ്റ് പൊതുമേഖലാസ്ഥാപനങ്ങളുടെ ഘടനയിലുള്ള ആ സ്വഭാവമൊന്നുമില്ലാതെയാണ് ഇവിടെ ഒരു ഘടന ഉണ്ടാക്കിയത്. എന്താണെന്നറിയാമോ? വിവരമുള്ളവർ പാടില്ല. വിവരമുള്ളവർ വന്നാൽ ചെയർമാനായിരിക്കുന്ന മന്ത്രിയുടെ കളി നടക്കുകയില്ല. അതുകൊണ്ട് വിവരമുള്ള ആൾ പാടില്ല. അൽപ്പസ്വൽപ്പം വിവരമുള്ളവർ ഉണ്ടെങ്കിൽ എന്റെ നിയന്ത്രണത്തിലിരിക്കുന്നവനായിരിക്കണം. ഞാൻ വേണ്ടന്നു

LIBRARY ARCHIVES Kerala Legislative Assembly

പറഞ്ഞാൽ പോകുന്നവനായിരിക്കണം. ആ രീതിയിൽ ഒരു ബോർഡുണ്ടാക്കി വച്ചിരിക്കുകയല്ലേ? അതുവച്ചുകൊണ്ടാണ് പ്രവർത്തനം നീക്കുന്നത്.

നേരത്തെ, യോഗ്യത അനുസരിച്ച് നിയമിച്ചാൽ എന്താണ് കുഴപ്പമെന്ന് ശ്രീ. കുട്ട്യാലി ചോദിച്ചു. ശ്രീ. അർ. എസ്. ഉണ്ണി പറഞ്ഞതിന് എന്താണ് മറുപടി പറയാനുള്ളത്? ഒരേ ബോർഡ് യോഗത്തിൽ പോസ്റ്റ് നിശ്ചയിക്കുക, രണ്ടാമത്തെ റസല്യൂഷനായി യോഗ്യത നിശ്ചയിക്കുക, മൂന്നാമത്തെ റസല്യൂഷനായി ആളേയും നിയമിക്കുക. ഇത് എവിടെയെങ്കിലും കേട്ടുകേൾവിയുണ്ടോ? ഒരുപക്ഷെ സ്വജന പക്ഷപാതംമൂലം, അല്ലെങ്കിൽ താൽപ്പര്യംമൂലം ആരെയെങ്കിലും നിയമിച്ചുവെന്നിരിക്കട്ടെ. അതിനും ഒരു മര്യാദവേണ്ടേ?

ശ്രീ. മണിമംഗലത്ത് കുട്ട്യാലി : മൂന്ന് റസല്യൂഷൻ എടുത്തുകൊണ്ട് ഒരാളെ അപ്പോയിന്റ് ചെയ്തു എന്നുതന്നെയിരിക്കട്ടെ, അതിലുള്ള തെറ്റ് എന്താണ് ?

ശ്രീ. കെ. ശങ്കരനാരായണപിള്ള : അതിലുള്ള തെറ്റ് എന്താണെന്ന് ശ്രീ. കുട്ട്യാലിക്ക് മനസ്സിലാകണമെങ്കിൽ, പബ്ലിക് സെക്ടർ അണ്ടർടേക്കിംഗ്സ്, അല്ലെങ്കിൽ ഒരു കമ്പനി, അതിന്റെ സെക്രട്ടറിയെന്നു പറഞ്ഞാൽ ആ സെക്രട്ടറിയെന്നു പറയുന്ന ആളിന്റെ ജോലി എന്തെല്ലാമാണെന്ന് ആദ്യം പഠിക്കണം. ആ സെക്രട്ടറിയെന്നു പറയുന്ന ജോലിക്കുള്ള അടിസ്ഥാനപരമായ യോഗ്യത എന്താണെന്ന് പഠിക്കണം. പല സ്ഥാപനങ്ങളും ഈ സംസ്ഥാനത്തുണ്ട്. ചിലയിടത്ത് ഐ.എ.എസ്. കാർ സെക്രട്ടറിമാരായി പ്രവർത്തിക്കുന്നുണ്ട്. സെക്രട്ടേറിയൽ പ്രാക്ടീസ്, ബിസിനസ് മാനേജ്മെന്റ്, അങ്ങനെ സെക്രട്ടറിയെന്നു പറയുന്ന ജോലിക്ക് യോജിച്ച പല യോഗ്യതകളും ഈ സ്ഥാനത്തിനുണ്ട്. ഇതൊന്നും വേണ്ടെന്നു വച്ച്, മന്ത്രിയുടെ കൂടെയിരുന്നു എന്നുള്ളത് ഗവൺമെന്റ് സർവ്വീസായി കണക്ക് കൂട്ടുകയെന്നു പറഞ്ഞാൽ എങ്ങനെയാണ്? നാളെ, ആരോഗ്യവകുപ്പുമന്ത്രിയുടെ പേഴ്സണൽ സെക്രട്ടറിയായിരുന്ന ആളിനെ ഡോക്ടറായി വല്ല ആശുപത്രിയിലും നിയമിക്കുമോ? അതൊരു യോഗ്യതയാണോ? എനിക്ക് ആരോടും വിരോധമില്ല. നാരായണൻനായരാണെന്നുള്ളതുകൊണ്ടല്ല. ആളുകളെ കബളിപ്പിക്കാൻവേണ്ടി എന്തു തോന്നിയവാസവും ചെയ്യുകയും, ഒരു പക്ഷെ അത് ചെയ്തുപോയെങ്കിലും മിണ്ടാതിരിക്കാതെ അതെല്ലാം വളരെ യോഗ്യമായ കാര്യങ്ങളാണ് അതിനെക്കുറിച്ച് പറയുന്നവരാണ് മാന്യന്മാർ എന്നു പറയുന്നതിനെ കുറിച്ചാണ് എനിക്ക് പറയുവാനുള്ളത്.

ഇവിടെ പി.എച്ച്.ഇ.ഡി. ഉണ്ടായിരുന്നു. പി.എച്ച്.ഇ.ഡി. യിലേക്ക് പബ്ലിക് സർവ്വീസ് കമ്മീഷൻ സെലക്ട് ചെയ്ത എൽ. ഡി. ക്ലാർക്കുമാരുടെ ലിസ്റ്റ് ഉണ്ടായിരുന്നു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന്, പാപ്പരായി സർക്കാരിനെത്തന്നെ മുത്തൂറ്റ് ബാങ്കുകാർക്ക് കൊടുത്താലെന്തെന്ന് ആലോചിക്കുന്ന സന്ദർഭത്തിൽ പുതിയ നിയമനങ്ങൾ വേണ്ടെന്നു വച്ചു. അതുകൊണ്ട് പി. എസ്. സി. സെലക്ട് ചെയ്ത എൽ.ഡി. ക്ലാർക്കുമാരുടെ റാങ്ക് ലിസ്റ്റിലുള്ളവർ സെക്രട്ടേറിയറ്റ് പടിക്കൽ സമരത്തിന് വന്നു. പി.എച്ച്.ഇ.ഡി. യ്ക്ക് ആളു വേണ്ടായിരുന്നു. പക്ഷെ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി ഒരു ഓർഡിനൻസിൽ കൂടി നിലവിൽ വന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പിറ്റേദിവസം അവിടെ ജീവനക്കാർ ആവശ്യമാണെന്നു തീരുമാനിക്കാൻ എന്താണ് കാരണം. എന്നിട്ട് എന്താണ് ചെയ്തത്? നാണക്കേടല്ലേ? പത്രത്തിൽ ഒരു പരസ്യം അടുത്തതായി നിർമ്മിക്കാൻ പോകുന്ന മലയാള ചലച്ചിത്രത്തിലേക്ക് സൗന്ദര്യവും ആകാരസൗഷ്ടവവുമുള്ള യുവതീ യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നു. പോസ്റ്റ് ബോക്സ് 35 എന്ന് പറയുന്നതുപോലെയല്ലേ വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിക്കുവേണ്ടി പരസ്യം ചെയ്തത്. സ്ഥാപനത്തിന്റെ പേര് പോലും പറയാതെ ആളുകൾ കണ്ടില്ലെങ്കിൽ അപേക്ഷിക്കണ്ട എന്ന രീതിയിൽ ദിനപത്രങ്ങളിൽ പരസ്യം ചെയ്തു. അതിനിടയിൽ നടന്ന അന്തർനാടകങ്ങളെക്കുറിച്ച് ഞാൻ പറയുന്നില്ല. അവിടെ ഹാന്റ് റസീപ്റ്റ് അനുസരിച്ച് ജോലി ചെയ്യുന്ന തൊഴിലാളികൾ, അവരെയെല്ലാം പറഞ്ഞയച്ചിട്ട്, അതിൽവരെ ബഹുമാനപ്പെട്ട മന്ത്രി നേരിട്ട് നിയമനം നടത്തി എന്നുള്ളതിന്റെ അടിസ്ഥാനത്തിൽ അരുവിക്കര പ്രദേശത്ത് സമരം നടന്നില്ലേ? അപ്പോൾ ഇതിന്റെ ഉദ്ദേശമെന്താണ്? ജനങ്ങൾക്ക് വെള്ളം കൊടുക്കുകയെന്നുള്ളതല്ല. വേണ്ടപ്പെട്ടവരെ തിരുകി കയറ്റുക, ഗസ്റ്റ് ഹൗസ് പണിയുക, നിയമനം നടത്തുക. ഇതിന്റെ വില ആരു കൊടുക്കും? ബിവറേജ് കോർപ്പറേഷനിൽ നിങ്ങൾ എന്തോ ചെയ്തുകൊള്ളൂ. ആർക്കും പരാതിയില്ല. കാരണം കുടിയന്മാർ കാശ് കൊടുത്തു കൊള്ളും. മദ്യം വേണമെങ്കിൽ കുടിക്കാതിരിക്കാം. നിങ്ങൾ ഒരു വെള്ളാനയെ ഉണ്ടാക്കിവച്ച് സൗകര്യത്തിനുവേണ്ടി ഇങ്ങനെ കൊണ്ടുപോയാൽ ഇതിന്റെ ദുരന്തഫലം അനുഭവിക്കുന്നത് ഈ നാട്ടിലെ പാവപ്പെട്ട ആളുകളാണ്. അതല്ലേ സ്ഥിതി? നാളെ ഈ കിട്ടുന്ന പണം മുഴുവൻ മുകളിൽ ചെലവാക്കാനല്ലാതെ താഴെ ചെലവാക്കാൻ ഒക്കാത്ത ഒരു ദുരവ്യയം വരും. അതുകൊണ്ടാണ് ഞങ്ങൾ പറയുന്നത് മെയിന്റനൻസും ഡിസ്ട്രിബ്യൂഷനും പോലുള്ള കാര്യങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഏൽപ്പിച്ച് ചെയ്യിപ്പിക്കുന്നതിനുവേണ്ടിയുള്ള സംവിധാനം ഉണ്ടാക്കണം എന്ന്. ഇന്ന് നിങ്ങൾക്ക് കിട്ടുന്ന പണം വീട്ടിൽ നിന്ന് കൊണ്ടുവരുന്നതല്ലല്ലോ. ഇത് രാഷ്ട്രീയ വിരോധം കൊണ്ട് പറയുന്നതല്ല. ആ ഒരു രാഷ്ട്രീയ സങ്കൽപ്പത്തിൽ നിന്ന് മാറി ഏറ്റവും വലിയ ക്രൂരതയാണ് ഈ ബില്ലിൽ കൊണ്ടുവന്നിരിക്കുന്നത്. ഭാവിയിൽ നമ്മുടെ സംസ്ഥാനത്ത് അത്യാവശ്യ വസ്തുവായ വെള്ളത്തിന്റെ കാര്യത്തിൽ നമ്മെ വെള്ളം കുടിപ്പിക്കുന്ന ഒരു സംവിധാനം ഈ ബില്ലിലൂടെ മന്ത്രി കൊണ്ടുവന്നത് അനൗചിത്യമായിപ്പോയി. അവസാനം ബഹുമാനപ്പെട്ട ഇരവിപുരം മെമ്പർ ഭരണഘടന മുതൽ പഞ്ചായത്ത് തലം വരെയുള്ള കാര്യങ്ങൾ പറയുന്നത് കേട്ടപ്പോൾ അത് കേട്ടെങ്കിലും ശ്രീ. ഗംഗാധരന് മനം മാറ്റമുണ്ടായിക്കാണുമെന്ന് ഞാൻ വിശ്വസിച്ചു. എന്നാൽ എനിക്ക് ഇപ്പോൾ മനസ്സിലായി ഇതെല്ലാം കേട്ടിട്ട് അദ്ദേഹത്തിന് ഒന്നുകിൽ മനസ്സിലായില്ല അല്ലെങ്കിൽ മനസ്സിലായില്ലെന്ന് നടിക്കുന്നുവെന്ന്. ഈ നാടിനോട് സ്നേഹം ഉണ്ടെങ്കിൽ ജനങ്ങളോട് സ്നേഹം ഉണ്ടെങ്കിൽ ഇവിടെ പ്രകടിപ്പിക്കപ്പെട്ട വികാരങ്ങളുടെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു അതോറിറ്റി ഉണ്ടായേ തീരൂ എന്നുണ്ടെങ്കിൽ ഈ ബിൽ റീ ഡ്രാഫ്റ്റ് ചെയ്യാൻ തയ്യാറാകണമെന്ന അഭ്യർത്ഥനയാണ് എനിക്കുള്ളത്. ഞാൻ എന്റെ ഭേദഗതി അവതരിപ്പിച്ചതായി പറയുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ : സർ, ഈ നിയമസഭയിൽ വരുന്ന രണ്ടാമത്തെ പ്രധാനപ്പെട്ട നിയമനിർമ്മാണ പ്രക്രിയയാണിത്. നേരത്തെ നമ്മൾ ചർച്ച ചെയ്തതും തീരുമാനിച്ചതുമായ Publicmen's enquiry ആക്ടിനുശേഷം വരുന്ന വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണ പ്രക്രിയയാണ്. പൂർണ്ണമായും പുതിയതാണ്. ഞാൻ ഇതു പറയുമ്പോൾ നമ്മുടെ സഭാനടപടി ചട്ടങ്ങളനുസരിച്ചും അതുപോലെതന്നെ ഭരണഘടനയിലെ വ്യവസ്ഥകൾക്കനുസൃതമായും നിയമനിർമ്മാണം നടക്കേണ്ടതായിട്ടുണ്ടെന്നാണ് എന്റെ അഭിപ്രായം. എന്നാൽ നിർഭാഗ്യവശാൽ ഇക്കാര്യത്തിൽ അതിന്റെ പല ലംഘനങ്ങളും ഉണ്ടായിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് ഇപ്പോൾ കടക്കുന്നില്ല. എന്നാൽ ഒരു കാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇപ്പോൾ ഇവിടെ അവതരിപ്പിച്ച ബിൽ സാധാരണ ഭാഷയിൽ പറഞ്ഞാൽ ഒരു ജാര സന്തതിയാണ്. യഥാർത്ഥത്തിൽ നേരത്തെയുണ്ടായ ന്യായമായ സന്തതി മരിച്ചുപോയി, ലാപ്സായിപ്പോയി. സാധാരണയായി ജാര സന്തതികൾ ആകാരസൗഷ്ടവമുള്ളതാണ്, നല്ല ശുദ്ധജലത്തിൽ കുളിപ്പിച്ചാണ് പുറത്തുകൊണ്ടുവരുന്നത്. എന്നാൽ ഇന്നിവിടെ വന്നിരിക്കുന്ന ജാരസന്തതി ഒന്നാമത് വികൃതം, രണ്ടാമത് കുളിപ്പിച്ചുകൊണ്ടുവന്നത് മലിനജലത്തിലാണ്. ഇതാണ് സ്ഥിതി. ഈ ബില്ലിനെ കുറിച്ചാലോചിച്ചപ്പോൾ എന്റെ മനസ്സിൽ ഒരു പഴയ തമിഴ് ചിത്രമാണ് ഓർമ്മ വരുന്നത്. ഈ ബിൽ കൊണ്ടുവന്ന ഗംഗാധരനെ കണ്ടതുകൊണ്ടാണ് ആ ഓർമ്മ വന്നത്. അതായത് കട്ടബൊമ്മൻ എന്ന തമിഴ് ചിത്രമാണ് എനിക്ക് ഓർമ്മവരുന്നത്. അതിൽ വീര പാണ്ഡ്യ കട്ടബൊമ്മനും ഉണ്ട്.

ശ്രീ. എം. എം. ഹസ്സൻ : വെറും കട്ടബൊമ്മനും വീരപാണ്ഡ്യകട്ടബൊമ്മനും രണ്ടും രണ്ടാണ്.

ശ്രീ. ടി. വാഹിദ് : വീരപാണ്ഡ്യ കട്ടബൊമ്മൻ ഇതുപോൽ കാവു ചെയ്കയ്യാ ആണ്ടവ. വീരമുള്ളവൻ. വെള്ളക്കാരനോടു പോരാടിയ ഒരു ആൾ. ആനാൽ നമ്മുടെ മന്ത്രിയി കാര്യമുൽ അപ്പടിയല്ല. വെള്ളത്തിൻ മേൽ വൊൾമെയെ അടിക്കുകയ്യാ ഒരു ആൾ.

ശ്രീ. വർക്കല രാധാകൃഷ്ണൻ : ഞാൻ അതൊന്നും പറഞ്ഞില്ല. ഗംഗാധരൻ ധീരനാണെന്നാണ് എന്റെ ഇപ്പോഴത്തെ അഭിപ്രായം. ഞാൻ കട്ടബൊമ്മന്റെ കഥ പറയാൻ കാരണം കട്ടബൊമ്മൻ എല്ലാ കാര്യത്തിലും കൈയടിച്ച് അങ്ങ് ഇരുത്തും. അതുപോലെതന്നെ ഗംഗാധരനോട് എന്തു പറഞ്ഞാലും ഒരു ഇരിപ്പാണ്. അതുകൊണ്ടാണ് ഞാൻ ഇത് പറഞ്ഞത്. അതുപോലെയുള്ള ഗംഗാധരനെ ഇക്കാര്യത്തിൽ സഹായിക്കുന്ന ആളുകളെക്കുറിച്ച് ആലോചിച്ചപ്പോൾ എനിക്ക് ഓർമ്മ വരുന്നത് പാതാളഭൈരവിയുടെ കഥയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : പാതാള ഭൈരവി തമിഴ് ചിത്രമല്ല. തെലുങ്ക് ചിത്രമാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ : കട്ടബൊമ്മനും പാതാളഭൈരവിയും കൂടി കൊണ്ടുവന്ന അല്ലെങ്കിൽ അവരുടെ ചുമതലയിൽ കൊണ്ടുവന്ന ഒരു ജാര സന്തതിയാണ് വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ ബിൽ. സാധാരണയായി മന്ത്രിമാർക്ക് പോർട്ട് ഫാളിയ നിശ്ചയിക്കാറുണ്ട്. ചീഫ് മിനിസ്റ്റർ ചീഫ് മിനിസ്റ്ററാണ്. ശ്രീ. ആർ. ബാലകൃഷ്ണപിള്ള മിനിസ്റ്റർ ഫോർ ഇലക്ട്രിസിറ്റി അതുപോലെതന്നെയാണ് മറ്റ് മന്ത്രിമാരുടേയും പോർട്ട് ഫാളിയകൾ. ശ്രീ ഗംഗാധരൻ ഇതിന്റെ ചെയർമാനാണ്. അപ്പോൾ ഗംഗാധരന്റെ പോർട്ട് ഫാളിയോ മാറ്റണം. ഗംഗാധരൻ മിനിസ്റ്റർ ഫോർ വേസ്റ്റ്. ഒരു വേസ്റ്റ് മന്ത്രി നമുക്കുണ്ടല്ലോ എന്നൊരു സന്തോഷമുണ്ട്. ഇതെല്ലാം കൂടി എന്റെ മനസിൽ വരുകയാണ്. ഈ ബിൽ കൊണ്ടുവരുന്നതിന് അദ്ദേഹം തെരഞ്ഞെടുത്ത സമയമാണെങ്കിലോ ബുദ്ധിപൂർവ്വമാണ്. ഗംഗാധരന് ബുദ്ധിയില്ലെന്ന് ഞാൻ പറയുകയില്ല. ഈ ബിൽ ഇവിടെ കൊണ്ടുവന്നത് ബുദ്ധിപൂർവ്വമായിട്ടാണ്. കാരണം നമ്മുടെ നാട്ടിൽ ഒരു കഥയുണ്ട്. അമ്പലങ്ങളിൽ ഉൽസവം നടക്കുമ്പോൾ ആളുകളെല്ലാം വളരെ ഗംഭീരമായി ഉൽസവം കാണും. തിരുവനന്തപുരത്തെ ആളുകൾ വെള്ളക്കരം കൊടുത്തു മുടിയുന്നു. ജനങ്ങൾ കഷ്ടപ്പെടുന്നു. അമ്പലങ്ങളിൽ ഉൽസവം നടക്കുമ്പോൾ കാണാൻ ചെല്ലുന്ന ആളുകളുടെ ശ്രദ്ധ മുഴുവൻ ആനയിലും വിഗ്രഹത്തിലും നാദസ്വരത്തിലും മറ്റുമൊക്കെയായിരിക്കും. അതിനിടയിൽ ചില വിരുതൻമാർ, കേരള കോൺഗ്രസ് മാതൃകയിലുള്ള ആളുകൾ ഒരു പരിപാടി ഇടും .ആന വിരണ്ടേ എന്നു വിളിക്കും. ഈ മന്ത്രിസഭയിലും കൂടെക്കൂടെ ആനവിരട്ടൽ പരിപാടി കേരള കോൺഗ്രസുകാർ നടത്തുന്നുണ്ട്. അതിന്റെ പിന്നിലുള്ള ഉദ്ദേശം ജനങ്ങളുടെ ശ്രദ്ധ തിരിച്ചു വിടാൻ വേണ്ടിയാണ്. ഈ ആനവിരട്ടൽ പരിപാടി കേരള കോൺഗ്രസുകാർ നടത്തുമ്പോൾ അതിന്റെ പിന്നിൽ പോക്കറ്റടിയും പിടിച്ചുപറിയും പൂർണ്ണമായി നടത്തിയിരിക്കും. അങ്ങനെ ആനവിരട്ടൽ സമയത്താണ് ജനങ്ങളുടെ കണ്ണിൽ മണ്ണിടാൻ വേണ്ടി വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ചെയർമാനായ അഭിനവ കട്ടബൊമ്മൻ ഗംഗാധരൻ ഈ ബില്ലുമായി വന്നിരിക്കുന്നത്.

ശ്രീ. ടി. ശിവദാസ: ബഹുമാനപ്പെട്ട സ്പീക്കറും ഈ പ്രമേയത്തിനു എതിരായ അഭിപ്രായമുള്ള മെമ്പർമാരും ഉണ്ടല്ലോ. അവരുടെ അഭിപ്രായങ്ങൾ കൂടി കേൾക്കണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

(ബഹളം)

മി. സ്പീക്കർ : ഓർഡർ, ഓർഡർ. ബഹുമാനപ്പെട്ട മെമ്പർക്ക് പ്രസംഗം അടുത്ത ദിവസം തുടരാവുന്നതാണ്.

LIBRARY ARCHIVES, Kerala Legislative Assembly

ഇന്ന് ചോദ്യോത്തരവേളയിൽ ബഹുമാനപ്പെട്ട സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നതിനിടയിൽ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവിന്റെ ഭാഗത്തുനിന്നുണ്ടായ പരാമർശം രേഖയിൽനിന്ന് നീക്കം ചെയ്യുന്നതാണ്.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1985 സെപ്റ്റംബർ 13—ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1.30-ന് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly